"ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ"

Kshatra Sandesam
Quarterly News Magazine of
Kshatriya Kshema Sabha
October - December 2009
Me 1185 Thulam - Dhanu
Volume 9 Issue 4

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ഒക്ടോബർ - ഡിസംബർ 2009
1185 തുലാം - ധനു
വാല്യം 9, ലക്കം 4

# ക്ഷാത്രസന്ദേശം

## വിഷയവിവരം

പത്രാധിപക്കുറിപ്പ് ..... 1
വായനക്കാരുടെ കത്തുകൾ ..... 2
മഹിളാരത്നങ്ങൾ
**മങ്കുത്തമ്പുരാൻ** ..... 3
Sanskrit - Its Power and Glory ..... 5
**Dr. K.P. Rajappan**
കൊടുങ്ങല്ലൂർ രാജവംശം ..... 7
**വിദ്വാന്മാരും വിദുഷികളും**
ഒരു ഗൃഹപ്രവേശശ്ലോകം ..... 10
**ആർ. ശശിധരവർമ്മ**
കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ
കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ ... 11
**ഡോ. ബി.ആർ.ആർ. വർമ്മ**
വേണാട് (തിരുവിതാംകൂർ രാജവംശം) ..... 13
**ഡോ. ആർ.പി. രാജാ**
മലയാളത്തിന്റെ മഹാപ്രതിഭ ..... 16
**ആർ. ശ്രീലതാ വർമ**
എന്റെ പാട്ട് ടീച്ചർ ..... 18
**ഹൈമവതി വർമ്മ**
ആഞ്ജനേയസ്തോത്രം ..... 22
**ചെന്നിത്തല രാജരാജവർമ്മ**
ശ്രീധർമ്മശാസ്താ അക്ഷരമാലാസ്തോത്രം ..... 22
**പി.സി. കുമാരി തമ്പുരാട്ടി**
എന്റെ ഗ്രാമം ..... 20
**കെ. ഹരികൃഷ്ണവർമ്മ**
സ്മരണാഞ്ജലി ..... 23
**ഡോ. വി.എസ് . ശർമ**
ജ്വരം (കഥ) ..... 25
**മനോജ് വർമ്മ**
എന്റെ ഗ്രാമം ..... 26
**ഗോപു വൈദ്യർ**
സമ്പൂർണ്ണ വൈദ്യം ..... 28
**ഡോ. എം.എസ്. വല്യത്താൻ**
ബാലവേദി ..... 29
പുസ്തകജാലകം ..... 30
വാർത്തകൾ - വിശേഷങ്ങൾ ..... 31
വൈവാഹികം ..... 35

**പത്രാധിപക്കുറിപ്പ്**

## വിലക്കയറ്റം നിയന്ത്രണാതീതം

അവശ്യസാധനങ്ങളുടെ വില ഇതിനു മുമ്പൊരിക്കലുണ്ടായിട്ടില്ലാത്തവിധം കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. അരി, പഞ്ചസാര, ഭക്ഷ്യധാന്യങ്ങൾ, പച്ചക്കറികൾ എന്നിവയ്ക്കെല്ലാം വൻതോതിലാണ് വില വർദ്ധിച്ചിരിക്കുന്നത്. സർക്കാരിന്റെ നിയന്ത്രണങ്ങൾക്ക് വിധേയമല്ലാത്തവിധത്തിൽ കമ്പോളത്തിൽ അവശ്യസാധനങ്ങൾക്ക് വില വർദ്ധിക്കുമ്പോൾ പാവപ്പെട്ടവരുടെയും മധ്യവർത്തികളായ സാധാരണക്കാരുടെയും കാര്യം ഏറെ ദുരിതപൂർണ്ണമാകുകയാണ്. ഇത് ഒരു താൽക്കാലികസ്ഥിതിവിശേഷമാണോ അതോ ഇപ്പോഴത്തെ സ്ഥിതി തുടർന്നുകൊണ്ടിരിക്കുമോ ഒന്നും പ്രവചിക്കുക സാധ്യമല്ല. പാലിന്റെ വില വർഷത്തിൽ ചുരുങ്ങിയത് രണ്ടു പ്രാവശ്യമെങ്കിലും വർദ്ധിപ്പിക്കണമെന്നതാണ് 'മിൽമ'യുടെ നയം. ഒരു സമീകൃതാഹാരമെന്ന നിലയ്ക്ക് പാൽ ഒരു അവശ്യപാനീയമാണ്; എന്നാൽ ഇന്ന് അതൊരു ആഡംബരപാനീയമായി മാറിയിരിക്കുന്നു. രണ്ടുനേരം പാല് ചേർത്ത് ചായയോ കാപ്പിയോ കഴിക്കുന്നവർ അത് ഒരു നേരത്തെക്കാക്കി ചുരുക്കാൻ തയ്യാറായേക്കാം. എന്നാൽ കുഞ്ഞുങ്ങൾക്ക് പാല് കൊടുക്കുന്നത് കുറയ്ക്കാൻ പറ്റുകയില്ലല്ലോ. ഇതര സംസ്ഥാനങ്ങളായ കർണ്ണാടകത്തിലും തമിഴ്നാട്ടിലും കൊഴുപ്പ് കുറഞ്ഞ പാൽ ലിറ്ററിന് 14 മുതൽ 18 രൂപവരെ മാത്രം വിലയുള്ളപ്പോൾ ഇവിടെ കൊഴുപ്പ് മാറ്റിയ പാൽ ലിറ്ററിന് 20 രൂപയ്ക്കാണ് ഉപഭോക്താവിന് ലഭിക്കുന്നത്. അതിപ്പോൾ വീണ്ടും വർദ്ധിപ്പിക്കാനുള്ള ആലോചനയാണെന്നു കേൾക്കുന്നു. ഇങ്ങിനെ പോയാൽ ജനങ്ങൾ പാൽ ഉപേക്ഷിക്കേണ്ടിവരുമെന്നാണു തോന്നുന്നത്. ഒരു കാര്യം തീർച്ച, പാലെന്നല്ല, ഏത് നിത്യോപയോഗ സാധനമായാലും ഉപഭോക്താക്കൾ സംഘടിച്ചാൽ വില ഒരു പരിധിവരെ പിടിച്ചുനിർത്താൻ സാധിക്കും എന്നതിൽ സംശയമില്ല. ആവശ്യം കൂടുമ്പോഴാണല്ലോ വിലയും കൂടുന്നത്. കുടുംബബജറ്റിലൊതുങ്ങി നിൽക്കത്തക്കവണ്ണം സാധനങ്ങൾ വാങ്ങുന്നതിന്റെ അളവ് നിയന്ത്രിക്കുക. പാലിന്റെയും പഞ്ചസാരയുടെയും പച്ചക്കറികളുടെയും വില ഒരു പരിധിവരെ പിടിച്ചുനിർത്താൻ ഉപഭോക്താക്കൾ ആത്മാർത്ഥമായി സഹകരിച്ചാൽ സാധിക്കും.

പത്രാധിപ സമിതി
എം. രവിവർമ്മ രാജാ
*മുഖ്യപത്രാധിപർ*

ഡോ. എഴുമറ്റൂർ രാജരാജവർമ്മ
പി. രവിവർമ്മ (ദിനേശ്)
ജി രാമവർമ്മ

ടി.എൻ. ആദിത്യവർമ്മ തമ്പാൻ
ആർ. കിഷോർ കുമാർ വർമ്മ

ഓഫീസ് നിർവഹണം : എ. ഉദയവർമ്മ, ആർ. രാജരാജവർമ്മ, വത്സലാരവിവർമ്മ
മുഖചിത്രം : 'സംഗീതസമ്പൂർണ്ണ' മങ്കുത്തമ്പുരാൻ

# വായനക്കാരുടെ കത്തുകൾ




## ദത്ത്

ജൂലായ് – സെപ്റ്റംബർ ക്ഷാത്രസന്ദേശത്തിൽ, അഷ്ടമീ പ്രബന്ധം പരിഭാഷപ്പെടുത്തിയ അംബാദേവിതമ്പുരാട്ടിയുടെ പൂർവ്വികർ കോട്ടയം കേരളവർമ്മരാജാവിന്റെ കുടുംബത്തിൽപ്പെട്ടവരായിരുന്നു എന്ന് ഡോക്ടർ വി. എസ്. ശർമ്മ രേഖപ്പെടുത്തിക്കാണുന്നു. ഇതു വിശ്വസനീയമായി തോന്നുന്നില്ല. എ.സി. കേരളവർമ്മ കോയിത്തമ്പുരാൻ അഷ്ടമീപ്രബന്ധം പരിഭാഷ പ്രസിദ്ധീകരിച്ചത് കൊല്ലവർഷം 1109 ലാണ്. കൊല്ലവർഷം 1.1.1138ലെ കുറിപ്പോടെ അദ്ദേഹം പ്രസിദ്ധീകരിച്ച 'ലക്ഷ്മീപുരം' എന്ന പുസ്തകത്തിൽ 7–ാം പേജിൽ, കൊല്ലവർഷം 965 മീനമാസത്തിൽ പരപ്പനാട്ടു നിന്നും അഭയം തേടിവന്നവരെ, തിരുവിതാംകൂർ മഹാരാജാവ് ചങ്ങനാശ്ശേരി നീരാഴിക്കെട്ടിൽ താമസിപ്പിച്ചതായി പറയുന്നു. പ്രസ്തുത പുസ്തകത്തിലെ 12–ാം പേജിൽ, പരപ്പനാട്ടു വല്യകോവിലകത്തെ അംഗങ്ങളെ ടിപ്പു പിടിച്ച് പാളയത്തിൽ താമസിപ്പിച്ച ശേഷം കൊല്ലവർഷം 967–ാമാണ്ടിൽ വിട്ടയച്ചതായും, അവരിൽ ചിലർ പഴശ്ശികോവിലകത്തേക്കു ദത്തു പോയതായും പറയുന്നുണ്ട്. എന്നാൽ കോട്ടയം പഴശ്ശി കോവിലകത്തുനിന്ന്, പരപ്പനാട്ടേക്കു ദത്തെടുത്തതായി പരാമർശിച്ചിട്ടില്ല.

**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**

## ഗതകാലപ്രഗത്ഭർ

കഴിഞ്ഞ ക്ഷാത്രസന്ദേശത്തിൽ 'കാവ്യാസ്വാദനം' എന്ന പംക്തിയിൽ മേൽപ്പത്തൂരിന്റ അഷ്ടമിപ്രബന്ധത്തിന് അംബാദേവിത്തമ്പുരാട്ടിയുടെ പരിഭാഷ എന്ന ലേഖനത്തിൽ ഡോ. വി.എസ്. ശർമ്മ എഴുതിയിരിക്കുന്നു:–

"കൊട്ടാരങ്ങളിൽ ജീവിച്ച വിദ്വാന്മാരും വിദുഷികളുമായ ഗതകാല പ്രഗത്ഭരുടെ രചനകളെപ്പറ്റി സമഗ്രമായ ഒരു അന്വേഷണം നടത്തുകയും പരമാവധി എണ്ണം തേടിപ്പിടിച്ച് പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ക്ഷത്രിയസമുദായത്തിൽപ്പെട്ടവർ ഇതുപോലെ എത്ര വിശിഷ്ടമായ സാഹിത്യപ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുണ്ടാവും! മൺമറഞ്ഞ എത്ര പ്രതിഭാശാലികൾ 'അസൂര്യം പശ്യ'രായി സാഹിത്യചരിത്രത്തിൽ ഇടം ലഭിച്ചോ ലഭിക്കാതെയോ പോയിരിക്കാം. ആരറിയുന്നു."

ഞാൻ തിരുവല്ല ക്ഷത്രിയക്ഷേമസഭയുടെ ത്രൈമാസികയായ 'ക്ഷാത്രധ്വനി'യിൽ പല ലക്കങ്ങളിലായി അക്ഷരമാലാക്രമത്തിൽ കേരളത്തിലെ ക്ഷത്രിയ സാഹിത്യകാരന്മാരുടെയും സാഹിത്യകാരികളുടെയും പേരുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അംബാദേവി തമ്പുരാട്ടിയുടെ പേരും ഇതിൽ ഉണ്ട്.

എവിടത്തെ അംഗം എന്നും എന്നു ജനിച്ചു എന്നും കൃതികൾ ഏതൊക്കെയെന്നും എന്നു മരിച്ചു (മരിച്ചവരെപ്പറ്റി) എന്നും ചുരുക്കി വിവരിച്ചിട്ടുണ്ട്. കൂടുതൽ ഗവേഷണം നടത്തേണ്ടവർക്ക് ഇത് വളരെ ഉപകരിക്കും.

**പി. കേരളവർമ്മ തിരുമുല്പാട്, തൃക്കാരിയൂർ**

## ക്ഷത്രിയക്ഷേമസഭ – സംസ്ഥാന ഭരണസമിതി പ്രധാന തീരുമാനങ്ങൾ

ഒക്ടോബർ 25ന് തൃപ്പൂണിത്തുറ കൊച്ചി ക്ഷത്രിയ സമാജം ഹാളിൽ ചേർന്ന രണ്ടാമത് ഭരണസമിതി യോഗം ചർച്ച ചെയ്ത വിഷയങ്ങളിന്മേൽ എടുത്ത പ്രധാന തീരുമാനങ്ങൾ.

**ക്ഷാത്രസന്ദേശം**

സർക്കുലേഷൻ വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ വിപുലമായ പരിപാടികൾ നടപ്പിലാക്കും. ഓരോ യൂണിറ്റും കുറഞ്ഞത് 500 രൂപയുടെ പരസ്യം സംഘടിപ്പിച്ച നൽകണം. പരസ്യ നിരക്കുകൾ വർദ്ധിപ്പിക്കുന്ന കാര്യം പത്രാധിപസമിതിയും സഭാ ഭാരവാഹികളും അടങ്ങുന്ന സമിതി ചർച്ച ചെയ്ത് തീരുമാനിക്കും. വരിസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം ദ്വൈമാസികയാക്കിയശേഷം തീരുമാനിക്കും. പത്രാധിപസമിതി പുനഃസംഘടിപ്പിക്കും. സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കും.

**ക്ഷാത്രജാലകം**

സഭയുടെ വെബ്സൈറ്റ് ക്ഷാത്രജാലകത്തിന് ഒരു എഡിറ്റോറിയൽ ബോർഡ് രൂപീകരിക്കും. ചാലക്കുടി യൂണിറ്റ് നിർദ്ദേശിച്ച കെ. മുരാരി, സഭയുടെ ജോ. സെക്രട്ടറി മനോജ് എന്നിവരെ എഡിറ്റോറിയൽ ബോർഡിൽ ഉൾപ്പെടുത്തും.

**പുതിയ യൂണിറ്റുകൾ**

തിരുവല്ലാ ക്ഷത്രിയസഭയുടെ അഫിലിയേഷൻ കാര്യത്തിൽ ഉടൻ തീരുമാനമുണ്ടാകുമെന്ന് സെക്രട്ടറി പ്രസ്താവിച്ചു. കോട്ടയ്ക്കൽ, മങ്കട, അയിരാഴി, കടന്നമണ്ണ കോവിലകങ്ങൾ കേന്ദ്രീകരിച്ചും കണ്ണൂർ കടത്തനാട് ഭാഗങ്ങൾ കേന്ദ്രീകരിച്ചും യൂണിറ്റുകൾ തുടങ്ങാൻ സാധ്യതയുള്ളതായി യോഗം വിലയിരുത്തി. പാലക്കാട്, കൊടുങ്ങല്ലൂർ, വെള്ളാങ്ങല്ലൂർ, എറണാകുളം ടൗൺ എന്നിവിടങ്ങളിലും യൂണിറ്റുകൾ രൂപീകരിക്കാൻ സാധ്യതയുണ്ട്. തിരുവല്ലാസഭയുടെ അഫിലിയേഷൻ കാര്യത്തിൽ തീരുമാനമായശേഷം തെക്കൻ മേഖലയിൽ യൂണിറ്റുകൾ തുടങ്ങുന്ന കാര്യം ആലോചിക്കും. പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള സാധ്യതകളെക്കുറിച്ച് മേഖലാസെക്രട്ടറിമാർ നവംബർ 30നകം റിപ്പോർട്ട് നൽകും. ശ്രീ ചന്ദ്രവർമ്മ, മനോജ് വർമ്മ, ശശികുമാർ വർമ്മ എന്നിവർ മേഖലാ സെക്രട്ടിമാർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സഹായിക്കും.

REACT ട്രസ്റ്റിന്റെ ധനസമാഹരണ ധനസഹായ പരിപാടികൾ സമയബന്ധിതമായി തയ്യാറാക്കുന്നതിന് ഭാരവാഹിക്കളോട് നിർദ്ദേശിച്ചു. ട്രസ്റ്റിന്റെ നിയമാവലിയിലെ പ്രസക്തഭാഗങ്ങൾ കൈപ്പുസ്തകമായി അച്ചടിച്ച് യൂണിറ്റുകൾക്കു നൽകുവാൻ യോഗം നിർദ്ദേശിച്ചു.

മഹിളാരത്നങ്ങൾ

# മങ്കുത്തമ്പുരാൻ – ശുദ്ധ സംഗീതത്തിന്റെ 'സ്വരരാഗസുധ'

**ആർ.വി. രാമഭദ്രൻതമ്പുരാൻ**

പോക്കുവെയിൽ വിരിച്ചിട്ട നിഴലിൽ മയങ്ങിക്കിടക്കുന്ന ചന്ദ്രവിലാസം പാലസ്സിലെ കൊച്ചുമുറ്റം; നിരവധി സംഗീത സായാഹ്നങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ള ആ മുറ്റത്തെ ഓരോ പുൽക്കൊടിയും അവിടെ നിന്നും ഉയരുന്ന 'സ്വരരാഗസുധ'യിൽ ലയിച്ച് ആനന്ദനൃത്തം ആടുന്നുണ്ടാവണം. ചായം കൊണ്ട് കാൻവാസിൽ കവിത രചിയ്ക്കുന്ന അച്ഛൻ മുരീസ് നീലകണ്ഠൻ നമ്പൂതിരിയും അമ്മ മങ്കുട്ടിതമ്പുരാനും ആണ് മങ്കുത്തമ്പുരാനെ സംഗീത ലോകത്തേയ്ക്ക് കൈപിടിച്ചുകൊണ്ടുവന്നത്. ചിത്രരചനയ്ക്ക് പുറമെ കഥകളി സംഗീതവും കൂടിയാട്ടവും അച്ഛന്റെ പ്രധാന ഹോബികളായിരുന്നു; '...സന്ധ്യാവന്ദനം കഴിഞ്ഞു വന്നാൽ പിന്നെ കുറച്ചുനേരം കഥകളിപ്പദം പാടുക അച്ഛന്റെ പതിവായിരുന്നു....' തമ്പുരാൻ ഓർത്തു. അച്ഛന്റെ അനുഗ്രഹവും പ്രോത്സാഹനവും കൃതജ്ഞതയോടെ മാത്രമേ ഓർക്കാൻ കഴിയുന്നുള്ളു......' എന്റെ സംഗീത ജീവിതത്തിൽ മറക്കാൻ പറ്റാത്ത മറ്റൊരു വ്യക്തി എന്റെ ചേച്ചിയാണ്...!' മങ്കുത്തമ്പുരാന്റെ ജ്യേഷ്ഠസഹോദരി, കുഞ്ഞിക്കാവുതമ്പുരാൻ അനുജത്തിയ്ക്കു സംഗീതത്തിന്റെ ബാലപാഠങ്ങൾ പറഞ്ഞുകൊടുക്കുക മാത്രമല്ല, തമ്പുരാൻ എവിടെ കച്ചേരിയ്ക്ക് പോകുമ്പോഴും ചേച്ചിയും കൂടെ ഉണ്ടാവും; കച്ചേരിയ്ക്ക് പിന്നിലിരുന്ന് തംബുരുവിൽ ശ്രുതി മീട്ടുന്നത് ഈ ചേച്ചിയാകും.' കളിക്കോട്ടയിലെ വിദ്യാഭ്യാസകാലം. ഇന്ന് ചരിത്രമുറങ്ങുന്ന കളിക്കോട്ട പാലസ്സ് ഒരു കാലത്ത് രാജകുടുംബത്തിലെ കുട്ടികൾക്കു മാത്രം പഠിയ്ക്കുവാനുള്ള വിദ്യാലയമായിരുന്നു. അവിടെ സംഗീതം പഠിപ്പിയ്ക്കുവാനും ഒരു അദ്ധ്യാപകനുണ്ടാവും. മങ്കുത്തമ്പുരാൻ കളിക്കോട്ടയിൽ പഠിച്ചിരുന്ന കാലത്ത് രാജകുടുംബാംഗങ്ങളെ പ്രത്യേകിച്ചും സ്ത്രീകളെ അഷ്ടപദി പഠിപ്പിയ്ക്കുവാൻ ഒരു ഭാഗവതരുണ്ടായിരുന്നുവത്രെ. 'അഷ്ടപദിഭാഗവതർ' എന്ന് പ്രസിദ്ധനായ അദ്ദേഹവും, പ്രശസ്ത മൃദംഗവിദ്വാൻ ടി.വി. ഗോപാലകൃഷ്ണന്റെ മുത്തച്ഛൻ ഗോപാലകൃഷ്ണഭാഗവതർ തുടങ്ങിയവരായിരുന്നു മങ്കുത്തമ്പുരാന്റെ ആദ്യകാല ഗുരുനാഥന്മാർ.



*ഗാനഗന്ധർവ്വൻ യേശുദാസ് മങ്കുത്തമ്പുരാന് ശ്രീപൂർണ്ണത്രയീശസഭയുടെ 'സംഗീതസമ്പൂർണ്ണ' ബഹുമതി നൽകുന്നു*

### ചെമ്പൈയും തമ്പുരാനും

സംഗീതത്തിന്റെ ബാലപാഠങ്ങൾ പകർന്നു നൽകിയ ആദ്യകാല ഗുരുനാഥന്മാരെ നന്ദിയോടെ ഓർക്കുമ്പോൾ, അവരിൽ കൂടി തമ്പുരാന്റെ മനസ്സിലേക്ക് മറ്റൊരു രൂപം തെളിഞ്ഞുവരും. കർണ്ണാടക സംഗീത ലോകത്തെ ഭീഷ്മാചാര്യനായിരുന്ന ചെമ്പൈ വൈദ്യനാഥ ഭാഗവതർ. തന്റെ സംഗീതജീവിതത്തിൽ ഒരു വഴിത്തിരിവ് ഉണ്ടാക്കിയ ആ പുണ്യാത്മാവിനെ കുറിച്ചോർക്കുമ്പോൾ തമ്പുരാൻ വീണ്ടും സപ്തസ്വരങ്ങളുടെ ബാലപാഠങ്ങൾ ഏറ്റുവാങ്ങുന്ന ഒരു കൊച്ചുകുട്ടിയായി മാറുകയാകാം. 'ഏകദേശം എട്ടൊമ്പതു വയസ്സ് പ്രായം, അച്ഛനും ചേച്ചിയും മറ്റും സംഗീതലോകത്ത് ഇരു കരങ്ങളും പിടിച്ച് പിച്ചവച്ചു നടത്തിയിരുന്ന ആ കാലത്താണ് ഭാഗവതരെ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും.' ഭക്തിയും ആദരവും മുറ്റിനിന്ന വാക്കുകൾ...! ഈ കൂടിക്കാഴ്ച മങ്കുത്തമ്പുരാനെ സംബന്ധിച്ചിടത്തോളം ഒരു സംഗീതയാത്രയുടെ, അതിലുപരി ഒരു നീണ്ട സംഗീത തപസ്യയുടെ തുടക്കമായിരുന്നു. തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിലെ വൃശ്ചികോത്സവത്തിന് വലിയ വിളക്ക് ദിവസം എല്ലാ വർഷവും ചെമ്പൈ ഭാഗവതരുടെ കച്ചേരി പതിവായിരുന്നു. ഭാഗവതർ മാത്രമല്ല, കച്ചേരിയ്ക്കു വരുന്ന മറ്റു സംഗീതജ്ഞരും പക്കവാദ്യക്കാരും മേള വിദഗ്ദ്ധരും തമ്പുരാന്റെ കോവിലകത്ത് സമ്മേളിയ്ക്കുക പതിവായിരുന്നു. സംഗീതജ്ഞരുടേയും മറ്റും സംഗമസ്ഥാനമായി മാറും ചന്ദ്രവിലാസം കോവി

ലകം. സമയം കിട്ടുമ്പോഴെല്ലാം തൃപ്പൂണിത്തുറയിൽ വന്ന് മൂന്നും നാലും ദിവസം, ചിലപ്പോൾ ഒരാഴ്ചയോളം കോവിലകത്ത് താമസിച്ച് ഭാഗവതർ തമ്പുരാനെ പാട്ടു പഠിപ്പിയ്ക്കും. പാട്ടുകൾ എഴുതിക്കൊടുത്ത് പഠിപ്പിക്കുന്ന രീതി ഭാഗവതർക്കില്ലായിരുന്നു. അദ്ദേഹത്തിന്റെ അനുജൻ സുബ്രഹ്മണ്യഭാഗവതരും (ചുപ്പാമണി ഭാഗവതർ) ഇടയ്ക്കിടെ വന്ന് തമ്പുരാനെ പഠിപ്പിയ്ക്കാറുണ്ട്.

**പൊതുവേദിയിൽ**

1939–ൽ ആണ് മങ്കുത്തമ്പുരാൻ ആദ്യമായി പൊതുവേദിയിൽ പാടുന്നത്. മദിരാശി റേഡിയോ നിലയത്തിനുവേണ്ടിയായിരുന്നു അത്. തിരു–കൊച്ചി സംയോജനം കഴിയാത്തതുകൊണ്ട്, പുറമേയ്ക്ക് പോകണമെങ്കിൽ മഹാരാജാവിന്റെ അനുമതി വേണമെന്നതിനാൽ നിലയക്കാർ തമ്പുരാന്റെ വസതിയിൽ വന്ന് റിക്കാർഡ് ചെയ്യുകയാണുണ്ടായത്. എന്നാൽ ആ വർഷം തന്നെ മദ്രാസ് മ്യൂസിക് അക്കാദമിയിലും അവിടത്തെ സംഗീതസഭയിലും തമ്പുരാൻ പാടുകയുണ്ടായി. കലാപരിപോഷകനും ഒരു സഹൃദയനുമായ, ധാർമിക ചക്രവർത്തി എന്ന അപരനാമത്തിൽ പ്രസിദ്ധനായ തമ്പുരാന്റെ അമ്മാമൻ കൂടിയായ ചൊവ്വര തീപ്പെട്ട തമ്പുരാനായിരുന്നു അന്നത്തെ കൊച്ചിമഹാരാജാവ്. അദ്ദേഹത്തിന്റെ അനുഗ്രഹാശിസ്സുകളോടെയാണ് മങ്കുത്തമ്പുരാൻ മദിരാശിയ്ക്ക് പോയത്. ആ വർഷം മദ്രാസ്സിൽ സഭയുടെ സീസൺ ആരംഭിച്ചത് തമ്പുരാന്റെ കച്ചേരിയോടെയായിരുന്നു. ആ കാലത്ത് തമ്പുരാന്റെ കച്ചേരികളില്ലാത്ത ആഘോഷങ്ങൾ, ഉത്സവങ്ങളായാലും, സഭകളായാലും വിരളമായിരുന്നു. കോഴിക്കോട് ആകാശവാണി നിലയത്തിന്റെ ഉൽഘാടനം തമ്പുരാന്റെ കച്ചേരിയോടുകൂടിയായിരുന്നു. സമസ്ത കേരളസാഹിത്യ പരിഷത്തിന്റെ പതിനാറാം വാർഷികത്തോടനുബന്ധിച്ച് എറണാകുളം മഹാരാജാസ് കോളേജിൽ വച്ച് നടത്തപ്പെട്ട കച്ചേരി തമ്പുരാന്റെ മനസ്സിൽ ഇന്നും മായാതെ നിൽക്കുന്നു.



*ഇടത്തുനിന്ന്: വേണുനായ്ക്കർ (മൃദംഗം), മങ്കുത്തമ്പുരാൻ, കുഞ്ഞിക്കാവ് തമ്പുരാൻ, സേതുരാമയ്യ (വയലിൻ) ചെമ്പൈ*

**പുരസ്കാരങ്ങൾ**

തൃപ്പൂണിത്തുറ രാധാലക്ഷ്മി വിലാസം സ്കൂളിന്റെ ഉത്ഘാടനത്തിന്, പ്രസിദ്ധ വിഷവൈദ്യനായിരുന്ന മിടുക്കൻ തമ്പുരാന്റെ പത്നി കരിമ്പറ്റ ലക്ഷ്മി നേത്യാരമ്മയുടെ നേതൃത്വത്തിൽ നടന്ന കച്ചേരി തമ്പുരാന് ഒരിക്കലും മറക്കാൻ പറ്റാത്ത അനുഭവമത്രെ. 'സംഗീതവിദുഷി' എന്ന സ്ഥാനം ലഭിക്കുന്നത് ആ വേദിയിൽ വച്ചാണ്. മങ്കുത്തമ്പുരാന്റെ സംഗീതജീവിതത്തിലെ ഒരു അനർഘനിമിഷം! നിരവധി സ്ഥാനമാനങ്ങളും പുരസ്കാരങ്ങളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ടെങ്കിലും മദിരാശി മ്യൂസിക് അക്കാദമിയിൽ നിന്നും ലഭിച്ച 'തംബുരു' തമ്പുരാൻ ഒരുനിധി പോലെ കാത്തു സൂക്ഷിക്കുന്നു. കച്ചേരികൾക്കൊന്നും പ്രതിഫലം വാങ്ങാറില്ലെന്നതും തമ്പുരാന്റെ ഒരു പ്രത്യേകതയാണ്. 1972 ലാണ് കേരള സംഗീത നാടക അക്കാദമി തമ്പുരാനെ ഫെല്ലോഷിപ്പ് നൽകി ആദരിക്കുന്നത്. തമ്പുരാന്റെ ഗുരുവായ ഭാഗവതരുടെ മറ്റൊരു പ്രിയശിഷ്യനായ, ഗാനഗന്ധർവ്വൻ യേശുദാസായിരുന്നു അന്ന് അക്കാദമി അദ്ധ്യക്ഷൻ. മാത്രമല്ല, നടന ചക്രവർത്തി ഗുരുഗോപിനാഥിനും, ഗുരുനാഥനായ ചെമ്പൈയ്ക്കും ഫെല്ലോഷിപ്പ് ലഭിക്കുന്നതും ഈ വർഷം തന്നെയാണ് എന്നതും ഒരു ദൈവനിയോഗമാകാം. 1957–ൽ കേരള സംഗീതനാടക അക്കാദമി ആരംഭിച്ചപ്പോൾ തമ്പുരാനായിരുന്നു അക്കാദമിയുടെ പ്രഥമ അദ്ധ്യക്ഷ. തമ്പുരാന്റെ അമ്മയുടെ ഷഷ്ടിപൂർത്തിയോടനുബന്ധിച്ച് കോവിലകത്തു വച്ചു നടത്തിയ ഭാഗവതരുടെ കച്ചേരിയും തമ്പുരാന്റെ മനസ്സിൽ എന്നും നിറഞ്ഞു നില്ക്കും. അന്ന് പക്കം വായിച്ചത്, തന്റെ ഫിഡിലിന്റെ തന്ത്രികളിൽ കൂടി ലക്ഷക്കണക്കിന് ആസ്വാദകരുടെ മനം കവർന്ന വയലിൻ വിദ്വാൻ ചൗഡയ്യയും, മാന്ത്രിക വിരലുകൾ കൊണ്ട് മൃദംഗത്തിൽ ലയതാളങ്ങൾ നെയ്തെടുത്ത മൃദംഗ ചക്രവർത്തി പാലക്കാട് മണിയും, ശ്രുതി മീട്ടിയത് സംഗീത ലോകത്ത് മാത്രമല്ല ജീവിതത്തിൽ തന്നെ തമ്പുരാന്റെ എല്ലാമായിരുന്ന പ്രിയപ്പെട്ട ചേച്ചിയുമായിരുന്നു. മാവേലിക്കര കൃഷ്ണൻകുട്ടിനായരും ചാലക്കുടി നാരായണസ്വാമിയും ആണ് തമ്പുരാന്റെ കച്ചേരികൾക്ക് അധികവും പക്കം വായിച്ചിട്ടുള്ളത്. പ്രശസ്തനായ ഗുരുനാഥന്റെ 'ബാണി' (ശൈലി) നിലനിർത്തുന്ന തമ്പുരാന് ഏറ്റവും ഇഷ്ടപ്പെട്ട രാഗം 'ശങ്കരാഭരണ'മാണെന്ന് ഒരിയ്ക്കൽ ഒരു സൗഹൃദ ഭാഷണത്തിൽ പറയുകയുണ്ടായി. 'സംഗീത സമ്പൂർണ്ണ' ബഹുമതി നല്കി തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ സംഗീതസഭയും തമ്പുരാനെ ആദരിയ്ക്കുക ഉണ്ടായി. തമ്പുരാന്റെ വസതിയിൽ വച്ചുനടന്ന ചടങ്ങിൽ ഗാനഗന്ധർവ്വൻ യേശുദാസ് തന്നെയാണ് ഈ ബഹുമതി തമ്പുരാന് നല്കിയത്. ഇന്ന് തൊണ്ണൂറ്റി ആറ് വയസ്സ് പിന്നിട്ട, കൊച്ചി രാജകുടുംബത്തിലെ വലിയമ്മത്തമ്പുരാൻ കൂടിയായ മങ്കുത്തമ്പുരാന്, ഏഴെട്ടു വർഷങ്ങൾക്കു

*ശേഷം പേജ് 6–ൽ*

(ശാസ്ത്രലേഖന പരമ്പര- XV)

# Sanskrit - Its Power and Glory

Dr. K.P. Rajappan

Around 5th century B.C. the celebrated author Pāṇini made a systematic study of the above and put them together into a single system of grammar. His famous work known a Aṣṭādhyāyī has been universally acclaimed as the first and foremost specimen of Descriptive grammar that stood the test of time through the ages. It is the greatest manifestation of human intelligence. During the 1000 years that followed, a great deal of fervent grammatical research took place and culminated in the seminal work, Vākyapadīya by Bhartṛhari in the 5th century A.D. that laid the foundations for modern Information Theory. Not much significant work in this area was done until the 16th century when Koṇda Bhaṭṭa's Vaiyakāraṇabhusanaśara appeared. This was the beginning of a new generation of gra mmarians who not only elucidated but tried to improve upon Panini's work. The 18th century gra mmarian Nāgeśa Bhaṭṭa stands at the end of a long tradition of investigation. His work Vaiyakāraṇa-siddhānta-mañjūṣa is a masterpiece on Sanskrit grammar. Perhaps the advent of the British rule in India and the introduction of western methods of language analysis might have slowed down the pace of research work on the traditional lines. However, there has been a renewed interest recently; at least a serious attempt to interpret the work of earlier grammarians on modern lines. This is in connection with the application of these in Artificial Intelligence used in modern super computers.

The achievements reflected in Sankrit literature cover all the fields of art and creative sensibility. The Kamika Āgama, Vāstu Tantra, Śilpasāstrasaṅgraha and Mānasāra give detailed notes on architecture. Town planning, laying out the gardens, constructing market places, roads, bridges, tanks and drainage are all dealt with in minute technical detail. The architect is advised to take note of atmospheric condition, the nature of the soil and the gradient of the terrain.

Equally great is the contri bution in sculpture. Mohanjodaro, Bhrhut Elephanta, and the Nataraja of Chidambaram are monuments to the Indian aesthe tics and symbolism and the art of carving. Ajanta and Ellora and the Rajput miniatures are too well-known to require enumeration.

In the field of music there is a rich collection of Sanskrit texts. The foundations of the musical tradition was laid in Sāmaveda. Bharata's Nāṭya Sāstra, Narada's Saṅgīta Makaranda, Sarangdeva's Saṅgīta Ratnāvalī, are classical texts that continue to inspire the musicologists. The time-sequence as developed in the 72 melakartas is a challenge to western musicologists even today.

Thus it will be seen that Sanskrit literature left untouched no aspect of human activity, and touched nothing that it did not adorn. Even the brief bird's eye-view we have attempted in this survey of the achievements of Sanskrit must convince us that the potentialities of the language are immense, and fully adequate to meet the demands of the modern age. It has been claimed by top researchers in electronics that for programming the computers no language serves so well as Devānagarī. Progra mming requires ingenious manipulation of symbol and the genius of Sanskrit fits the bill marvellously. The computer language is a universal language over-riding national boundaries and it follows that it is the universalism of the approach of Sanskrit that enables it to meet the requirements of the insatiable computer. It is not parochial

patriotism but scientific veracity that acclaims Sanskrit as the most acceptable language for the most advanced scientific technology.

Science grows through the proliferation of new ideas, and Sanskrit with its quality of Dhvani, helps enormously in the efflorescence of new concepts. The refinements of Sanskrit make for the projection of the subtlest notion. In the frontiers of science, the pioneers can do better with a little Sanskrit training. Some of our top nuclear scientists like Homi Babha, Vikram Sarabhai and Raja Ramanna have publicly ack nowledged the debt they owe to Sanskrit training for their cerebration.

Nevertheless let us not discard the English language. If India has been able to produce many giants in the scientific and technical field today, the credit must go to English which is factually a window on the world. If English is supplemented by Sanskrit in the educational pattern, the dividend will be much richer.

In the West they talk of two cultures - Science and Humanity, and the two branches of knowledge are oriented in different directions. Sanskrit makes no distinction between science and art. Everything for it is science laced with art. It is so daring that no field of thinking and doing is vetoed by it. It may be of interest to know that there are texts on the science and art of thieving! It is a fine psy cho logical analysis of the mind of the professional criminal.

Finally, it is not accident that National Aeronautic and Space Administration (NASA), the most advanced Research Centre in the U.S.A., has acknowledged that Sanskrit is the most perfect language for computer progra mming. It is indeed remarkable that the ancient Sanskrit texts with their spacious imagination, their deep insight and spirit of exploration etc., make the world's most ancient books in Sanskrit most modern. ●

*മഹിളാരത്നങ്ങൾ തുടർച്ച.......*



*മങ്കുത്തമ്പുരാൻ, കുഞ്ഞിക്കാവു തമ്പുരാൻ, പാലക്കാട് മണിഅയ്യർ, ചൗഡയ്യ എന്നിവർക്കൊപ്പം*

മുമ്പ് നവതിയുടെ നിറവിൽ പൂർണ്ണത്രയീശന്റെ പേരിലുള്ള സംഗീതസഭയുടെ ആദരം നല്കുവാനായി യേശുദാസ് കോവിലകത്തെത്തിയപ്പോൾ, കർണ്ണാടക സംഗീത ചക്രവർത്തിയുടെ ശിഷ്യപരമ്പരയിലെ രണ്ടു തലമുറകളുടെ സംഗമം കൂടിയായി. യേശുദാസിന്റെ കൈകളിൽ നിന്നും ബഹുമതിപ്പത്രം ആ നാദോപാസക ഏറ്റുവാങ്ങുമ്പോൾ, തന്റെ പ്രിയ ശിഷ്യരുടെ കൂടിക്കാഴ്ചയ്ക്ക് സാക്ഷ്യം വഹിയ്ക്കാനും, അനുഗ്രഹിയ്ക്കാനും ഗുരുവായ ഭാഗവതരുടെ അദൃശ്യസാന്നിദ്ധ്യം അവിടെ ഉണ്ടായിരുന്നിരിക്കാം. സംഗീതം ഒരു തപസ്യയാക്കിയ, ഉപാസനാ മാർഗ്ഗമായിക്കണ്ട മങ്കുത്തമ്പുരാൻ, ഇളംതലമുറയിൽപ്പെട്ട സംഗീതജ്ഞരോടും പലപ്പോഴായി പറയാറുള്ളതും മറ്റൊന്നല്ല. സംഗീതത്തെ ഭക്തിയോടെ ഉപാസിയ്ക്കുക... പ്രായാധിക്യം കൊണ്ടുള്ള പരിമിതികളും, ഏറെ ഓർമ്മക്കുറവുമൊക്കെ ഉണ്ടെങ്കിലും, ആ കോവിലകത്തു ചെല്ലുന്ന ആർക്കും, ആ നാദോപാസകയുടെ സാന്നിദ്ധ്യത്തിൽ, തമ്പുരാന് ഏറെ പ്രിയപ്പെട്ട 'ശങ്കരാഭാരണ'ത്തിലെ പ്രശസ്തമായ ത്യാഗരാജകീർത്തനം 'സ്വരരാഗസുധ' ഒഴുകിയെത്തുന്നതായി അനുഭവപ്പെടും.

'മങ്കുത്തമ്പുരാന് ഗാനാലാപം ആത്മാർപ്പണമാണ്. ഇത്രയും ആത്മാർത്ഥമായ കലോപാസന അധികം കാണാറില്ല. അക്കാദമിയുടെ ബഹുമതിപ്പത്രത്തിലെ വാക്കുകൾ, സംഗീത സമ്പൂർണ്ണയായ മങ്കുത്തമ്പുരാനെ സംബന്ധിച്ചിടത്തോളം എത്ര അന്വർത്ഥമാണ്....! ●

കേരളത്തിലെ രാജവംശങ്ങൾ

# കൊടുങ്ങല്ലൂർ രാജവംശം
## (ആറാം ഭാഗം)
# വിദ്വാന്മാരും വിദുഷികളും

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ

**10) ഇക്കാവു തമ്പുരാട്ടി മകൻ കൊച്ചുണ്ണി തമ്പുരാൻ**

കൊല്ലവർഷം 1033 മീനമാസം 17–ാം തീയതി ഉത്രംനാളിൽ ജനിച്ചു. കൊ.വ. 1101 കർക്കിടകം 12നു മരണം. അച്ഛൻ പൂരാടത്തു ശങ്കരൻ നമ്പൂതിരി. ഭാര്യ ശൃംഗപുരം ശിവ ക്ഷേത്രത്തിന് പടിഞ്ഞാറുള്ള കോത്തോള്ളിൽ നായർ തറവാട്ടിൽ, അച്യുതമേനോന്റെ സഹോദരി ജാനകിയമ്മ.

വ്യാകരണ വിശാരദനായ കുഞ്ഞൻതമ്പുരാന്റെ അനുജനാണിദ്ദേഹം. ചെറിയ കൊച്ചുണ്ണിതമ്പുരാൻ എന്നാണ് അറിയപ്പെട്ടിരുന്നത്. വിദ്വാൻ ഇളയ തമ്പുരാന്റെ കാലശേഷം കൊടുങ്ങല്ലൂർ കളരിയിലെ പ്രതിഭാശാലികളിൽ മുന്നിട്ടുനിന്നിരുന്ന ഇദ്ദേഹം, കവനം, വൈദ്യം, ജ്യോതിഷം, മാതംഗലീല, അഭിനയം, യോഗാഭ്യാസം, മർമ്മ ചികിത്സ എന്നിവയിലെല്ലാം നിപുണനായിരുന്നു.

സംസ്കൃത–കാവ്യ–നാടകാലങ്കാരാദികൾ 'ശക്രൻ' ഗോദവർമ്മ തമ്പുരാന്റെ കീഴിലാണ് പഠിച്ചു തുടങ്ങിയത്. കുറച്ചു കാലം പഠനം നടന്നപ്പോഴേക്കും ശക്രൻ തമ്പുരാൻ മരിച്ചു. അതിനാൽ അനുജൻ കുഞ്ഞുണ്ണിതമ്പുരാന്റെ കീഴിൽ പഠനം തുടർന്നു. വ്യാകരണം, കുംഭകോണം കൃഷ്ണശാസ്ത്രികളുടെ കീഴിലാണ് പഠിച്ചത്. തൈക്കാട്ട് ഇട്ടീരിമൂസിന്റെ കീഴിൽ വൈദ്യം പഠിച്ചു. മറ്റു വിഷയങ്ങൾ പഠിപ്പിച്ചവരാരെന്നറിയില്ല. ഒരുപക്ഷെ സ്വപ്രയത്നം കൊണ്ട് നേടിയതാകാം.

വൈദ്യശാസ്ത്രത്തിൽ ഇദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്, ശാമു അയ്യർ, പുത്തൻ കോവിലകത്തെ കെങ്കു തമ്പുരാട്ടി മകൻ രാമവർമ്മ തമ്പുരാൻ, ടി. കോവിലകത്തെ കൊച്ചനുജൻ തമ്പുരാൻ, ചെറിയ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, മക്കളായ കാർത്തികേയ മേനോൻ[1], കാളകണ്ഠ മേനോൻ എന്നിവർ (ശാമു അയ്യരും, കുഞ്ഞിക്കുട്ടൻ തമ്പുരാനും കുട്ടൻ ചേരി മൂസിന്റെ കീഴിൽ ഉപരിപഠനം നടത്തി.)

പുതിയേടത്ത് അച്യുതമാരാർ ഇദ്ദേഹത്തിന്റെ കീഴിൽ മർമ്മ ചികിത്സ അഭ്യസിക്കുകയുണ്ടായി. ഭാഗവതർ കുഞ്ഞുണ്ണിതമ്പുരാൻ, പട്ടിക്കാംതോടി രാവുണ്ണി മേനോൻ എന്നിവരെ രസാഭിനയം പഠിപ്പിച്ചതിദ്ദേഹമാണ്.

കോവിലകത്തുവെച്ചും, മറ്റു വേദികളിൽ വെച്ചും, ശ്ലോകങ്ങളുണ്ടാക്കി അക്ഷരശ്ലോകം ചൊല്ലുന്നതിലും, കവിതാ–നാടക രചനാ മത്സരങ്ങളിലും പങ്കെടുത്തിരുന്നു. സംസ്കൃതത്തിൽ നല്ല അവഗാഹമുണ്ടായിരുന്ന ഇദ്ദേഹം AD 1882–ൽ സ്വാമി വിവേകാനന്ദൻ കൊടുങ്ങല്ലൂർ സന്ദർശിച്ചപ്പോൾ, അദ്ദേഹവുമായി സംസ്കൃതത്തിൽ സംഭാഷണം നടത്തുകയുണ്ടായി.(Life of Vivekananda Page 326) കൊ.വ. 1094–ൽ മദിരാശിയിൽ തീപ്പെട്ട കൊച്ചി വലിയ തമ്പുരാൻ, ഇദ്ദേഹത്തിന് 'കവി സാർവ്വഭൗമൻ' എന്ന കീർത്തി മുദ്ര നല്കി. AD 1921–ൽ വെയിൽസ് രാജകുമാരൻ, ഇന്ത്യ സന്ദർശിച്ചപ്പോൾ, ഇദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ പരിഗണിച്ച്, സ്വർണ്ണ കങ്കണവും വിലയേറിയ സാൽവയും നല്കി ആദരിച്ചു.

കവി സമാജം, ഭാഷാപോഷിണി സഭ തുടങ്ങിയ സംഘടനകളിൽ ഇദ്ദേഹം പ്രവർത്തിച്ചിരുന്നു. എന്നാൽ ഇദ്ദേഹത്തിന്റെ സഹവാസം അധികവും കൊച്ചി രാജകുടുംബാംഗങ്ങളുമായിട്ടായിരുന്നതിനാൽ, കുഞ്ഞുക്കുട്ടൻ തമ്പുരാനെ പോലെ പ്രശസ്തി നേടുവാനായില്ല. കൊച്ചിയിലെ ഒഴിഞ്ഞ വലിയ തമ്പുരാന്റെ അനുജൻ കേരളവർമ്മയുമായി 10 വർഷത്തോളം സാഹിത്യ ചർച്ചകളിൽ ഏർപ്പെട്ടിരുന്നു ഇദ്ദേഹം. കൊ.വ. 1075–ൽ ആ തമ്പുരാൻ മരിച്ചപ്പോൾ വലിയ ദുഃഖിതനായി എന്നും തൃപ്പൂണിത്തുറ, എറണാകുളം, തൃശൂർ എന്നിവിടങ്ങളിൽ താമസിക്കുകയും, കാശിയിൽ പോയി ഗംഗാസ്നാനം നടത്തി, ദേവീഭജനവും, വൈദ്യശാസ്ത്ര ശിക്ഷണവും കവിതയുമായി കൊടുങ്ങല്ലൂരിൽ താമസമാക്കി എന്ന് ഉള്ളൂർ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇദ്ദേഹം നിപുണത തെളിയിച്ച സംഭവങ്ങൾ

**I കവനം**

a) കൊല്ലവർഷം 1066–ൽ തൃശൂരിൽ വെച്ചു നടന്ന ഹിന്ദു മതാചാരസംരക്ഷണ സഭയുടെ വാർഷിക യോഗത്തിൽ, ഇദ്ദേഹം അദ്ധ്യക്ഷപ്രസംഗം നടത്തിയത് പദ്യത്തിലാണ്.

b) കാളിദാസകൃതികളുടെ സാരസ്യം ചൂണ്ടിക്കാണിക്കുന്നതിൽ

*(1) ഇദ്ദേഹമാണ് മഞ്ഞപ്പിത്തത്തിന് കീഴാർനെല്ലി മരുന്നായി പ്രചാരത്തിൽ കൊണ്ടുവന്നത്.*

സമർത്ഥനായ ഇദ്ദേഹത്തോട് കൊച്ചിയിലെ കേരളവർമ്മ ഇളയ തമ്പുരാൻ ഒരിക്കൽ, 'കാളിദാസൻ ഇത്രയൊക്കെ കരുതിയിരുന്ന വ്യാഖ്യാതാക്കളുടെ മിടുക്കല്ലെ ഇതെല്ലാം" എന്നു ചോദിക്കുകയുണ്ടായി. ഇതിനു മറുപടിയായി തമ്പുരാൻ' ഞാൻ ഒരു കാവ്യം രചിക്കാം. അതിലെ ഓരോ പദ്യത്തിനും ഒന്നിലധികം അർത്ഥമുണ്ടായിരിക്കും" എന്നു പറഞ്ഞു രചിച്ച കാവ്യമാണ് 'മലയാംകൊല്ലം' ചിങ്ങം മുതൽ കർക്കിടകം വരെയുള്ള മാസങ്ങളിലെ പ്രകൃതിഭേദങ്ങൾ. തദവസരങ്ങളിൽ മനുഷ്യനും മൃഗങ്ങളും ഏർപ്പെട്ടിരുന്ന ചര്യകൾ എന്നിവയാണിതിലെ പ്രതിപാദ്യം. (അക്കാലത്ത് ഓരോ മാസത്തേയും കാലാവസ്ഥയ്ക്കും മനുഷ്യരുടേയും മൃഗങ്ങളുടെയും ചര്യകൾക്കും ഒരു സുസ്ഥിരമായ വ്യവസ്ഥയുണ്ടായിരുന്നു. കൊ.വ. 1082 ചിങ്ങം ലക്കം തൊട്ട് 'രസികരഞ്ജിനി' മാസികയുടെ ഓരോ ലക്കത്തിലും ഓരോ മാസത്തെ കുറിച്ചുള്ള ഈ കാവ്യത്തിലെ ഓരോ സർഗ്ഗം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പിന്നീടത് പുസ്തകമായും പ്രസിദ്ധീകൃതമായി. [2]

(c)കലിദിനസംഖ്യാ പ്രയോഗം

സുന്ദരകാണ്ഡം തുള്ളൽ എഴുതിത്തുടങ്ങിയ ദിവസവും, അതെഴുതി തീർത്ത ദിവസവും, കലിദിനത്തെ സൂചിപ്പിക്കുന്ന പദം കൊണ്ട്, തമ്പുരാൻ വ്യക്തമാക്കുന്നുണ്ട്. ഈ കൃതിയിൽ അവസാനം കാണുന്ന താഴെ കൊടുക്കുന്ന വരികൾ ഇതിനുദാഹരണമാണ്.

*'കില്ലില്ലിഹമേ 'സാധുതരജയ'*
*കല്യാണത്തൊടുവന്നുഭവിക്കും*
*എന്നിൽ പാരം 'മാംസളതരജയ'*
*എന്നും കലിതാദരമൊടു ചെയ്യും.*

ഇതിൽ 'സാധുതരജയ' 'മാംസളതരജയ' എന്നിവയോടു ചേർന്നുവരുന്ന 'കലി' എന്ന പദപ്രയോഗം, കലിദിനത്തെ സൂചിപ്പിക്കുന്നു. 'സാധുതരജയ' = 1826697 കലിദിനം, അതായത് കൊ.വ. 1075 ഇടവം 10 ചൊവ്വാഴ്ച രചന തുടങ്ങിയതായും, 'മാംസളതരജയ' 1826975 കലിദിനം, അതായത് കൊ.വ. 1076 കുംഭം 14 ഞായറാഴ്ച ഇത് പൂർത്തിയാക്കിയതായും, കണക്കാക്കാമെന്ന് ഈ ഗ്രന്ഥത്തിന്റെ 2–ാം പതിപ്പിന്റെ അവതരണികയിൽ, വി. ശങ്കുള്ളിക്കുട്ടൻ വെള്ളത്തീരി, പാർളിക്കാട് അഭിപ്രായപ്പെട്ടിട്ടുണ്ട്.

## II. ജ്യോതിഷം

പുത്തൻ കോവിലകത്തെ വലിയ കുഞ്ചുക്കുട്ടി ഓപ്പോൾ പറഞ്ഞ ഒരു സംഭവം

ഈ തമ്പുരാട്ടിയുടെ അമ്മാമനെ (ശ്രീചിത്തിര തിരുനാളിന്റെ ട്യൂട്ടറായി പ്രവർത്തിച്ച ആൾ) പ്രസവിച്ചപ്പോൾ, ആ സമയത്തെ ഗ്രഹനില കണക്കാക്കി 'ഇയാൾ ജീവിച്ചിരിക്കുന്ന കാലത്തോളം കോവിലകത്ത് വിദ്യ നിലനിൽക്കും' എന്നു വലിയ കൊച്ചുണ്ണിതമ്പുരാൻ പറയുകയുണ്ടായി. ഇതുകേട്ട ഉടൻ 'അമ്മാവാ, വിദ്യയൊന്നു മാറും' എന്ന് ചെറിയ കൊച്ചുണ്ണി തമ്പുരാൻ അഭിപ്രായപ്പെട്ടു. അപ്പോൾ ബുധനു നേരെയുള്ള ഒരു ഗ്രഹത്തിന്റെ ദൃഷ്ടി എന്റെ ശ്രദ്ധയിൽപെട്ടില്ല' എന്ന് വലിയ കൊച്ചുണ്ണിതമ്പുരാൻ പറഞ്ഞു. ഈ തമ്പുരാൻ ജനിച്ച ശേഷമാണ് കോവിലകത്തുള്ളവർ ഇംഗ്ലീഷ് വിദ്യാഭ്യാസം തുടങ്ങിയത്.

## III. വൈദ്യം

a) പുത്തൻ കോവിലകത്തെ ഒരു തമ്പുരാട്ടിക്ക് രോഗം മൂർച്ഛിച്ചതിനെത്തുടർന്ന്, നിലത്തിറക്കാൻ ഒരുങ്ങിയപ്പോൾ, അടുത്തുണ്ടായിരുന്ന കൊച്ചുണ്ണിത്തമ്പുരാൻ, കോവിലകം വൈദ്യനിൽ നിന്നും വിവരങ്ങൾ ചോദിച്ചു മനസ്സിലാക്കി. 'പഞ്ചസാര പായസം ഉണ്ടാക്കി ചെറിയ ചൂടോടെ മേലാസകലം തേച്ചു പിടിപ്പിക്കാൻ' വിധിച്ചു. അതിനെത്തുടർന്ന് രോഗം മാറുകയും പിന്നീടാ തമ്പുരാട്ടി രണ്ടു പ്രസവിക്കുകയും ചെയ്തതായി കേട്ടിട്ടുണ്ട്.

b) പുത്തൻ കോവിലകത്തെ വലിയ കുഞ്ചുക്കുട്ടി തമ്പുരാട്ടി പറഞ്ഞ മറ്റൊരു സംഭവം

ഈ തമ്പുരാട്ടിയുടെ അമ്മയ്ക്ക് ഒരു വയറിളക്കം പിടിപെട്ടു. കോവിലകം വൈദ്യന്റെ ചികിത്സ കൊണ്ട് രോഗത്തിനു ശമനം കാണായ്കയാൽ, അവരുടെ അമ്മ കൊച്ചുണ്ണി തമ്പുരാനെ ശരണം പ്രാപിച്ചു. വൈദ്യനിൽ നിന്നും ചികിത്സയുടെ വിവരങ്ങൾ ചോദിച്ചറിഞ്ഞ തമ്പുരാൻ, മലർകഞ്ഞിയും ചില കഷായങ്ങളും കൊടുക്കുവാൻ നിർദ്ദേശിച്ചു. കൂട്ടത്തിൽ ഭഗവതിക്ക് 'തണ്ണീരമൃത്' വഴിപാടു കഴിച്ച്, അതിൽ നിന്നും രണ്ടപ്പം അത്താഴമായി കൊടുക്കുവാനും പറഞ്ഞു. ആ ചികിത്സ കൊണ്ടു വയറിളക്കം മാറി. വയറുകാഞ്ഞതുകൊണ്ടുണ്ടായ അതിസാരമായതിനാലാണ് രണ്ടപ്പം കൊടുക്കുവാൻ തമ്പുരാൻ പറഞ്ഞത്. ദൈവാധീനത്തിനുവേണ്ടിയാണ് വഴിപാടുകഴിയ്ക്കുവാൻ പറഞ്ഞത്.

c) കൊടുങ്ങല്ലൂർ അലങ്കാരത്തു നാരായണൻ കുട്ടിമാരാർ പറഞ്ഞ ഒരു സംഭവം.

മലബാറിൽ നിന്നും ഒരു വൈദ്യൻ ഒറ്റമൂലിപ്രയോഗം പഠിക്കുവാൻ ഇദ്ദേഹത്തെ സമീപിച്ച്, എന്നാണ് പഠനം തുടങ്ങേണ്ടത് എന്ന് ചോദിച്ചു. തമ്പുരാൻ അയാളോടവിടെയിരിക്കാനാവശ്യപ്പെട്ടു. എന്നിട്ട്, ത്രിദോഷങ്ങളിൽ, ഏതിന്റെ കോപം ശമിപ്പിക്കാനാണ്, കുറുന്തോട്ടി പ്രധാനമായ കഷായം കൊടുക്കുന്നതെന്നു ചോദിച്ചു. വാതരോഗ ശമനത്തിന് എന്നാഗതൻ മറുപടി പറഞ്ഞു. വാതരോഗത്തിനുള്ള ഒറ്റമൂലി കുറുന്തോട്ടിയാണ് എന്ന് തമ്പുരാൻ പറഞ്ഞു. മറ്റു ദോഷങ്ങൾ കോപിച്ചാൽ കൊടുക്കുന്ന കഷായങ്ങളിലെ പ്രധാന ഘടകമേതെന്നു നോക്കി, അവയ്ക്കുള്ള ഒറ്റമൂലി കണ്ടുപിടിക്കാമെന്നും, അല്ലാതെ ആരും ഒറ്റമൂലി ഏതെന്നെഴുതി വെച്ചിട്ടില്ല എന്നും തമ്പുരാൻ പറഞ്ഞു.

---

*(2) തമ്പുരാന്റെ ഔരസപുത്രനും, ശിഷ്യനും, സർക്കാരദ്ധ്യാപകനുമായ കാളകണ്ഠമേനോൻ, ഈ കാവ്യത്തിന്റെ 'ടീകാ'യിൽ തമ്പുരാൻ ഇതിലെ പ്രാരംഭ ശ്ലോകത്തിൽ നമസ്കൃതിയും വസ്തുനിർദ്ദേശവും കഴിച്ചിരിക്കുന്നതായി പറയുന്നുണ്ട്.*

(d) വിളർച്ചയ്ക്ക് (anaemia) തമ്പുരാൻ, സ്വയം ഒരു മരുന്നു തയ്യാറാക്കിയിരുന്നു. കാളകണ്ഠമേനവനിൽ നിന്നുമാണ് ഞാനതിന്റെ നിർമ്മാണരീതി മനസ്സിലാക്കിയത്. ഇരുമ്പുപൊടി, കടുക്കകഷായം, ഗോമൂത്രം എന്നിവ ഒരു നിശ്ചിത അളവിൽ, അമ്മിയിൽ വെച്ചരച്ച്, മഞ്ചാടിക്കുരുവിന്റെ വലിപ്പത്തിൽ ഉരുട്ടി, തണലത്തുവെച്ച് ഉണക്കിയെടുക്കുന്ന 'അയോഭയം' എന്ന ഗുളികയാണത്. (അയസ് = ഇരുമ്പ്, അഭയം = കടുക്ക)

(e) കെ.പി. നമ്പൂതിരീസ് പൽപ്പൊടിയുടെ ചേരുവകൾ 'കാളത്താപ്പിള്ളി' നമ്പൂതിരിക്കു പറഞ്ഞു കൊടുത്തത്, ഈ തമ്പുരാനാണെന്നു കേട്ടിട്ടുണ്ട്.

**IV. മർമ്മ ചികിത്സ**

തമ്പുരാന്റെ പ്രശിഷ്യനായ തേറോടത്തു പത്മനാഭൻ പറഞ്ഞ ഒരു സംഭവം

ഭാഗവതർ കുഞ്ഞുണ്ണിതമ്പുരാന്, ചെറുപ്രായത്തിൽ 'ഭഗന്ദരം' എന്ന ഒരു അസുഖം പിടിപെട്ടു. അതു പൂർണ്ണമായും വിട്ടുമാറുവാൻ, ഒരു വർഷം തിരുമ്മുവാൻ, ശിഷ്യന്മാരെ ഏർപ്പാടു ചെയ്തു. തിരുമ്മൽ കഴിഞ്ഞാൽ ദിവസവും, മാരാർ, തമ്പുരാനെ വിവരം ധരിപ്പിക്കുക പതിവായിരുന്നു. ആറുമാസം തിരുമ്മിയപ്പോഴേക്കും അസുഖത്തിന് നല്ല ശമനം കണ്ടു. പിന്നീടൊരു ദിവസം മാരാർ തിരുമ്മുവാൻ ചെന്നപ്പോൾ 'എന്റെ അസുഖമെല്ലാം മാറി. ഇനി തിരുമ്മണ്ട' എന്ന് കുഞ്ഞുണ്ണിതമ്പുരാൻ പറഞ്ഞു. മാരാർ വിവരമറിയിച്ചപ്പോൾ 'ഭഗന്ദരം' വേരോടെ നശിപ്പിക്കുവാനാണ് ഒരു വർഷം തിരുമ്മുവാൻ ഞാൻ പറഞ്ഞത്. അയാൾക്ക് ക്ഷമയില്ലെങ്കിൽ എന്താ ചെയ്യുക. പ്രായമാകുമ്പോൾ അയാൾക്ക് സ്വയം എഴുന്നേറ്റ് നില്ക്കാൻ കഴിയാതെ വരും എന്നു കൊച്ചുണ്ണിതമ്പുരാൻ പറഞ്ഞു. അതു സംഭവിക്കുകയും ചെയ്തു.

**(V) അസാമാന്യ ഓർമ്മശക്തി**

ഉള്ളൂർ രേഖപ്പെടുത്തിയ ഒരു സംഭവം. ഒരിക്കൽ കൊച്ചിയിലെ ഒഴിഞ്ഞ വലിയ തമ്പുരാൻ, തിരുവഞ്ചിക്കുളത്തു താമസിക്കുമ്പോൾ, അദ്ദേഹത്തിന്റെ ആവശ്യപ്രകാരം, വിദ്വാൻ കുഞ്ഞിരാമവർമ്മ തമ്പുരാൻ, ചെറിയ കൊച്ചുണ്ണിതമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഒറവങ്കര 'രാജൻ' എന്നിവർ ചേർന്ന് കുറെ നേരം അക്ഷരശ്ലോകം ചൊല്ലി. ശ്ലോകങ്ങൾ അപ്പോൾ ഉണ്ടാക്കിയാണ് ചൊല്ലിയിരുന്നത്. വലിയ തമ്പുരാനാവശ്യപ്പെട്ടതനുസരിച്ച്, ഓരോരുത്തരും അവരവരുണ്ടാക്കിയ ശ്ലോകങ്ങൾ എഴുതി സമർപ്പിച്ചു. കൊച്ചുണ്ണി തമ്പുരാനാകട്ടെ താനുണ്ടാക്കിയവ എഴുതി സമർപ്പിച്ചതിനു പുറമെ, മറ്റുള്ളവരുണ്ടാക്കിയവ ചൊല്ലി കേൾപ്പിക്കുകയും താനുണ്ടാക്കിയ ശ്ലോകങ്ങൾ സംസ്കൃതത്തിലേക്ക് വിവർത്തനം ചെയ്തു ചൊല്ലുകയും ചെയ്തു.

**VI. മാതംഗലീല**

ഈ തമ്പുരാന്റെ ശിഷ്യനായ, വൈദ്യൻ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പറഞ്ഞ ഒരു സംഭവം

കിരാങ്ങാട്ടു നമ്പൂതിരിപ്പാട്, ഒരാനയെ വാങ്ങി. അതിന്റെ ലക്ഷണങ്ങൾ പരിശോധിക്കാനായി, ആനയെ കൊച്ചുണ്ണിതമ്പുരാന്റെ അടുത്തു കൊണ്ടു ചെന്നു. മസ്തകം, കൊമ്പ്, തുമ്പിക്കൈ, നഖങ്ങൾ, വാല് എന്നിവ പരിശോധിച്ചശേഷം, വായ തുറപ്പിക്കാൻ ആനക്കാരനോടാവശ്യപ്പെട്ടു. ആനക്കാരന്റെ ആജ്ഞ, ആന അനുസരിച്ചില്ല. അതിനാൽ തമ്പുരാൻ, ആനക്കോൽ വാങ്ങി ഒരു മർമ്മസ്ഥാനത്ത് അടിച്ചു. ആന വായ തുറന്നു. ആനയുടെ പല്ലു കണ്ട തമ്പുരാൻ ഉടനെ മാറിനിന്നു. 'നല്ല ലക്ഷണമൊത്ത ആനയാണ്. ആരും ഇവനെ ഉപദ്രവിച്ചേക്കരുത്. ഉപദ്രവിച്ചാൽ ആന പക പോക്കും" എന്നു തമ്പുരാനാനഭിപ്രായപ്പെട്ടു. 'കിരാങ്ങാട്ടു കേശവൻ' എന്ന പ്രസിദ്ധിയാർജ്ജിച്ച ആ ആന തന്നെ പീഢിപ്പിച്ചവരെ മാത്രമേ ഉപദ്രവിച്ചിട്ടുള്ളു.

**VII. യോഗാഭ്യാസം**

കൊടുങ്ങല്ലൂർ ചിറക്കൽ കോവിലകത്തെ കുമുദിനി തമ്പുരാട്ടിയിൽ നിന്നറിഞ്ഞ ഒരു വിവരം

ഇളയ തമ്പുരാനായി, ഇദ്ദേഹം 'കോട്ട കോവിലകത്തു താമസിക്കുന്ന കാലം. (കൊടുങ്ങല്ലൂർ ഭഗവതിക്ഷേത്രത്തിന്നടുത്താണീ കോവിലകം) ചിറയ്ക്കൽ കോവിലകത്തെ കെങ്കു തമ്പുരാട്ടിക്കു ഒരസുഖം പിടിപെട്ടു; കോവിലകം വൈദ്യൻ കൃഷ്ണവാരിയരുടെ ചികിത്സ കൊണ്ട് രോഗശമനം കാണായ്കയാൽ, ഈ തമ്പുരാനെ വരുത്തി. വാരിയരോട് ചികിത്സയുടെ വിവരങ്ങൾ ചോദിച്ചറിഞ്ഞശേഷം തമ്പുരാൻ, ചികിത്സ നിശ്ചയിച്ചു. കൃഷ്ണവാരിയരോടൊപ്പം പുറത്തുവന്നപ്പോൾ, കണ്ട ശകുനം പന്തിയല്ലെന്നു തമ്പുരാനു തോന്നി. 'ആറുമാസത്തിനകം രോഗിയോ, ഞാനോ ഒരാൾ മരിക്കും' എന്ന് തമ്പുരാൻ വാരിയരോട് പറഞ്ഞു.

എന്നും കാലത്ത് ഭഗവതിയെ തൊഴുതു കഴിഞ്ഞ്, വാരിയർ തമ്പുരാനെ മുഖം കാണിക്കുക പതിവായിരുന്നു. മേൽപ്പറഞ്ഞ സംഭവം നടന്ന് ഏതാണ്ട് നാലുമാസം കഴിഞ്ഞു കാണും, വാരിയർ തമ്പുരാനെ കാണാൻ ചെന്നപ്പോൾ 'താൻ ഇന്ന് അത്താഴപൂജയ്ക്ക് നാലുനാഴിക മുമ്പ് ഇവിടെ വരണം' എന്ന് പറഞ്ഞു. അതിൻപ്രകാരം വാരിയർ, കോട്ടക്കോവിലകത്തു ചെന്നപ്പോൾ തമ്പുരാൻ, ഊർദ്ധ്വശ്വാസം വലിക്കുന്നതായും അതിനെ നിയന്ത്രിച്ചു നിർത്തുന്നതായുമാണ് കണ്ടത്. താമസിയാതെ ക്ഷേത്രത്തിലെ അത്താഴപൂജയുടെ വെടി കേട്ടു. തമ്പുരാൻ ശ്വാസനിയന്ത്രണം വിടുകയും മരിക്കുകയും ചെയ്തു. ക്ഷേത്രത്തിന് അശുദ്ധി വരാതെയിരിക്കുവാനാണ് തമ്പുരാനിതു ചെയ്തത്.

**കൃതികൾ**

**I. സംസ്കൃതം :**

കാവ്യങ്ങൾ: (1) വിദ്വാൻ ഇളയ തമ്പുരാന്റെ 'ശ്രീരാമചരിതപൂരണം (2)ഉത്തരരാമചരിതം (3) ശ്രീരാമവർമ്മ കാവ്യം (4) വിപ്രസന്ദേശം (മാനവിക്രമൻ സാമൂതിരിപ്പാടിനു വേണ്ടി രചിച്ച സന്ദേശകാവ്യം)

*ഭാണങ്ങൾ:* (5) വിരാടവിജയം (6) അനംഗ ജീവനം.

പലവക: (7) ശ്രീരാമപട്ടാഭിഷേകം നാടകം 8) ബാണയുദ്ധം ചമ്പു 9) അന്യാപദേശം 10) സൂര്യോദയം 11) ദേവീ മാഹാത്മ്യസംഗ്രഹം

***II. മലയാളം***

*കാവ്യങ്ങൾ:* (1) മദനവിലാസം 2) പാണ്ഡവോദയം 3) സാവിത്രീ മാഹാത്മ്യം 4) വഞ്ചീശ വംശം 5) ഗോശ്രീ ശാദിത്യചരിതം 6) രുഗ്മിണീ സ്വയം വരം (അപൂർണ്ണം) 7) മലയാം കൊല്ലം

*നാടകങ്ങൾ:* 8)ഉമാവിവാഹം 9) ഫാൽഗുനവീര്യം 10) പാഞ്ചാലീസ്വയംവരം 11) അജ്ഞാതവാസം 12) കല്യാണീനാടകം 13) മധുരമംഗലം (12 ഉം 13 ഉം കൃതികൾ സാമൂഹ്യപ്രമേയത്തെ അടിസ്ഥാനമാക്കിയവ)

*പലവക:* 14) സോമതിലകം ഭാണം15)അബോപദേശം 16) ഷഷ്ടിപൂർത്തി ഡർബാർ (മദിരാശിയിൽ തീപ്പെട്ട കൊച്ചി വലിയ തമ്പുരാന്റെ ഷഷ്ടിപൂർത്തി സംബന്ധിച്ചെഴുതിയത്) 17. മഹാഭാരതം ഗാഥ 18) കാന്തവൃത്തം 19) ശ്രീകുരുംബാ ദേവീമാഹാത്മ്യം സ്തോത്രം 20) ബാലോപദേശം 21) ഭാഷാ ബൃഹത് സംഹിത 22) വിദ്യാകലാ വിവരണം 23) ശ്രുതിഗീത അവിദ്യാ സംഹാരം 24) പൂജാവിധി പാന

*തുള്ളലുകൾ:* 25) സുന്ദരകാണ്ഡം 26) ഷഷ്ടിപൂർത്തി (സ്ഥാനമൊഴിഞ്ഞ കൊച്ചി വലിയ തമ്പുരാന്റെ ഷഷ്ടിപൂർത്തി സംബന്ധിച്ചെഴുതിയത്.)

*കിളിപ്പാട്ടുകൾ:* ലക്ഷ്മീ സ്വയംവരം 28) രാമാശ്വമേധം

*ശാസ്ത്രം:* മലയാള ശബ്ദ ശാസ്ത്രം (പ്രഥമഭാഗം) 30) അലങ്കാരമാല

*തർജ്ജമകൾ:* 31) ദേവീ മാഹാത്മ്യം 32) ദുർഗ്ഗാസപ്തശതി

*നാടൻപാട്ടുകൾ*[(3)]: 33) കണ്ണന്റെ മണ്ണൂണ് 34) ഗൗരീവിലാസം 35) ഭദ്രോൽപ്പത്തി 36) വാവുറക്കപ്പാട്ട്

*ഗദ്യം:* 37) ശങ്കരാചാര്യ ചരിതം 38) വിക്രമോർവ്വശീയംസാരം

കൂടാതെ പല സ്തോത്രങ്ങളും മുക്തകങ്ങളും രചിച്ചിട്ടുണ്ട്.

*(3) 5/2008-ൽ പ്രസിദ്ധീകരിച്ച ആർ. കെ. മണ്ണൂരിന്റെ (സ്മാരകങ്ങൾ സ്മരണകൾ page 71)*

*(തുടരും)*

**പഴയ ഏടുകളിൽ നിന്ന്**

# ഒരു ഗൃഹപ്രവേശ ശ്ലോകം



**ആർ. ശശിധരവർമ്മ, (മണ്ണൂർമഠം കൊട്ടാരം, മാവേലിക്കര)**
**ശ്രീവത്സം, പാലിയക്കര കിഴക്കെ കൊട്ടാരെ, തിരുവല്ല**

എ.ഡി. 1863-ാംമാണ്ടോടുകൂടി, വടക്കെ മലബാറിൽ നിന്നും എ.ഡി. 1768ലെ മൈസൂർ സുൽത്താൻ ഹൈദ്രാലിയുടെ ആക്രമണം ഭയന്ന് തിരുവിതാംകൂറിൽ അഭയം പ്രാപിച്ച പരപ്പനാടു സ്വരൂപത്തിന്റെ ഒരു ശാഖയായ ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിൽ കുടുംബഛിദ്രം ഉടലെടുത്തു തുടങ്ങി. അതു കാരണം ആയുർവേദത്തിൽ അപാരമായ നൈപുണ്യവും അനുഗ്രഹീതനായ ഒരു കവിയും ഒരു ഉത്തമ പണ്ഡിതനുമായ മകംനാൾ രാജരാജവർമ്മ ചെറുണ്ണി മൂത്തകോയിത്തമ്പുരാൻ ചങ്ങനാശ്ശേരിയിലെ താമസം മതിയാക്കി പത്നീഗൃഹമായ മാവേലിക്കര കൊട്ടാരത്തിലേക്ക് താമസം മാറ്റി. അദ്ദേഹം സ്വന്തം ശാഖയിലെ തമ്പുരാട്ടിമാരേയും അവരുടെ സന്താനങ്ങളേയും ചങ്ങനാശ്ശേരിയിൽ നിന്ന് മാറ്റി പാർപ്പിക്കണമെന്ന് തീരുമാനിച്ചു. അതിനായി അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്ന ആയില്യം തിരുനാൾ മഹാരാജാവിനേയും ആറ്റിങ്ങൽ മൂത്ത തമ്പുരാനേയും മുഖം കാണിച്ച് സ്വന്തം ശാഖയെ മാറ്റി പാർപ്പിക്കേണ്ട കാര്യം ധരിപ്പിക്കുകയും ചെയ്തു. മഹാരാജാവ് അവരെ തൽക്കാലം സർക്കാരുവക കാർത്തിക പ്പള്ളി കൊട്ടാരത്തിൽ താമസിപ്പിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുത്തു. ഏ.ഡി. 1865 ജനുവരി 29-ാം തീയതി (എം.ഇ. 1040 മകരം 18) രാജരാജവർമ്മ ചെറുണ്ണി കോയിത്തമ്പുരാന്റെയും കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെയും മാതാവ് ദേവി അംബത്തമ്പുരാട്ടിയേയും അവിടുത്തെ ഇളയ സഹോദരിയേയും അനന്തിരവരേയും കാർത്തികപ്പള്ളി കൊട്ടാരത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചു. അവർക്കു സ്വന്തമായി ഒരു കൊട്ടാരം പണിയുന്നതിനു വേണ്ടിയുള്ള പണം അനുവദിച്ചതുപയോഗിച്ച് രാജരാജവർമ്മ ചെറുണ്ണി കോയിത്തമ്പുരാൻ ഹരിപ്പാട്ട് സ്ഥലം വാങ്ങുകയും അവിടെ നാലു നാലുകെട്ടും ചാവടിപ്പുര, ഊട്ടുപുര, നടപ്പുര, അടുക്കള, തേവാരപ്പുര തുടങ്ങിയവയോടുകൂടി ഒരു മനോഹരമായ കൊട്ടാരം പണിയുകയും ചെയ്തു. അതാണ് അനന്തപുരം കൊട്ടാരം. ഏ.ഡി. 1865 മുതൽ ആറുവർഷം വേണ്ടിവന്നു ഈ മനോഹര ഹർമ്യം നിർമ്മിക്കുവാൻ. ഏ.ഡി. 1870 ജനുവരി 30 (എം.ഇ. 1046 തുലാം 16-ാം തീയതി ഈ കൊട്ടാരത്തിന്റെ പാലുകാച്ചും ഗൃഹപ്രവേശവും നടത്തി. അന്നേ ദിവസം ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ മകംനാൾ രാജരാജവർമ്മ ചെറുണ്ണി കോയിത്തമ്പുരാൻ രചിച്ചതെന്നു വിശ്വസിക്കപ്പെടുന്ന ഒരു ശ്ലോകം കിട്ടിയത് താഴെ കൊടുക്കുന്നു.

*ദുരാപസ്തഃ പ്രശസ്തൈർബ്ബഹുഭിരീഹ കലി-*
*യ്യേന ധമ്മെയ്യദീയം*
*ധ്യാനം മാന്യം ഹി ദേവസ്സ ദിശതു കുശലം*
*ബാഹുലേയസ്സദേതി*
*ഭദ്രം ഗോത്രേ ധ്രുവം സ്യാദിതി വദതി ജനേഃ*
*യസ് സോഽനന്തസംജ്ഞം*
*നവ്യം ഭവ്യം സ്വവംശ്യൈഃ പുരമലമകരോത്*
*പർപ്പഭൂപോ മഹൂർത്തേ*

*ഈ ശ്ലോകം ഹരിപ്പാട്ട് അനന്തപുരം കൊട്ടാരത്തിലെ കിണറിന്റെ കല്ലിൽ കൊത്തി വെച്ചിട്ടുണ്ട്.*

# കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ

## (തുടർച്ച...)

**സമ്പാ: ഡോ.ബി.ആർ.ആർ. വർമ്മ**

*[പി. കെ. പരമേശ്വരൻനായർ 1965 ഏപ്രിൽ 25- ാം തീയതിയിലെ മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ]*

**ശിക്ഷ**

ഇതിനിടയ്ക്ക് കേരളവർമ്മയെ തടങ്ങലിൽ വെക്കാൻ മദ്രാസ് ഗവൺമെന്റിന്റെ അനുവാദം ലഭിച്ചു കഴിഞ്ഞു. കാലവിളംബത്തിൽ അക്ഷമനായിരുന്ന ആയില്യം തിരുനാൾ റഡിന്റുമുഖാന്തരം സമ്മർദ്ദം ചെലുത്തിയാണ് അത് വരുത്തിയത്. പിന്നെ കാര്യങ്ങൾ ശീഘ്രഗതിയിൽ മുന്നോട്ട് നീങ്ങി. കേരളവർമ്മയെ തിരുവനന്തപുരത്തുനിന്ന് നിഷ്ക്കാസനം ചെയ്ത് ആലപ്പുഴ കൊട്ടാരത്തിൽ ഏകാന്തമായി തടങ്ങലിൽ പാർപ്പിക്കാനുള്ള കല്പന ദിവാൻജി ക്ക് അയച്ചു കഴിഞ്ഞു. പേഷ്കാർ നാണുപിള്ള അതിന്റെ നിർവഹണത്തിന് ആജ്ഞപ്തനായി.

റാണിയാണ് ആദ്യം കാര്യങ്ങൾ അറിഞ്ഞത്. സ്തബ്ധയായി ത്തീർന്ന അവർ ഭർത്താവിന്റെ ദുർവിധിയോർത്ത് ദുഃഖപരവശയായി. കേരളവർമ്മയാകട്ടെ അക്ഷോഭ്യനായിട്ടാണ് ആ ശിക്ഷാവിധി സ്വീകരിച്ചത്. ലോലഹൃദയയായ റാണി അവമതി സഹിക്കാൻ ശക്തിയില്ലാതെ ഉഴറി. അവർ ഭർത്താവിന്റെ കരുതലില്ലായ്മയേയും, വിവേചനക്കുറവിനേയും അങ്ങേയറ്റം പഴിച്ചു. "ദിവാനെ അയാളുടെ രാജാവു കൊല്ലാൻ ഉദ്യമിക്കുന്നെങ്കിൽ അതു മൂലമുണ്ടാകുന്ന അത്യാഹിതം തടയാനുള്ള കർത്തവ്യം നമുക്ക് മാത്രമാണോ?" എന്നാണ് അവർ സങ്കടത്തള്ളൽക്കൊണ്ട് ഗദ്ഗദത്തോടെ പ്രാണപ്രിയനോടു ചോദിച്ചത്. അടുത്ത രാജ്യാവകാശിയായ വിശാഖം തിരുനാൾ ജ്യേഷ്ഠന്റെ വൈരനിര്യാതന സാഹസങ്ങളോട് പ്രദർശിപ്പിച്ച ക്ഷമാശീലം ഒരു പാഠമായിത്തീർന്നില്ലല്ലോ എന്ന് അവർ ഭർത്താവിനെ സാനുകമ്പം കുറ്റപ്പെടുത്തി. ഏതു വിധവും പക പോക്കാൻ കാത്തിരുന്ന രാജാവ് ഇപ്പോൾ തനിയ്ക്ക് കിട്ടിയ അവസരം പാഴാക്കാത്തതിൽ അത്ഭുതത്തിന് എന്തവകാശമെന്നും അവർ ചോദിച്ചു.(1)

1050 (1875) കർക്കടകം 21-നു സൂര്യോദയത്തിനു മുമ്പ് തന്നെ തേവാരത്ത് കോയിക്കലിന്റെ കിഴക്കേ ഗോപുരവാതുക്കലും കിഴക്കും തെക്കും വശങ്ങളിലെ റോഡിന്റെ പല ഭാഗങ്ങളിലും പതിവിൽ കവിഞ്ഞ് പോലീസ് ബന്തവസ്സ് കാണപ്പെട്ടു. രണ്ടു കുതിരകളെ കെട്ടിയ ഒരു ഫീറ്റൺവണ്ടി തേവാരത്തു കോയിക്കലിന്റെ മുൻവശം റോഡിലെ ആനക്കൊട്ടിലിൽ സജ്ജമാക്കി നിറുത്തിയിരുന്നു. ഏകദേശം ഏഴു മണിയോടുകൂടി ടൗൺ മജിസ്ട്രേട്ട് ത്രിവിക്രമൻ തമ്പി ഉന്നതഗാത്രരായ രണ്ടു പോലീസുദ്യോഗസ്ഥന്മാരുടെ അകമ്പടിയോടെ ഗോപുരവാതിലിലൂടെ അകത്തേയ്ക്കു പ്രവേശിച്ചു. ദീർഘമായ നടപ്പന്തൽ കഴിഞ്ഞ്, കൊട്ടാരക്കെട്ടിന്റെ പൂമുഖത്തെത്തിയപ്പോൾ വലിയ കോയിത്തമ്പുരാനും റാണിയും അവിടെയുണ്ടായിരുന്നു. ഉപചാരപൂർവ്വം റാണിയെ വന്ദിച്ചിട്ട് ആ ഉദ്യോഗസ്ഥൻ, താൻ കൊണ്ടുവന്നിരുന്ന ഡിസ്ട്രിറ്റ് മജിസ്ട്രേട്ടിന്റെ വാറണ്ട് റാണിയെ കാണിച്ചു. പിന്നീട് കേരളവർമ്മയെ നോക്കിക്കൊണ്ട്, "രാജദ്രോഹകുറ്റം ചെയ്ത കേരളവർമ്മയെ അദ്ദേഹം താമസിയ്ക്കുന്ന തേവാരത്തു കോയിക്കൽ നിന്ന് അറസ്റ്റ് ചെയ്ത് ഇവിടെ നിന്നു മറ്റൊരു പട്ടണത്തിലേയ്ക്കു കൊണ്ടുപോകാൻ ദിവാൻജിയാൽ ഞാൻ നിയുക്തനായിരിയ്ക്കുന്നതിനാൽ ഈ കേരളവർമ്മയെ അറസ്റ്റ് ചെയ്തിരിക്കുന്നു." എന്നു പ്രഖ്യാപിച്ചു.

**ഭാവം മാറുന്നു**

കേരളവർമ്മ നിശ്ചേഷ്ടനായി നിന്നതേയുള്ളൂ. റാണിയുടെ പ്രകൃതം ആകപ്പാടെ മാറി. രാജാധികാരത്തിന്റെ അധൃഷ്യതയെക്കുറിച്ച് അതുവരെ ഗൗരവപൂർവ്വം ഭർത്താവിനെ അനുസ്മരിപ്പിച്ചു കൊണ്ടിരുന്ന അവർ എല്ലാം മറന്ന് ഒരു സിംഹിയെപ്പോലെ വിജ്രംഭിതവീര്യയായി അധികാരത്തെ ചെറുത്തു സംസാരിച്ചു തുടങ്ങി. അറസ്റ്റ് വാറണ്ടുമായി എത്തിയിരിക്കുന്ന ത്രിവിക്രമൻ തമ്പിയാണെങ്കിൽ തേവാരത്തു കോയിക്കൽ ഒരു നിത്യനായിരുന്നു. ഭർത്താവിന്റെ കായികാഭ്യാസമുറകളിൽ ഒരു സഹായിയെന്ന നിലയിൽ പങ്കുകൊള്ളാറുള്ള ഒരു അഭ്യാസിയും ആശ്രിതസുഹൃത്തുമാണ് അദ്ദേഹം. അപ്രകാരമുള്ള ഒരാൾ "ഈ കേരളവർമ്മ" എന്നും മറ്റും ഔദ്യോഗിക മുറയിൽ പറയുന്നതു കേട്ടപ്പോൾ റാണിയുടെ സകല നിയന്ത്രണ ശക്തിയും അസ്തമിച്ചു. അവർ ക്രോധാവേശം കൊണ്ടു വിറച്ചു. ആറ്റിങ്ങൽ മൂത്തറാണിയുടെ അധികാരമുറയിൽ തന്നെ അവർ പെരുമാറി. "ഛീ! കടക്കു പുറത്ത് എന്റെ ദാസിയുടെ ചൂല് നിന്റെ പുറത്തു പതിയ്ക്കേണ്ടെങ്കിൽ"എന്ന് അവർ ആക്രോശിച്ചു. മഹാവിക്രമിയായ ആ ഉദ്യോഗസ്ഥൻ ക്ഷണനേരത്തേക്കു സ്തബ്ധനായി നിന്നു പോയി. ഈ സംഭവ വികാസം, അദ്ദേഹം തീരെ പ്രതീക്ഷിച്ചിരുന്നില്ല. ശക്തനും സാഹസികനുമായ കേരളവർമ്മ ഒരു പക്ഷേ ചെറുത്തു നിന്നേയ്ക്കുമെന്ന്

1. *വിശാഖവിജയം IV 32-36*

എല്ലാവർക്കും ഭയമുണ്ടായിരുന്നു. എന്നാൽ മഹാറാണി ഒരു കായിക സംഘട്ടനത്തിനുള്ള സാഹചര്യം സൃഷ്ടിയ്ക്കുമെന്ന് ആരും കരുതിയിരുന്നില്ല. അവർ സാഹസത്തിനൊരുങ്ങിയാൽ പിടിച്ചു മാറ്റേണ്ട സാഹചര്യം ഉണ്ടാകുമെന്ന് കണ്ട തമ്പി കൂടുതൽ നിർദ്ദേശങ്ങൾ ലഭിയ്ക്കാൻ അല്പസമയത്തേയ്ക്കു സ്ഥലംവിട്ടു.

വിപദിധൈര്യത്തോടെ അക്ഷോഭ്യനായിത്തന്നെ ആ അവസരത്തിലും നിന്നിരുന്ന കേരളവർമ്മക്ക് തമ്പി എന്തിനാണ് പിൻവാങ്ങിയെതെന്ന് ഊഹിക്കാൻ കഴിഞ്ഞു. അദ്ദേഹം റാണിയോട് രാജകൽപന നടത്താൻ വന്നിട്ടുള്ളവരോട് കോപിക്കുന്നതുകൊണ്ട് യാതൊരു ഫലവുമില്ലെന്നു പറഞ്ഞു. രാജാവുതന്നെ വിചാരിച്ചാലല്ലാതെ യാതൊരു പ്രതിവിധിയുമില്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

റാണി ഉടൻതന്നെ ഭർത്താവിനു വേണ്ടി ക്ഷമയാചിച്ചുകൊണ്ട് ഒരു കത്ത് മഹാരാജാവിന് കൊടുത്തയച്ചു. ഏതാനും മിനിട്ടുകൾക്കുള്ളിൽ വലിയ കൊട്ടാരത്തിലെ ഒരു പട്ടക്കാരൻ മറുപടി കൊണ്ടുവരികയും ചെയ്തു. കാര്യങ്ങളെല്ലാം മദ്രാസ് ഗവൺമെന്റിന്റെ ആജ്ഞ പ്രകാരമാണ് ചെയ്യുന്നതെന്നും താൻ ഇനി ഈ കാര്യത്തിൽ നിസ്സഹായനാണെന്നുമായിരുന്നു മഹാരാജാവിന്റെ കാര്യമാത്രപ്രസക്തമായ , അഥവാ നിർദ്ദയമായ മറുപടി. റാണിയുടെ ഹൃദയം തകർന്നു. അവർ ക്ഷണനേരത്തേക്ക് മൂർഛിച്ച നിയിലായി. എങ്കിലും വീണ്ടും ധൈര്യം അവലംബിച്ച് ഒരു കത്തു കൂടി എഴുതി. ഭർത്താവിനെ മറ്റെവിടേയ്ക്കെങ്കിലും അയയ്ക്കുന്ന പക്ഷം തനിയ്ക്ക് അദ്ദേഹത്തെ അനുഗമിക്കാൻ അനുവാദം തരണമെന്ന അഭ്യർത്ഥനയായിരുന്നു ആ കത്ത്. “അതു സാദ്ധ്യമല്ല” എന്ന് ഖണ്ഡിതമായ മറുപടിയാണ് ആ കത്തിനും ലഭിച്ചത്. അതു കൂടിയായപ്പോൾ കാര്യാകാര്യചിന്തകളെല്ലാം അസ്തമിച്ച മട്ടായി അവർക്കി. ഭർത്താവിനെ അനുഗമിയ്ക്കാൻ അനുവദിക്കില്ലെങ്കിൽ തന്റെ വസതിയിൽ നിന്ന് അദ്ദേഹത്തെ പുറത്തുകൊണ്ടുപോകാൻ താനും സമ്മതിയ്ക്കുകയില്ലെന്ന് അവർ ശഠിച്ചു. തന്റെ നിശ്ചയം പ്രഖ്യാപിച്ചുകൊണ്ട് അവർ കേരളവർമ്മയോടൊന്നിച്ചു കൊട്ടാരത്തിനുള്ളിലേയ്ക്കു പോയി.

മേല്പറഞ്ഞ സംഭവങ്ങൾ തേവാരത്തുകോയിക്കൽ നടക്കുമ്പോൾ അതൊക്കെ ദൂതന്മാർ മുഖാന്തിരം അനുനിമിഷം അറിഞ്ഞുകൊണ്ട് ആയില്യംതിരുനാൾ മഹാരാജാവ് രംഗവിലാസം കൊട്ടാരത്തിന്റെ വരാന്തയിൽ അസ്വസ്ഥനും അക്ഷമനുമായി ലാത്തുകയായിരുന്നു. റാണി നിമിത്തം കാര്യങ്ങൾ ഒരു പ്രതിസന്ധിയിൽ എത്തിയിരിയ്ക്കുന്നുവെന്നു മനസ്സിലായപ്പോൾ അദ്ദേഹം പേഷ്ക്കാർ നാണുപിള്ളയെ വിളിച്ചു ഡിസ്ട്രിക് മജിസ്ട്രേട്ടെന്ന നിലയിൽ, നേരിട്ടു ചെന്ന് ഉചിതമെന്ന് തോന്നുന്ന ഏതു നടപടിയും പ്രയോഗിച്ച് കേരളവർമ്മയുടെ നിഷ്ക്കാസനകൃത്യം ഉടനടി നടത്താൻ നിയോഗിച്ചു.

നയജ്ഞനായ നാണുപിള്ള തേവാരത്തു കോയിയ്ക്കൽ എത്തി റാണിയെ കണ്ട് രാജാജ്ഞയുടെ ഗൗരവത്തെയും അലംഘനീയതയേയും കുറിച്ച് ശാന്തമായി അവരെ പറഞ്ഞു മനസ്സിലാക്കി. അതിന് അവരുടെ മറുപടി ഇപ്രകാരമായിരുന്നു. “ഭർത്താവിനെ എവിടെ വേണമെങ്കിലും കൊണ്ടുപോയിക്കൊള്ളുക. എന്നാൽ അദ്ദേഹത്തെ അനുഗമിയ്ക്കാനുള്ള എന്റെ അവകാശത്തെ എന്തിനു നിഷേധിയ്ക്കുന്നു? ഞങ്ങളുടെ യാത്ര ഒന്നിച്ചു തന്നെയാകുന്നതിന് എന്തു വിരോധം?”

**ബന്ധനം**

ഇങ്ങിനെ പറഞ്ഞുകൊണ്ട് ഭർത്താവിന്റെ കൈയ്ക്കു പിടിച്ച് അവർ ഇറങ്ങിക്കഴിഞ്ഞു. നാണുപിള്ള പിന്നെ ഒന്നും സംസാരിച്ചില്ല. ത്രിവിക്രമൻ തമ്പിയ്ക്കും അനുയായികൾക്കും വേണ്ട നിർദ്ദേശം നൽകിയിട്ട് അദ്ദേഹം പിന്മാറി നിന്നു. ശേഷം കൃത്യങ്ങൾ ഉദ്യോഗസ്ഥന്മാർ ക്ഷണനേരത്തിനുള്ളിൽ നിർവ്വഹിച്ചു. റാണിയെ ശാരീരികമായിത്തന്നെ അവർ പിടിച്ചുമാറ്റി. ത്രിവിക്രമൻ തമ്പി കേരളവർമ്മയുടെ കൈകൾ വിലങ്ങുകൊണ്ടു ബന്ധിച്ചു. പ്രശാന്തമായ ഗാംഭീര്യവും സഹജമായ മനസ്സാന്നിദ്ധ്യവും കൈവിടാതെ തന്നെ ആ സന്ദർഭത്തെ കേരളവർമ്മ അഭിമുഖീകരിച്ചു. വാതിൽക്കൽ സജ്ജമായിരുന്ന ഫീറ്റൺവണ്ടിയിൽ അദ്ദേഹം കയറി; ഇരുവശവും ഓരോ പോലീസ് ഉദ്യോഗസ്ഥനും, വാഹനം ത്വരിതഗതിയിൽ മുന്നോട്ടുനീങ്ങി. വലത്തോട്ടു തിരിഞ്ഞു നേരെ വള്ളക്കടവിലേയ്ക്കുള്ള പ്രയാണം ആരംഭിച്ചു.

അപ്പോഴേയ്ക്കും അതാ മറ്റൊരു പ്രതിസന്ധി! വിഹ്വലയായ രാജ്ഞി കൊട്ടാരത്തിന്റെ തെക്കുവശം വഴി ഓടി തെക്കെ ഗെയ്റ്റിലൂടെ റോഡിൽ കടന്നുകഴിഞ്ഞിരിക്കുന്നു! പ്രാണപ്രിയനെ ഒരുനോക്കുകൂടി കണ്ടിട്ട് അവർ വണ്ടിയെ അനുധാവനം ചെയ്യുന്നത് ആ ഹതഭാഗ്യൻ നിസ്സഹായനായിരുന്നു കണ്ടു. ക്ഷണനേരത്തിനുള്ളിൽ പോലീസ് ഉദ്യോഗസ്ഥന്മാർ ഇടപെട്ട് അവരുടെ പ്രയാണത്തെ തടയുന്നതും അദ്ദേഹം കാണാതിരുന്നില്ല. റോഡിൽ.

*“രഥേന നീയമാനം തം സദ്വരം രാജപൂരുഷൈഃ*
*ക്രന്ദന്തീ സാ മുക്തകണ്ഠ മന്വധാഃവത്പതിവ്രതാ.*
*നീലനാഗനിഭോ രാജ്ഞ്യാ വിമുക്തശ്ചികുരോത് കരഃ*
*വിപദേ നൃപതേഃ കേതു രുദ്രിതസ്തർക്കിതോ ജനൈഃ*
*വിശിഖായാം വിശാം നാഥാ മനാഥാം പാദചാരിണിം*
*വിലോക്യ ശോകവിവശ ഉപാക്രോശന്നൃപം ജനഃ*
*രുദതീ കുരരീവാർത്താസുദതീകുലപാലികാ*
*വിദധാവവധ്വനീനാനാം ഹൃദയം സദയോദയം.*
രഥ്യാഗതാ രഥസ്ഥേന രാജ്ഞീ കേരളവർമ്മണാ
നാഥിതാഭൂദനാഥനേ നാഥേ! ത്രായസ്വ മാമിതി.”

തടിച്ചു കൂടിയിരുന്ന പുരുഷാരം റാണിയുടെ ദയനീയനില കണ്ട് അനുകമ്പാകുലരായി നിൽക്കവേ നഷ്ടസർവ്വസ്വയായ അവർ കൊട്ടാരത്തിലേയ്ക്കു തന്നെ മടങ്ങി.

അപ്പോൾ സമയം ഏകദേശം രാവിലെ പത്തു പത്തായിരുന്നു. ഫീറ്റൺ പടിഞ്ഞാറെക്കോട്ടവാതിൽ കടന്നയുടൻ അവിടെ കതിനവെടി മുഴങ്ങി. അതു മഹാരാജാവിനു വേണ്ടിയുള്ള ഒരു സൂചനയായിരുന്നു. കേരളവർമ്മയെ അറസ്റ്റ് ചെയ്ത് കോട്ടവാതിൽക്കൽ കടത്തിക്കഴിഞ്ഞു എന്നുള്ള സൂചന. രംഗവിലാസത്തിൽ അക്ഷമനായി ലാത്തിക്കൊണ്ടു നിന്നിരുന്ന മഹാരാജാവ് ആ വെടി കേട്ടതിനുശേഷമാണത്രെ അന്നു പ്രഭാതഭക്ഷണം കഴിച്ചത്.

*(തുടരും)*

# വേണാട്

## (തിരുവിതാംകൂർ) രാജവംശം – XLIII

### ഡോ. ആർ. പി. രാജാ

വസ്തുനിഷ്ഠവും അഗാധവുമായ പഠനം നടത്തുവാൻ ശ്രമിയ്ക്കുന്ന ഒരു ചരിത്രവിദ്യാർത്ഥിയ്ക്ക് ബോദ്ധ്യപ്പെടുന്ന ഒരു കാര്യം, തിരുവിതാംകൂർ ചരിത്രത്തിൽ ഏറ്റവും തെറ്റിദ്ധരിക്കപ്പെട്ട ഭരണാധിപൻ– 'തിരുവിതാംകൂറിന്റെ ശില്പി' എന്നറിയപ്പെടുന്ന അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയാണെന്ന സത്യമാണ്. പതിനാല് വയസ്സ് മുതൽ തന്നെയും തന്റെ രണ്ട് അനുജത്തിമാരേയും വകവരുത്തിയാൽ തിരുവിതാംകൂർ രാജകുടുംബം ഉന്മൂലനാശനം ചെയ്യപ്പെടുമെന്ന് കരുതി തിരുവിതാംകൂറിനകത്ത് എട്ടുവീട്ടിൽ പിള്ളമാരും പുറത്ത് ഇളയിടം (കൊട്ടാരക്കര) ദേശിംഗനാട് (കൊല്ലം) കായംകുളം എന്നീ രാജ്യങ്ങളും, പരോക്ഷമായി ചെമ്പകശ്ശേരിയും (അമ്പലപ്പുഴ) തെക്കുംകൂറും ശ്രമിയ്ക്കവേ ഗത്യന്തരമില്ലാതെ നടപടികൾ സ്വീകരിച്ചപ്പോൾ, അവ ഒരു രാജ്യമോഹിയുടെ അത്യാഗ്രഹമായി ചിത്രീകരിക്കുവാൻ ചില ചരിത്രകാരന്മാർ മടിച്ചില്ല. രാമയ്യൻ കരപ്പുറം പിടിച്ചതിനു ശേഷം കൊച്ചിയിലേക്ക് നീങ്ങുവാൻ പുറപ്പെട്ടപ്പോൾ അത് വെലക്കിയത് മാർത്താണ്ഡവർമ്മ തന്നെയായിരുന്നുവെന്ന കാര്യം വിസ്മരിച്ചു പോകുന്നു. യഥാർത്ഥത്തിൽ, അസാമാന്യമായ പ്രതിഭ, ധൈര്യം, ദീർഘവീക്ഷണം, മഹാമനസ്ക്കത, അക്കാലത്തു പോലും ഒരു ജനാധിപത്യ സമീപനം എന്നിവയെല്ലാം തികഞ്ഞ ഒരു രാജാവിനെ കാണുവാൻ പ്രയാസമാണ്. മാർത്താണ്ഡവർമ്മയുടെ കാലം മുതല്ക്കു തിരുവിതാംകൂർ രാജകുടുംബത്തിന്റെ നിയമങ്ങളും പതിവുകളും അദ്ദേഹം ആവിഷ്ക്കരിച്ച് നടപ്പാക്കിയവയാണ്.

അക്കൂട്ടത്തിലൊന്നാണ്, തിരുവിതാംകൂർ രാജകുടുംബം ദത്തെടുക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ, ഈ നിയമങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിൽ വരുത്തിയത്, കൊ.വ. 923, മേടമാസം 11–ാം തീയതിയാണ്. അന്നേ ദിവസം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ വച്ച് മാർത്താണ്ഡവർമ്മയും, അനുജത്തിയായ പൂരുരുട്ടാതി തിരുനാൾ ആറ്റിങ്ങൽ മൂത്ത തമ്പുരാനും, എട്ടര യോഗത്തിലെ അംഗങ്ങളും (സ്വാമിയാർ, ആറ് പോറ്റിമാർ, കരണത്താക്കുറുപ്പ്) കൂടി, യോഗം ചേർന്ന്, പഴമ പാരമ്പര്യങ്ങളും, കീഴ്‌വഴക്കങ്ങളും പതിവുകളും എല്ലാം കണക്കിലെടുത്ത് ചർച്ച ചെയ്ത് ആവിഷ്ക്കരിച്ചതാണ് ആ ദത്തു നിയമങ്ങൾ – മതിലകം രേഖകളിൽ അവ ഇപ്രകാരം കാണുന്നു: 'തൃപ്പാപ്പൂർ സ്വരൂപത്തിങ്കൽ പൂരുരുട്ടാതി തിരുനാൾ തിരുവവതാരം ചെയ്തരുളിയ ആറ്റിങ്ങൾ മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും തിരുവയറു വാണതിൽ ആരും ഇല്ലാഴിക കൊണ്ടും കാർത്തിക തിരുനാൾ തിരുവവതാരം ചെയ്തരുളിയ ആറ്റിങ്ങൽ ഇളയ പണ്ടാരത്തിൽ നിന്നും തിരുവയറ് വാണതിൽ പെൺവഴി ഇല്ലാഴിക കൊണ്ടും ഈ സ്വരൂപത്തുങ്കൽ സന്താനത്തിനു പെൺവഴി ഇല്ലാതെ വന്നാൽ കോലസ്വരൂപത്തിങ്കൽ നിന്നും പള്ളിക്കെട്ടു പതിക്കാതെ ഒള്ള പെൺവഴിയെ വരുത്തി, പെരുമാൾ ശ്രീ പത്മനാഭപ്പെരുമാൾക്കു പടിയും പടിയേറ്റവും കഴിപ്പിച്ചു കാണിക്കയും വച്ചു വട്ടക പ്രസാദവും കൊടുത്തു പള്ളിക്കെട്ടും പതിപ്പിച്ചു അതിൽ വയസ്സിനു മൂത്തവർക്കു ആറ്റിങ്ങൽ മൂപ്പും ഇളയവർക്ക് ഇളമുറ മൂന്നാംമുറയും ഇതിൻവെണ്ണം അവകാശമാക്കി നടക്കത്തക്കവെണ്ണവും ഇതിൽ ആറ്റിങ്ങൽ മൂപ്പും ഇളമുറ ആയി ഇരിയ്ക്കുന്നവരും തിരുവയറു വാഴുന്ന ആൺവഴിയും പെൺവഴിയും ഒണ്ടായി വന്നാൽ വയസ്സിനു മൂത്ത ആൺവഴിക്കു ചിറവാമൂപ്പും വെച്ചു രാജ്യപരിപാലനവും, ക്ഷേത്ര സംബന്ധവും നടന്നുകൊള്ളത്തക്കവെണ്ണവും, വയസ്സിനു മൂത്ത പെൺവഴിക്കു ആറ്റിങ്ങൽ മൂപ്പും വച്ചു നടന്നുകൊള്ളത്തക്കവെണ്ണവും ശേഷം ഒള്ള ആൺവഴിക്കും പെൺവഴിക്കും വയസ്സു ക്രമംപോലെ ഇളമുറ, മൂന്നാംമുറ ഇപ്രകാരം നടന്നുകൊള്ളണമെന്നും സ്വരൂപത്തിങ്കലും യോഗത്തിങ്കൽ ഒള്ള ജനങ്ങളും കൂടി വിചാരിച്ചു നിശ്ചയിച്ച പതിവ്.

ഇവിടെ പ്രത്യേകം ശ്രദ്ധേയമായത്, ഒരു യോഗം കൂടി പലതും ആലോചിച്ചെടുത്ത ഒരു തീരുമാനമായിരുന്നു ഇതെന്നുള്ളതാണ്. ആ യോഗത്തിൽ, രാജ്യം ഭരിയ്ക്കുവാൻ പുരുഷന്മാരില്ലെങ്കിൽ, പാരമ്പര്യം കൊണ്ട് ഭരണാധിപകളായിരുന്ന ആറ്റിങ്ങൽ റാണിമാർ തന്നെ രാജ്യം ഭരിച്ചു കൊള്ളുമെന്നതിനാലാണ് കുടുംബത്തിലേക്ക് പുരുഷന്മാരെ ദത്തെടുക്കുന്നതിനെ സംബന്ധിയ്ക്കുന്ന വ്യവസ്ഥകൾ ഒന്നും പരാമർശിയ്ക്കാത്തത്. വംശീയമായി കോലസ്വരൂപത്തെ തൃപ്പാപ്പൂർ സ്വരൂപത്തിൽ നിന്നും ഒഴിവാക്കുവാനുള്ള ശ്രമത്തെക്കുറിച്ച് മാർത്താണ്ഡവർമ്മ പൂർണ്ണ ബോധവാനായിരുന്നതുകൊണ്ടാണ്, ഈ നിയമങ്ങളിൽ ആറ്റിങ്ങൽ റാണിമാർക്ക് ജനിയ്ക്കുന്ന പുരുഷസന്താനങ്ങൾ മാത്രം ചിറവാമൂപ്പ് കൊണ്ട് രാജ്യവും ക്ഷേത്രവും ഭരിയ്ക്കുമെന്ന് വ്യക്തമാക്കിയത് ക്ലിപ്തപ്പെടുത്തിയത്

തിരുവിതാംകൂർ രാജ കുടുംബം എങ്ങിനെ നിലനിറുത്തണ മെന്നാണ്, നിലനിറുത്തേണ്ടതാണെ ന്നാണ് ഈ പതിവ് തീർപ്പ് കല്പി ച്ചത്. ഈ പതിവ് നിയമമാണ്. എന്നാൽ ദത്തെടുക്കുന്നതിന് ചില നടപടിക്രമങ്ങളും ആവിഷ്ക്കരിച്ചി രുന്നു. ഒരു രാജാവിന് തോന്നിയ പോലെ ഒരു ദത്ത് നടത്താനാകുമാ യിരുന്നില്ല. തിരുവിതാംകൂർ രാജ കുടുംബത്തിന്റെ 'കുടുംബ നാഥ' ആറ്റിങ്ങൽ മൂത്ത തമ്പുരാനാണ്. സ്വതവേ ഒരു ഭരണാധിപ, രാജ്യാധി കാര, റാണി സ്ഥാനമുണ്ടായിരുന്നതി നാൽ വളരെ ആദരണീയമായ ഒരു സ്ഥാനമാണ് ആറ്റിങ്ങൽ തമ്പുരാക്ക ന്മാർക്ക് ഉണ്ടായിരുന്നത്. ഒരു തിരു വിതാംകൂർ രാജാവ് ഒരു പെൺ കുട്ടിയെ ദത്തെടുക്കുവാൻ തീരുമാ നിയ്ക്കുകയാണെങ്കിൽ, ഒന്നാമതായി, ആറ്റിങ്ങൽ മൂത്ത തമ്പുരാനെ വിവരം അറിയിച്ച് സമ്മതം വാങ്ങണം. തിരു വിതാംകൂർ രാജകുടുംബാംഗങ്ങൾ ശ്രീപത്മനാഭ ദാസന്മാരും ശ്രീപത്മ നാഭ സേവിനികളുമാണ്. അതു കാരണം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തെ ഒഴിവാക്കി ഒരു കുടുംബ കാര്യവും നടത്തുവാൻ നിവർത്തി യില്ല. അതു കാരണം ആറ്റിങ്ങൽ മൂത്ത തമ്പുരാന്റെ സമ്മതം എട്ടര യോഗത്തിൽ അവതരിപ്പിയ്ക്കണം. എട്ടരയോഗം കൂടി ദത്തെടുക്കുവാ നുള്ള അനുജ്ഞ വാങ്ങണം. ഈ രണ്ട് കാര്യങ്ങൾ വിധിയാംവണ്ണം നട ത്തിയതിനുശേഷം മാത്രമേ പടിയും പടിയേറ്റവും മറ്റ് ചടങ്ങുകളും നടത്തി ദത്ത് നടത്താനാകൂ. ഈ നടപടി ക്രമങ്ങളെല്ലാം യഥാവിധി പാലിച്ചാൽ മാത്രമേ തിരുവിതാംകൂർ രാജകുടും ബത്തിലേയ്ക്കുള്ള ഒരു ദത്ത്, നിയ മാനുസൃതമായ ഒരു ദത്ത് ആവുക യുള്ളു, ദത്തെടുത്ത വ്യക്തി ഒരു തിരുവിതാംകൂർ രാജകുടുംബാംഗം ആവുകയുള്ളു.

മൈസൂർ സുൽത്താന്മാർ മല ബാറിൽ ആക്രമണഭീഷണി ഉയർത്തി യപ്പോൾ തന്നെ ചെങ്ങ കോവില കത്തെ ചതയം തിരുനാൾ മഹാപ്രഭ അമ്മ തമ്പുരാനും അഞ്ചു പെൺ കുട്ടികളും ധർമ്മരാജാവിനെ അഭയം പ്രാപിച്ചിരുന്നു. ഇവരെ മഹാരാജാവ് മാവേലിക്കരയാണ് പാർപ്പിച്ചിരുന്നത്. 963 ഇടവം 21-ാം തീയതി അവിട്ടം തിരുനാൾ ബാലരാമവർമ്മയുടെ മാതാവ് മസൂരിയുടെ ആലസ്യത്താൽ ദിവംഗതയായപ്പോൾ രാജകുടുംബം അന്യത്തിന്റെ ഭീഷണിയിലായി. ദത്ത് ആവശ്യമായി വന്നു. കൊ.വ. 964 ആയപ്പോഴേയ്ക്കും ചതയം തിരുനാ ളിന്റെ മൂത്തപുത്രി അത്തം തിരുനാൾ ഭാരീരഥിയെ, കോട്ടയത്തിനടുത്തുള്ള പള്ളത്തു കൊട്ടാരത്തിലെ രവിവർമ്മ കോയിത്തമ്പുരാൻ വിവാഹം കഴിച്ചി രുന്നു. രവിവർമ്മ കോയിത്തമ്പുരാൻ പരപ്പൂർ സ്വരൂപത്തിന്റെ ശാഖാ കുടും ബമായ ബേപ്പൂർ ആലയക്കോട്ടു കോവിലകത്തെയാണ്. ഈ കോവി ലകവും ഈ കാലഘട്ടത്തിൽ ധർമ്മ രാജാവിനെ അഭയം പ്രാപിച്ചിരുന്നു. അവരെ ചങ്ങനാശ്ശേരി നീരാഴിക്കെട്ട് കൊട്ടാരത്തിലാണ് ആദ്യം പാർപ്പിച്ചി രുന്നത്. രവിവർമ്മ പള്ളത്തു കൊട്ടാ രത്തിലെ ആകുന്നത് അദ്ദേഹത്തിന്റെ മാതാവായ ആക്കി അമ്മയും സന്താ നങ്ങളും കൊ.വ. 970 മേടത്തിൽ (എ.ഡി. 1795) ചങ്ങനാശ്ശേരിയിൽ നിന്നും പള്ളത്തേക്ക് മാറി പാർത്ത പ്പോഴാണ്. കൊ.വ. 964, തുലാം 13-ാം തീയതി ധർമ്മരാജാവ് അത്തം തിരുനാൾ ഭാഗീരഥിയുടെ അനുജ ത്തിമാരായ അവിവാഹിതരായ ഭരണി തിരുനാൾ ഭാഗീരഥിയേയും ഉത്രം തിരുനാൾ ഉമയേയും തിരുവിതാം കൂർ രാജകുടുംബത്തിലേക്ക് ദത്തെ ടുത്തു.

തിരുവിതാംകൂർ രാജകുടുംബ ത്തിന്റെ അടുത്ത ബന്ധുക്കളായി തീർന്നതോടെ മാവേലിക്കര രാജ കുടുംബം, അടിക്കടി ക്ഷേത്രോ ത്സവ സംബന്ധമായും രാജകുടുംബ വിശേഷങ്ങൾക്കുമൊക്കെയായി തിരു വനന്തപുരത്ത് വന്നുകൊണ്ടിരുന്നു.

കൊ.വ. 966-ാമാണ്ട് തുലാ മാസം 24-ാം തീയതി ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിൽ തുലാമാ സത്തെ 'അല്പശി' ഉത്സവത്തിന് അത്തംനാൾ കൊടിയേറിയതിന്റെ നാലാംനാൾ വിശാഖത്തിന്റെ അന്ന് തിരുവിതാംകൂർ രാജകുടുംബത്തിന് ഒരശുദ്ധി വന്നു. അതുകാരണം മഹാ രാജാവിനും രാജകുടുംബാംഗ ങ്ങൾക്കും പതിവനുസരിച്ച് ഉത്സവ ചടങ്ങുകളിൽ പങ്കെടുക്കുവാൻ സാധിച്ചില്ല. കൊ.വ. 966 തുലാമാസം 27-ാം തീയതി (എ.ഡി. 1790) വിശാഖം നക്ഷത്ര ദിവസം അത്തം തിരുനാൾ ഭാഗീരഥി ഒരു പുരുഷ പ്രജയ്ക്ക് ജന്മം നല്കി. ഈ കുട്ടി യാണ് വിശാഖം തിരുനാൾ കേരള വർമ്മ.

കൊ.വ. 963-ൽ പൂരുരുട്ടാതി തിരുനാൾ ആറ്റിങ്ങൽ മൂത്ത തമ്പു രാൻ ദിവംഗതയാകുന്നതുവരെ പുത്ര ന്മാരായ മകയിരം തിരുനാൾ രവി വർമ്മ, അവിട്ടം തിരുനാൾ ബാലരാമ വർമ്മ എന്നിവർ ആറ്റിങ്ങൽ റാണിമാ രുടെ കൊട്ടാരമായ ശ്രീപാദം കൊട്ടാ രത്തിൽ താമസിച്ചിരുന്നു. മാതാ വിന്റെ ആലസ്യത്തെ തുടർന്ന് ഇവർ വടക്കെ കൊട്ടാരത്തിലേക്ക് മാറി. അവിടെ താമസിച്ചു വരവെ, കൊ.വ. 966 ധനു 23-ാം തീയതി മകയിരം തിരുനാൾ രവിവർമ്മ ദിവംഗതനായി. അതോടെ പരിചാരകർക്കൊപ്പം അവിട്ടം തിരുനാൾ ബാലരാമവർമ്മ ഒൻപതു വയസ്സ് മുതൽ ഒറ്റയ്ക്കായി താമസം. കൊ.വ. 969 ധനു 26-ാം തീയതി, കവിയും (കുചേലവൃത്തം, കാർത്തവീര്യാർജ്ജുന വിജയം എന്നീ സംസ്കൃതം ചമ്പുക്കൾ, രുഗ് മിണീപരിണയം സംസ്കൃത നാടകം, വഞ്ചീശസ്തവം, ശൃംഗാരസുധാകരം ഭാണം) രുഗ്മിണീ സ്വയംവരം, പൗണ്ഡ്രകവധം, അംബരീഷചരിതം, പൂതനാമോക്ഷം, നരകാസുരവധ ത്തിന്റെ ഉത്തരാർദ്ധം എന്നീ ആട്ടക്ക ഥകളുടെ കർത്താവുമായ അശ്വതി തിരുനാൾ രാമവർമ്മ ഇളയ തമ്പുരാനും ദിവംഗതനായതോടെ പന്ത്രണ്ടു വയ സ്സുള്ള ബാലരാമവർമ്മ ഇളയ രാജാ വായി വടക്കെ കൊട്ടാരത്തിൽ തന്നെ ഒറ്റയ്ക്ക് കഴിഞ്ഞുകൂടി. തിരുവനന്ത പുരത്ത് ഓരോ വിശേഷങ്ങൾക്കായി മാവേലിക്കരക്കാർ വരുമ്പോൾ വിശാഖം തിരുനാൾ കേരളവർമ്മയും അമ്മയോടൊപ്പം വരുമായിരുന്നു.

*(തുടരും)*

# ശ്രീകൃഷ്ണസ്തുതി

**പി.കെ.കുഞ്ഞിയനുജത്തി തമ്പുരാട്ടി**

ഗോപാലബാലകരുമായ് വിപിനേ കളിയ്ക്കും
ഗോലോകപാല! കരുണാകര! ദീനബന്ധോ!
ഗോവൃന്ദവും കുഴലുമായുടനന്തികേമേ
ആവിർഭവിച്ചു വിളയാടുക തമ്പുരാനെ!

കാലാരിയായ ഭഗവാനു മഹോത്ഭദീയ
മായാവിലാസമതിനാലെ വലഞ്ഞതില്ലേ
ആ മായയാലെ വലയുന്നിതു ഞാനുമേറ്റം
മോഹൈകനാശന! ഭവാനതു തീർത്തിടേണം

ശ്രീകൃഷ്ണ!കൃഷ്ണ!ജഗദീശ! മനോഹരരാംഗ!
ശ്രീരാധികാരമണ! ഹേ കരുണാപയോധെ!
ശ്രീയാർന്നിടും തവമുഖാംബുജമൊന്നു കാട്ടീ-
ട്ടീയുള്ളവൾക്കു ഗതിയേകുക ചക്രപാണെ!

ഗോപീധവ! ഗുരുപുരാധിപ! നന്ദസൂനോ!
ഗോവിന്ദ! ഹേ ഗരുഡവാഹന! പത്മനാഭ!
പാരാതെ വന്നുടനെയെന്നുടെയന്ത്യകാല
ത്താരോമൽ ദേഹമൊടു ചേർക്കുകമാരുതേശ!

സേവിക്കും മാനുഷർക്കങ്ങഖിലസുഖമതും
നൽകുമീമാരുതേശൻ
ബോധിക്കുന്നില്ലതാർക്കും കലികലുഷമതല്ലാതെ
യെന്തൊന്നു ചൊല്ലും
യോഗശ്രീ നിദ്രകൊള്ളും പരമപുരുഷനാം
കൃഷ്ണപാദാരവിന്ദം
രാഗദ്വേഷാദിപേറുന്നിവളുടെ ദുരിതം
സർവ്വദാനീക്കിടേണം

ഏലസ്സും മണി, കാൽച്ചിലമ്പുകളുമി-
ട്ടോടിക്കളിച്ചെത്രയും
ക്ഷീണത്തോടെ വരുന്ന തന്റെതനയം
നന്ദ്യായെടുത്താദരാൽ
ആരോമൽ മുഖപങ്കജം തെരുതെരെ
ചുംബിച്ചു ചുംബിച്ചുതി-
സ്നേഹത്തോടെ യശോദ പുൽകിയകിശോ-
രൻ താനെനില്ക്കാശ്രയം.

കുട്ടാചാടിക്കളിച്ചിട്ടരുമ മകനെ നിൻ-
മേനിയേറ്റം തളർന്നൂ
കഷ്ടം കാർകൂന്തൽ ചിന്നിച്ചതറി മുഖ-
സരോജത്തിലേറ്റം ലസിപ്പൂ
പുഷ്ടാമോദത്തോടേയീ ജജനനിയുടെയൊലി
യ്ക്കും മുലപ്പാലശിച്ചി-
ട്ടിഷ്ടത്തോടെ ക്കളിയ്ക്കാം വരിക മകനെ! നീ
നല്ല പൊന്നുണ്ണിയല്ലേ

കെട്ടേണം കൂന്തൽ നന്നായതിലധി മധുരം
പീലികൾ കോർത്തിടേണം
കുത്തേണം ഫാലദേശേ കുതുകമൊടുടനേ
ഗോപിയും, ലോചനത്തിൽ
ചേർക്കേണം അഞ്ജനം, നൽ മണിമയമകര-
ക്കുണ്ഡലം കർണ്ണയുഗ്മേ
ചാർത്തേണം അഞ്ജനാഭാ പുലിനഖവന-
മാലാദികൾ മോദമോടെ

●

സ്വാമി ശരണം

# ഒരു അയ്യപ്പഭക്തി ഗാനം



സ്വാമിയേ സകലാധാരകാ നമോ
ആമയാരഹിതനേ നമോനമ.
സോമബിംബ വദനാ നമോ നമ
അഗതീ ഞാൻ

പന്തളേശനു പിന്തുണപ്പൈതലായ്
നിന്തിരുവടി വാണോരു കാലത്തെ
അന്തമില്ലാത്ത ലീലാവിലാസങ്ങൾ
കാണാകേണം

(സ്വാമിയേ)

സന്തതീസുഖ, മാരോഗ്യദായകാ
സന്തതം ശബരീമാമലൈ വാസാ
ചിന്തനീയൊഴിഞ്ഞില്ലേ മനോഹരാ
പരിപാഹി

(സ്വാമിയേ)

കാമവൈരികുലേശാ കുമാരകാ
കാരണാ ജഗത് സർവ്വ ഗുണാലയാ
നീലലോഹിതസൂനോ നമോ നമ
പരിപാഹി

ലോകനായക, സംസാര സാഗരം
ആകവേ കര കാണാതുഴലുമ്പോൾ
നീ കനിഞ്ഞു കടാക്ഷിച്ചിടേണമെ
ശബരീശാ

(സ്വാമിയേ...)

വന്ദ്യമാം പതിനെട്ടാം പടി മുകൾ
ചേർന്നു മേവുമെൻ തമ്പുരാനേ വിഭോ
ദീനതയെല്ലാം മാറ്റീടണേ സ്വാമീ
നമിക്കുന്നേൻ

വൻ പുലിപ്പുറത്തേറുവോനേ നമോ
പമ്പതൻ തീരമാർന്നവനേ നമോ
ഇമ്പമെന്നിലുണ്ടാകേണമേ വിഭോ
ശബരീശാ

(സ്വാമിയേ...)

◆

*[ഈ കീർത്തനം വളരെ വർഷങ്ങൾക്കു മുമ്പ് മധ്യ തിരുവിതാംകൂറിലെ ചില ക്ഷേത്രങ്ങളിൽ മണ്ഡലമകരവിളക്കു കാലത്ത് പാടികേട്ടിട്ടുള്ളതാണ്. ഇതാരാണു രചിച്ചതെന്നറിയില്ല. ആർക്കെങ്കിലും ഇതേപ്പറ്റി അറിവുണ്ടെങ്കിൽ പത്രാധിപരെ അറിയിക്കാൻ താൽപ്പര്യപ്പെടുന്നു.]*

# മലയാളത്തിന്റെ മഹാപ്രതിഭ

ആർ. ശ്രീലതാ വർമ

*വൈയാകരണൻ, പ്രഗത്ഭനായ അദ്ധ്യാപകൻ, സർഗാത്മകത തെളിയിച്ച കവി, ഗദ്യത്തിലും പദ്യത്തിലും നവ ഭാവുകത്വത്തിന് വഴി തെളിച്ച നിരൂപകൻ, സംസ്കൃതത്തിലെ നാടകങ്ങളും മഹാകാവ്യങ്ങളും ഭാഷയ്ക്കു പരിചയപ്പെടുത്തിയ പരിഭാഷകൻ എന്നീ വൈവിധ്യമാർന്ന വിഷയങ്ങൾ അനായാസേന കൈകാര്യം ചെയ്ത് മലയാളഭാഷയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകിയ കേരളപാണിനി എ.ആർ. രാജരാജവർമ്മയുടെ സാഹിത്യ സപര്യകളെക്കുറിച്ച് ശ്രീലതാവർമ്മ നടത്തിയ പഠനം രണ്ടു ലക്കങ്ങളിലായി ക്ഷാത്രസന്ദേശം പ്രസിദ്ധീകരിക്കുന്നു.*

ഏതൊരു വ്യക്തിയുടെയും സംവേദനശീലം അയാളുടെ വിദ്യാഭ്യാസവുമായും സാംസ്കാരിക പശ്ചാത്തലവുമായും ലോകപരിജ്ഞാനവുമായും ബന്ധപ്പെട്ടാണ് വളരുന്നതും വികാസം കൊള്ളുന്നതും. അതുകൊണ്ടുതന്നെ ഒരു വ്യക്തിയുടെ സംവേദനശീലം മറ്റൊരാളുടേതിൽ നിന്ന് അത്യന്തം ഭിന്നമായിരിക്കുമെന്ന് എടുത്തുപറയേണ്ടതില്ല. ഇപ്രകാരം ഭാവുകത്വപരമായി ഒട്ടേറെ വൈവിധ്യമുള്ള വ്യക്തികൾ നിറഞ്ഞ ഒരു സമൂഹത്തിൽ ആശയപരമായ മാറ്റം – അനിവാര്യമാണെങ്കിൽപോലും – വരുത്തിത്തീർക്കുക എന്നത് ഒരേസമയം ഗൗരവാവഹവും ദുഷ്കരവുമായ ഒന്നത്രേ. ഇത്തരത്തിൽ ദുഷ്കരമായ ഒന്ന് സുകരമാക്കിത്തീർത്ത പ്രതിഭാശാലിയായിരുന്നു എ.ആർ. രാജരാജവർമ. ഒരു കാലഘട്ടത്തിന്റെയാകെ വീക്ഷണങ്ങളെയും അഭിരുചികളെയും സ്വാധീനിക്കാനും അവയെ ഗുണപരമായി പരിവർത്തിപ്പിക്കാനും രാജരാജവർമയ്ക്ക് കഴിഞ്ഞു. സ്വതന്ത്രകൃതികളും പരിഭാഷകളും ഉൾപ്പെടെ വിലമതിക്കാനാകാത്ത ഒരു ഗ്രന്ഥസമ്പത്ത് അദ്ദേഹം മലയാളത്തിനു നല്കി. സാഹിത്യരംഗത്ത് രാജരാജവർമ കൈകാര്യം ചെയ്തിട്ടില്ലാത്ത ഒരു മേഖലയും ഇല്ലായിരുന്നു. സർവസ്പർശിയായ ഒരു തലത്തിലേക്ക് രാജരാജവർമയുടെ സാഹിതീയ വ്യക്തിത്വത്തെ നയിച്ച ഘടകങ്ങൾ പലതായിരുന്നു.

### ഭാഷയ്ക്കും സാഹിത്യത്തിനും അടിസ്ഥാന ഗ്രന്ഥങ്ങൾ

രാജരാജവർമയുടെ സാഹിത്യ സംഭാവനകളെക്കുറിച്ച് പറയുമ്പോൾ 'സഹസ്രമുഖമായ സാഹായ്യം' എന്ന് ഉള്ളൂർ പറഞ്ഞത് എല്ലാ അർത്ഥത്തിലും ശരിയാണ്. ഉള്ളൂർ തന്റെ വിവരണം ഇങ്ങനെ അവസാനിപ്പിക്കുന്നു: "മറ്റുള്ളവർ ഭാഷാസാഹിത്യ സൗധത്തിന്റെ ഭിത്തികൾ ചിത്രപ്പണികൾ ചെയ്തുകൊണ്ടിരുന്നപ്പോൾ ഈ സ്ഥപതിമൂർധന്യൻ അതിന്റെ അസ്തിവാരവും ആരൂഢവും ഉറപ്പിച്ച് അതിന് ശാശ്വത പ്രതിഷ്ഠ നല്കി കേരളീയരെ ആകമാനം അനുഗ്രഹിച്ചു. ആ ശില്പകർമത്തിലാണ് അദ്ദേഹത്തിന്റെ യശസ്സ് ആചന്ദ്രതാരം അചലസ്ഥായിയായി നിലകൊള്ളുന്നത്. ഒന്നു ഞാൻ തീർച്ചയായി പറയാം. അദ്ദേഹത്തെപ്പോലെ സൂക്ഷ്മദർശിയും ഉചിതജ്ഞനും പ്രതിഭാസമ്പന്നനും വ്യവസായ ശീലനുമായ ഒരു മഹാനുഭാവൻ ഈ നവയുഗത്തിൽ കേരളത്തിൽ ജനിച്ചിട്ടില്ല. അത്തരത്തിലുള്ള അതിമാനുഷരുടെ അവതാരം ഏതുദേശത്തും ഏതുകാലത്തും അത്യന്തം വിരളമായിരിക്കാനല്ലാതെ മാർഗവുമില്ല."

സ്തുതിരൂപത്തിൽ ഉള്ളൂർ വിന്യസിച്ചിട്ടുള്ള ഓരോ വാക്കും വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിലേക്കാണ് വിരൽചൂണ്ടുന്നത്. ഉള്ളൂർ പറയുന്നതുപോലെ മലയാളത്തിന്റെ അസ്തിവാരവും ആരൂഢവും ഉറപ്പിച്ചത് രാജരാജവർമയാണ്. അദ്ദേഹത്തിന്റെ ഏറ്റവും വിലപ്പെട്ട സംഭാവനയും മറ്റൊന്നല്ല. 'കേരളപാണിനീയം' 'ഭാഷാഭൂഷണം' 'വൃത്തമഞ്ജരി', 'സാഹിത്യസാഹ്യം' എന്നീ ഗ്രന്ഥങ്ങളുടെ രചനയിലൂടെയാണ് അദ്ദേഹം മലയാളത്തിന് അടിത്തറ പണിതത്.

ആദ്യം തമിഴിന്റെയും പിന്നീട് സംസ്കൃതത്തിന്റെയും സ്വാധീനവലയത്തിൽപ്പെട്ട് സ്വതന്ത്രമായ നിലനില്പില്ലാതെ കഴിഞ്ഞിരുന്ന ഒരു നീണ്ടകാലത്തെ ചരിത്രം മലയാളഭാഷയ്ക്കുണ്ടായിരുന്നു എന്നത് സർവവിദിതമാണ്. കാലക്രമത്തിൽ ഭാഷയ്ക്ക് സ്വതന്ത്രമായ അസ്തിത്വം ഉണ്ടായി എങ്കിലും ഭാഷയുടെ ഉത്പത്തി വികാസങ്ങൾ, പ്രയോഗ വൈശിഷ്ട്യം, വ്യാകരണപരമായ സവിശേഷതകൾ ഇവയൊന്നും ചിന്താവഷയമായിരുന്നില്ല. മലയാള ഭാഷയെക്കുറിച്ചുള്ള ആദിമപരാമർശങ്ങൾ നമുക്കു ലഭിക്കുന്നത് സംസ്കൃതത്തിൽ രചിക്കപ്പെട്ട, മണിപ്രവാള ലക്ഷണഗ്രന്ഥമായ ലീലാതിലകത്തിൽ നിന്നാണ്. ലീലാതിലകകാലം കഴിഞ്ഞ്, മതപ്രചാരണാർത്ഥം കേരളത്തിലെത്തിയ ക്രൈസ്തവ മിഷനറിമാരിൽ ചിലർ മലയാളഭാഷയിൽ അവഗാഹം നേടുകയും വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുകളും തയ്യാറാക്കുകയും ചെയ്തു. ഇവയിൽ എടുത്തുപറയേണ്ടത് ഹെർമൻ ഗുണ്ടർട്ടിന്റെ 'മലയാളഭാഷാവ്യാകരണം' റവറന്റ് ജോർജ്ജ് മാത്തന്റെ 'മലയാണ്മയുടെ വ്യാകരണം' എന്നിവയാണ്. മിഷനറിമാർക്കുശേഷം 1876–ൽ പാച്ചുമൂത്തതിന്റെ 'കേരളഭാഷയുടെ വ്യാകരണ'വും 1878–ൽ കോവുണ്ണി നെടുങ്ങാടിയുടെ 'കേരളകൗമുദി'യും രചിക്കപ്പെട്ടു.

ഈദൃശ്യങ്ങളായ ശ്രമങ്ങളെല്ലാം അവ്യവസ്ഥിതമായിരുന്ന ഭാഷാപഠനരംഗത്ത് ഒട്ടൊരുണർവുണ്ടാക്കി എന്നല്ലാതെ തത്സംബന്ധിയായി സമഗ്രവും ആധികാരികവുമായ പഠനം കാഴ്ച വയ്ക്കാൻ ഇവയ്ക്കൊന്നും കഴിഞ്ഞില്ല. ഇതേക്കുറിച്ച് മറ്റാരെക്കാളും കൂടുതൽ ബോധവാനായിരുന്നു രാജരാജവർമ. ഭാഷയുടെ സ്വരൂപവും ഘടനയും സൂക്ഷ്മമായി പ്രതിപാദിക്കുന്ന, വ്യാകരണ

വിഷയകമായി വസ്തുനിഷ്ഠമായ പഠനങ്ങൾ ഉൾച്ചേരുന്ന പുതിയൊരു വ്യാകരണഗ്രന്ഥം എന്ന ആശയം വളരെക്കാലമായി അദ്ദേഹത്തിന്റെയുള്ളിലുണ്ടായിരുന്നതുമാണ്. അതൊരു നിയോഗം പോലെ അദ്ദേഹം ഏറ്റെടുത്തു. അങ്ങനെ 1891-ൽ തുടങ്ങി 1895 വരെയുള്ള കാലത്തെ തീവ്രമായ പരിശ്രമം കൊണ്ട് 1896-ൽ 'കേരളപാണിനീയ'ത്തിന്റെ ഒന്നാംപതിപ്പ് പ്രസിദ്ധീകരിച്ചു. ഒന്നാംപതിപ്പിൽ മുന്നൂറിലേറെ സൂത്രങ്ങൾ ഉൾപ്പെടുത്തിയിരുന്നു. പിന്നീട് 1917-ൽ പരിഷ്ക്കരിച്ച പുതിയ പതിപ്പ് പ്രകാശനം ചെയ്തു. ഇന്നു നമ്മൾ അറിയുന്ന കേരള പാണിനീയം പുനഃപ്രകാശനം ചെയ്ത രണ്ടാം പതിപ്പാണ്.

കേരളപാണിനീയത്തിന്റെ പീഠികയിൽ മലയാളഭാഷയുടെ ഉത്ഭവം, വികാസം-ഇവയെല്ലാം വിശദമായി ചർച്ച ചെയ്യപ്പെടുന്നു. കേരളപാണിനിയുടെ പക്ഷമനുസരിച്ച് മലയാളത്തിന്റെ ഉത്പത്തി തമിഴിൽ നിന്നാണ്. മലനാട്ടിലാകെ പ്രചാരത്തിലുണ്ടായിരുന്ന കൊടുന്തമിഴ് പിന്നീട് മലയാളമായിത്തീർന്നു എന്ന് അദ്ദേഹം കരുതുന്നു. തമിഴിൽ നിന്ന് മലയാളത്തിലേക്കുള്ള ഈ പരിണാമത്തെ സമർത്ഥിക്കുവാനായി ആറ് ഭാഷാനയങ്ങൾ കേരളപാണിനി അവതരിപ്പിക്കുന്നുണ്ട്.

വ്യാകരണപഠനം ഏഴ് വിഭാഗങ്ങളിലായി നിർവഹിക്കപ്പെട്ടിരിക്കുന്നു. സന്ധിപ്രകരണം, നാമാധികാരം, ധാത്വധികാരം, ഭേദകാധികാരം, നിപാതാവ്യയാധികാരം, ആകാംക്ഷാധികാരം, ശബ്ദോല്പത്തി എന്നിവയാണ് ഏഴ് വിഭാഗങ്ങൾ. ഈ വിഭാഗങ്ങൾക്കെല്ലാം വേറെയും ഉൾപ്പിരിവുകളുണ്ട്. ശാസ്ത്രീയവും വസ്തുനിഷ്ഠവുമായ സമീപനത്തിലൂടെ അന്നത്തെ വായ്മൊഴിയിലും വരമൊഴിയിലും കണ്ടുവന്നിരുന്ന സവിശേഷതകളെല്ലാം എ.ആർ. അപഗ്രഥിക്കുന്നുണ്ട്.

കേരളപാണിനീയത്തിന്റെ ഒന്നും രണ്ടും പതിപ്പുകൾ പ്രസിദ്ധീകരിക്കുന്നതിനിടയ്ക്കുള്ള കാലയളവിൽ അഞ്ച് വ്യാകരണഗ്രന്ഥങ്ങൾ രാജരാജവർമ രചിക്കുകയുണ്ടായി. ശബ്ദശോധിനി (1902), പ്രഥമ വ്യാകരണം (1906), മധ്യമവ്യാകരണം (1907) മണി ദീപിക (1908), ലഘുപാണിനീയം (1909) എന്നിവയാണ് അവ. ഇതിൽ മൂന്നും ഹൈസ്ക്കൂൾ വിദ്യാർത്ഥികളെ ലക്ഷ്യമാക്കി രചിച്ചിട്ടുള്ള മലയാള വ്യാകരണ ഗ്രന്ഥങ്ങളാണ്. ശേഷിക്കുന്നവ രണ്ടും സംസ്കൃതവ്യാകരണങ്ങളും.

ഭാഷ നിരന്തരം പരിണമിച്ചുകൊണ്ടിരിക്കുന്ന ഒന്നാണെന്നും, പരിണാമം നിലച്ച ഭാഷ മാതൃഭാഷയാണെന്നും നമുക്കറിയാം. ആ നിലയ്ക്ക് വളർച്ചയുടെ പ്രത്യേകഘട്ടത്തിലെ വ്യാകരണനിയമങ്ങൾ ഒരു ഭാഷയ്ക്കും ആകല്പാന്തം സ്വീകാര്യമായിരിക്കുകയില്ല. ഈ വസ്തുത മുന്നിൽ കണ്ടുകൊണ്ടല്ലാതെ ഒരു വ്യാകരണഗ്രന്ഥവും പഠിക്കാനാവുകയുമില്ല. വ്യാകരണ നിയമങ്ങളുടെ സ്വീകാര്യതയ്ക്കും നിഷേധത്തിനും അതീതമായി ഇവിടെ നാം ഓർക്കേണ്ടത് കേരളപാണിനീയം പോലൊരു ശാസ്ത്രഗ്രന്ഥം രൂപംകൊണ്ടതിനു പിന്നിലെ പരിശ്രമത്തെയാണ്. പ്രസിദ്ധീകൃതമായിട്ട് 78 വർഷങ്ങൾ പിന്നിട്ട ഈ വ്യാകരണത്തിന് പകരം വയ്ക്കാൻ മറ്റൊന്ന് നമുക്കില്ല; അന്നും ഇന്നും.

കവിതയുടെ ഭാഷയ്ക്ക് ഒരു പ്രത്യേകതയുണ്ട്. വിശിഷ്ടാർഥദ്യോതകമാണത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ സാമാന്യമെന്നതിനെക്കാൾ വിശേഷമാണ് കാവ്യഭാഷയുടെ പ്രയോഗതലം. കാവ്യഭാഷയ്ക്ക് ഇത്തരം വിശിഷ്ടമായ ഒരർത്ഥതലം സിദ്ധമാകുന്നത് അലങ്കാരങ്ങളിലൂടെയാണ്. അങ്ങനെ വരുമ്പോൾ കാവ്യപഠനത്തിൽ അലങ്കാര ചിന്തയ്ക്കും സ്ഥാനമുണ്ടാകുന്നു. എന്നാൽ 'ഭാഷാഭൂഷണ'ത്തിന്റെ രചനയ്ക്ക് എ.ആർ. രാജരാജവർമയെ പ്രേരിപ്പിച്ച പ്രധാന സംഗതി അലങ്കാരവിഷയകമായി മലയാളത്തിനുണ്ടായിരുന്ന ഗ്രന്ഥദാരിദ്ര്യമായിരുന്നു. ഭാഷാഭൂഷണത്തിൽ അദ്ദേഹം ഇക്കാര്യം പറഞ്ഞിട്ടുണ്ട്. കോളേജ് ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ നോട്ടുകൾ പരിഷ്ക്കരിച്ചാണ് ഭാഷാഭൂഷണത്തിന്റെ ഗ്രന്ഥരൂപം തയ്യാറാക്കിയത്.

1902-ൽ പുറത്തുവന്ന ഭാഷാഭൂഷണത്തിൽ അർഥാലങ്കാരങ്ങളെയും ശബ്ദാലങ്കാരങ്ങളെയും ലക്ഷണം ചെയ്തിട്ടുണ്ട്. സംസ്കൃതത്തിലുള്ള അലങ്കാരശാസ്ത്രങ്ങളെയാണ് ഭാഷാഭൂഷണകാരൻ മാതൃകയാക്കിയിട്ടുള്ളത്. ഭാഷാഭൂഷണത്തെ അലങ്കാപ്രകരണം, ദോഷപ്രകരണം, ഗുണപ്രകരണം, ശബ്ദാർത്ഥപ്രകരണം, ധ്വനിപ്രകരണം, ഗുണീഭൂതവ്യംഗ്യപ്രകരണം എന്നിങ്ങനെ വിഭജിച്ചിക്കുന്നു. വിദ്യാർത്ഥികളിൽ അലങ്കാരങ്ങളെക്കുറിച്ച് സാമാന്യമായ അവബോധം ഉണ്ടാക്കുക എന്നതായിരുന്നു ഭാഷാഭൂഷണത്തിന്റെ രചനാലക്ഷ്യം".........അധ്യേതാക്കൾക്ക് അലങ്കാരശാസ്ത്രത്തിന്റെ ഒരു സ്ഥൂലജ്ഞാനമെങ്കിലും അത്യാവശ്യമായിത്തീർന്നിരിക്കുന്നു എന്ന് ഭാഷാഭൂഷണകാരൻ തന്നെ പറഞ്ഞിട്ടുള്ളതു നോക്കുക. ഈയൊരു രചനാലക്ഷ്യത്തെ ഭാഷാഭൂഷണം പൂർണമായി സാക്ഷാത്കരിക്കുന്നുണ്ട്.

അലങ്കാരശാസ്ത്രമെന്നപോലെ ഭാഷയിൽ ഒരു ഗണ്യമായ വൃത്തശാസ്ത്രവും ആവശ്യമാണെന്ന് എ.ആർ. മുൻകൂട്ടി കണ്ടിരുന്നു. ഈ ആവശ്യം പ്രമാണിച്ച്, സാഹിത്യവിദ്യാർത്ഥികൾക്കുവേണ്ടി, 1905-ൽ 'വൃത്തമഞ്ജരി' പ്രകാശിതമായി. 'വൃത്തരത്നാകരം', 'വൃത്തരത്നാവലി' എന്നീ സംസ്കൃതവൃത്തശാസ്ത്രങ്ങളെയാണ് ഗ്രന്ഥകാരൻ വൃത്തമഞ്ജരി രചനയിൽ അവലംബിച്ചിട്ടുള്ളത്. പക്ഷേ ഇവയിൽ ഇല്ലാത്ത ചില പുതിയ വൃത്തങ്ങൾ പേരുനല്കി ലക്ഷണം ചെയ്തിട്ടുള്ള കാര്യവും മുഖവുരയിൽ പറയുന്നുണ്ട്. വൃത്തമഞ്ജരിയിൽ സംസ്കൃതവൃത്തങ്ങൾക്കായി ഏഴു പ്രകരണങ്ങൾ നീക്കി വെച്ചിരിക്കുന്നു. കിളിപ്പാട്ടുവൃത്തങ്ങൾ, തുള്ളൽപ്പാട്ടുവൃത്തങ്ങൾ എന്നെല്ലാം തരംതിരിച്ചുകൊണ്ടാണ് ഭാഷാവൃത്ത ചർച്ച പുരോഗമിക്കുന്നത്. കാവ്യവൃത്തങ്ങളെക്കുറിച്ച് ശാസ്ത്രീയമായി പഠിക്കുന്ന ആദ്യത്തെ ഗ്രന്ഥം എന്ന നിലയ്ക്കാണ് വൃത്തമഞ്ജരി സാഹിത്യചരിതത്തിൽ പ്രസക്തമാകുന്നത്.

*(തുടരും)*

*ഒരു ഓർമ്മക്കുറിപ്പ്*



# എന്റെ പാട്ട് ടീച്ചർ

**ഹൈമവതി വർമ്മ, ചേർത്തല**

ഇളം മഞ്ഞും മഴത്തുള്ളികളും കുളിർമ പരത്തുന്ന കന്നിമാസത്തിലെ ഒരു സുപ്രഭാതം. പൊന്നോണം കഴിഞ്ഞ് ഭക്തിസാന്ദ്രമായ നവരാത്രി ആഘോഷത്തിന് എങ്ങും തുടക്കമായി.

ഞാനും കുടുംബവും ഗുരുവായൂരിൽ വന്നിട്ട് മൂന്നാലു ദിവസങ്ങളായി. പതിവുപോലെ രാവിലെ ഭഗവൽദർശനം നടത്തി ഞാൻ മേല്പത്തൂർ മണ്ഡപത്തിലെത്തി. മഹോത്സവത്തിന്റെ വൻതിരക്ക്.

പരിപാടികൾ തുടങ്ങിയിരുന്നു. തെന്നിന്ത്യയിലെ മിക്കവാറും എല്ലാ സംഗീതപ്രഗത്ഭരും അവിടെ എത്തും. തങ്ങൾക്ക് ദൈവസിദ്ധമായി കിട്ടിയിട്ടുള്ള സംഗീതസാഗരത്തിൽ നിന്നും ഒരുപിടി മുത്തുകൾ വഴിപാടായി ഉണ്ണികൃഷ്ണന് സമർപ്പിക്കാനാണ് എല്ലാവരും ഈ ചെമ്പൈ മഹോത്സവത്തിന് എത്തുന്നത്.

കണ്ണടച്ച് ഭഗവാനെ ധ്യാനിച്ച് ഞാൻ ഇരിക്കുകയാണ്. എഴുപതു വയസ്സിന്റെ പ്രായാധിക്യം കൊണ്ടുള്ള എല്ലാ വിഷമങ്ങളും തരണം ചെയ്ത് ഈ ദർശനത്തിന് ഭാഗ്യം തന്ന ഭക്തവത്സലനായ ഗോപീകൃഷ്ണന്റെ രൂപം മാത്രം മനസ്സിൽ.

പെട്ടെന്ന് മൈക്കിൽക്കൂടി ഒരു ഗാനം ഉയർന്നു. 'കൃപയാ പാലയാ ശൌരേ' ഞാനുണർന്നു ശ്രദ്ധിച്ചു. ഇമ്പമായ ശാരീരം. കൽക്കണ്ട കഷണങ്ങൾ പോലെ സ്ഫുടമായ വാക്കുകൾ. ചെറുപ്പകാലത്ത് ഞാൻ പഠിച്ച അതേ ശൈലി. അകാംക്ഷയോടെ ഞാൻ എഴുന്നേറ്റു നിന്ന് സ്റ്റേജിലേക്കു നോക്കി. ഏതാണ്ട് പന്ത്രണ്ടു വയസ്സുള്ള ഒരു ബാലനാണ് പാടുന്നത്. മനസ്സിൽ കളിയാടുന്ന വേണുഗോപാലന്റെ അതേ രൂപം. തൊട്ടുപിന്നിൽ മഞ്ഞപ്പട്ടുസാരി അണിഞ്ഞ ഒരു ബ്രാഹ്മണസ്ത്രീ. കുട്ടിയുടെ പാട്ടിന് ശ്രുതി മീട്ടുകയാണ്.

അടുത്ത പാട്ട് തുടങ്ങി 'ക്ഷീരസാഗരശയനാ' 'ആരാണ് ഇത്? തിരക്കുകൊണ്ട് ഒന്നും ശരിക്ക് കാണാൻ പറ്റുന്നില്ല. അടുത്തേക്ക് പോവാനും അസാദ്ധ്യം.' പക്ഷേ പുറകിലിരുന്ന അമ്മയെ ഞാൻ തിരിച്ചറിഞ്ഞു. എന്റെ പാട്ടുടീച്ചർ. അറുപതു വർഷം മുമ്പ് എന്നെയും അനുജത്തിയേയും പാട്ടുപഠിപ്പിച്ച അന്നപൂർണ്ണേശ്വരി അമ്മാൾ.

തിരിച്ച് കൗസ്തുഭത്തിൽ വന്ന് വിശ്രമിക്കുമ്പോൾ എന്റെ മനസ്സ് പിറകോട്ട് പോയി. ഓർമ്മകളുടെ ഒരു ഘോഷയാത്ര. അല്ലലില്ലാത്ത ബാല്യകാലം. മദ്ധ്യതിരുവിതാംകൂറിലെ ഒരു പട്ടണം. അച്ഛന് ജോലിയിൽ സ്ഥലംമാറ്റമായി വന്നതാണ്. അന്ന് ഞാൻ നാലാം ക്ലാസ്സിൽ പഠിക്കുന്നു. അച്ഛൻ, അമ്മ, അനുജത്തി, അനിയൻ. ജ്യേഷ്ഠൻ ഉപരിപഠനത്തിനായി ബനാറിസിലാണ്.

എന്റെ അച്ഛൻ വലിയ സംഗീതപ്രേമിയായിരുന്നു. അച്ഛന്റെ മനസ്സിലെ ആഗ്രഹമാണ് എന്നെയും അനുജത്തിയേയും പാട്ടുപഠിപ്പിക്കാനുള്ള തീരുമാനം. അച്ഛൻ അന്വേഷണം തുടങ്ങി. ഒരു മാസ്റ്ററെ കിട്ടി. ഒരേ ഒരു മാസം. ശ്രുതിയും താളവും ലയവും ഇല്ലാത്ത ഒരു കോലാഹലം. മടുത്ത് അദ്ദേഹത്തെ പറഞ്ഞുവിട്ടു. പാട്ടിന്റെ ഗുണദോഷങ്ങൾ അറിയില്ലെങ്കിലും ചൂരൽ കൊണ്ട് ഞങ്ങളെ അടിച്ചിരുന്ന മാസ്റ്റർ പോയപ്പോൾ ഞങ്ങൾക്കും കൂടെ താമസിച്ചിരുന്ന അമ്മാമനും മുത്തശ്ശിയ്ക്കുമൊക്കെ ആശ്വാസമായി.

അച്ഛന്റെ ആഫീസിലെ ഒരു പരിചയക്കാരനാണ് ടീച്ചറെ വീട്ടിലേക്ക് കൊണ്ടുവന്നത്. ആദ്യദിവസം ഞാനിന്നും ഓർക്കുന്നു. പേര് അന്നപൂർണ്ണേശ്വരി അഥവാ അന്നമ്മു. ഏതാണ്ട് പതിനേഴ് വയസ്സു പ്രായം വരും. അതായത് എന്നെക്കാൾ അഞ്ചോ ആറോ വയസ്സ് കൂടും അത്രേയുള്ളു. സ്വർണ്ണനിറം. നീണ്ടു ചുരുണ്ട കറുത്ത തലമുടി. വിലകുറഞ്ഞ ഒരു കോട്ടൺസാരിയാണ് വേഷം. കാതിൽ രണ്ടു ചെറിയ കമ്മലും. മൂക്കിൽ വെള്ളക്കല്ലു പതിച്ച മൂക്കുത്തിയും. കൈയ്യിൽ രണ്ടു നേരിയ കുപ്പിവളകൾ. കൂടെ അമ്മയും ഉണ്ട്. വിധവ ആയതിനാൽ കാവിനിറത്തിലുള്ള ഒരു ചേലയാണ് ചുറ്റിയിരിക്കുന്നത്. തലമുണ്ഡനം ചെയ്തിരിക്കുന്നു. നെറ്റിയിൽ ഭസ്മക്കുറി.

അച്ഛൻ പറഞ്ഞ വിവരങ്ങൾ അമ്മയിൽ നിന്നാണ് ഞങ്ങൾ അറിഞ്ഞത്. ആരുമില്ലാത്തവർ. പാട്ടുട്യൂഷൻ കൊണ്ട് ജീവിക്കുന്നു. സമയം കിട്ടുമ്പോൾ സംഗീതം അഭ്യസിക്കുന്നുമുണ്ട് മഹാലക്ഷ്മിയെപ്പോലെ. സുന്ദരിയായ മകൾക്ക് ശാരീരികമായും മാനസികമായും ഒരു പോറൽപോലും ഏൽക്കാതെ കാത്തു സൂക്ഷിക്കുന്ന അമ്മ. അച്ഛന്റെ മനസ്സലിഞ്ഞു. അമ്മയ്ക്കും ഞങ്ങൾക്കും ഒരു കൂട്ടുകാരിയെ കിട്ടിയ സന്തോഷം.

പിറ്റേന്നു മുതൽ ക്ലാസ് തുടങ്ങി. എല്ലാവരും ഹാളിലാണ്. ഹാർമോണിയം വായിച്ചുകൊണ്ട് ടീച്ചർ പാടിത്തുടങ്ങി. ഉദയസൂര്യന്റെ കിരണങ്ങൾ പ്രതിബിംബിച്ച ടീച്ച

റുടെ മുക്കൂത്തിയൊ, സുന്ദരമുഖ മോ, ചുട്ടുപഴുപ്പിച്ച തങ്ക കമ്പി പോലെ മനസ്സിന്റെ ഉള്ളിലേക്ക് കോർത്തിണക്കിയ ശബ്ദമാധുര്യമോ എന്തോ എല്ലാം ഞങ്ങളെ വല്ലാതെ ആകർഷിച്ചു. അന്നു മുതൽ അന്നമ്മു ഞങ്ങളുടെ പാട്ടു ടീച്ചറാ യി. അല്ല കുടുംബത്തിലെ ഒരംഗ മായി എന്നു പറയാം.

മൂന്നു വർഷങ്ങൾ കടന്നുപോ യി. എന്റെ അമ്മയും പാട്ടു ക്ലാസ്സുക ളിൽ ഞങ്ങളോടൊപ്പം ചേർന്നു. റേഡിയോയിലൂടെ ടീച്ചർ പുതിയ പാട്ടുകൾ പഠിക്കും. അതു ഞങ്ങളെ പഠിപ്പിക്കും. ഒരു സംഗീത സാമ്രാജ്യം തന്നെയായി ഞങ്ങളുടെ വീട്.

അച്ഛന് പെട്ടെന്ന് സ്ഥലംമാറ്റ മായി. പോകാൻ ഒരു മാസമേയുള്ളൂ. ആയിടയ്ക്കാണ് സ്ഥലത്തെ ശിവ ക്ഷേത്രത്തിലെ ചിറപ്പ്. എല്ലാ വർഷവും പന്ത്രണ്ടു ദിവസം നാടാകെ ആഘോഷം. കലാപരിപാ ടികൾ. വെടിക്കെട്ട്, അന്നദാനം. ഏറ്റവും പ്രധാനം സംഗീത സദസ്സു കളാണ്. പേരുകേട്ട പല വിദ്വാന്മാരും ആസ്വാദകരും അവിടെ എത്തും.

എന്റെ അച്ഛന്റെ മനസ്സിൽ ഒരു ആഗ്രഹം. ടീച്ചറിന് സംഗീതസദ സ്സിൽ പാടാൻ ഒരു അവസരം കൊടു ക്കണം. നാട്ടുകാർക്ക് അച്ഛനെ വള രെ സ്നേഹവും ബഹുമാനവുമാണ്. അതുകൊണ്ട് കാര്യം എളുപ്പമായി സാധിച്ചു. പക്ഷേ അച്ഛനു തന്നെ ആത്മവിശ്വാസം പോര. പേരുകേട്ട വിദ്വാന്മാരുടെ മുമ്പിൽ ടീച്ചർ ഒരു പരിഹാസപാത്രമാകുമോ എന്തോ? അച്ഛൻ ശ്രീപരമേശ്വരനെ പ്രാർത്ഥി ച്ചുകൊണ്ട് പേരു കൊടുത്തു.

ചിറപ്പിന്റെ പതിനൊന്നാം ദിവ സം. നല്ല തിരക്ക്. ദീപാരാധന കഴിഞ്ഞ് കച്ചേരികൾ തുടങ്ങി. ഓരോരുത്തർക്കും അര മണിക്കൂർ മാത്രം. മൂന്നാം ഊഴമാണ് ടീച്ചർക്ക്. കച്ചേരി തുടങ്ങി. രണ്ടു പാട്ട്. ആദ്യം മേല്പത്തൂരിന്റെ കേശാദിപാദം 'അഗ്രേപശ്യാമി'. പിന്നെ ഉടുപ്പി ശ്രീഭ ഗവാനെ ധ്യാനിച്ചുകൊണ്ടുള്ള 'കൃഷ്ണാ നീ ബേഗനേ ബാരോ'. ഭക്തിയുടെയും ആരാധനയുടേയും ഒരു ദേവലോകത്തിൽ സദസ്സാകെ അലിഞ്ഞുപോയതുപോലെ. അന്ന് ടീച്ചർക്ക് കിട്ടിയ അഭിനന്ദനങ്ങൾക്ക് കണക്കില്ല. കാൽക്കൽ നമസ്ക്കരിച്ച ടീച്ചറെ മനസ്സ് തുറന്ന് അച്ഛൻ അനു ഗ്രഹിച്ചു.

ഒരു മാസത്തിനുശേഷം അച്ഛന് സ്ഥലംമാറ്റമായി. പിന്നീട് ഞങ്ങൾ ടീച്ചറെ കണ്ടിട്ടില്ല. വിവര ങ്ങളൊന്നും അറിയാനും സാധിച്ചില്ല.

എത്രയോ വർഷങ്ങൾക്കുശേ ഷമാണ് ഞാനിന്ന് ടീച്ചറെ കണ്ടത്. പക്ഷേ അടുത്തു ചെല്ലാനൊ സംസാ രിക്കാനോ സാധിച്ചില്ല. ഞാൻ മുറി യിലിരുന്ന് അസ്വസ്ഥയായി.

പെട്ടെന്ന് കതകിൽ ഒരു മുട്ടു കേട്ട് ഞാൻ തുറന്നു. എന്തതിശയം. ടീച്ചറും കുട്ടിയും. 'ഇവിടെ? എങ്ങിനെ അറിഞ്ഞു?' അന്നത്തെ ഉദ യാസ്തമന പൂജ എന്റെ വകയായി രുന്നു. ബോർഡിൽ എഴുതിയ നോട്ടീസ് വായിച്ച് എന്റെ താമസ സ്ഥലം കണ്ടുപിടിച്ച് ടീച്ചർ വന്നിരി ക്കുകയാണ്. ടീച്ചറും കുട്ടിയും ഇരു ന്നു. ഞാൻ സൂക്ഷിച്ചു നോക്കി. ഏതാണ്ട് അറുപതു വർഷങ്ങൾക്കു ഷശേഷം ഞങ്ങൾ കാണുകയാണ്. അവടവിടെയായി നരച്ച തലമുടി. ചുരുളുകളൊഴികെ വലിയ മാറ്റമൊ ന്നുമില്ല. തിളങ്ങുന്ന വൈരമൂക്കുത്തി. വൈരക്കമ്മൽ. ചുമപ്പു കല്ലിന്റെ അഡ്യലും പതക്കവും. മഞ്ഞപ്പട്ടുസാ രി. എന്റെ മനസ്സിലെ ചോദ്യത്തനു ത്തരം എന്നോണം ടീച്ചർ പറഞ്ഞു തുടങ്ങി. കുടിലിൽ നിന്നും കൊട്ടാ രത്തിലേക്കുള്ള ഒരു തീർത്ഥയാത്ര. വർഷങ്ങൾക്കുമുമ്പ് ശിവക്ഷേത്ര ത്തിലെ ചിറപ്പിന് സംഗീത കച്ചേരി നടത്തിയ ദിവസം. ഭാഗ്യദേവത ടീച്ചറെ കടാക്ഷിച്ച നിമിഷങ്ങൾ. സദസ്സിലെ ഒരാളായിരുന്നു മദ്രാസിൽ നിന്നും വന്ന രത്നവ്യാപാരിയായ മഹാലിംഗപെരുമാൾ. കൂടെ ഭാര്യയും ഏക പുത്രൻ രവികൃ ഷ്ണനും ഉണ്ട്. മൂന്നുപേരും ടീച്ച റുടെ സംഗീതത്തിലോ, ആകാരത്തി ലോ, ശാലീനതയിലോ എന്തിലാണ് ആകർഷിക്കപ്പെട്ടതെന്നറിയില്ല. രണ്ടു മാസം കഴിഞ്ഞ് ആ ശിവക്ഷേത്ര ത്തിൽ വച്ചു തന്നെ ടീച്ചറും രവികൃ ഷ്ണനും വിവാഹിതരായി. ടീച്ചറും അമ്മയും മദ്രാസിലേക്ക് യാത്രയായി. പിന്നെയുള്ള ജീവിതം സമ്പത്തി ന്റെയും പ്രശസ്തിയുടെയും കൊടു മുടിയിൽ. പാട്ടുപഠിപ്പിക്കൽ നിർത്തി. നവരാത്രി മണ്ഡപങ്ങളിൽ മാത്രം ടീച്ചർ പാടുമായിരുന്നു. പേരക്കുട്ടി യായ ഹരിശങ്കറിന് നല്ല സംഗീതവാ സന. ആ കുട്ടിയെ പഠിപ്പിച്ച് ടീച്ചർ സ്വയംസംതൃപ്തി കണ്ടെത്തി. പന്ത്രണ്ടു വയസ്സായ ഹരിശങ്കറിന് ഗുരുവായൂരിൽ പാടാൻ അനുഗ്രഹം കിട്ടി. ടീച്ചറുടെ കഥ അവസാനിക്കു കയാണ്. ആ വരികൾ ഞാനോർക്കു ന്നു. "എന്റെ അമ്മയുടെ അവസാന ആഗ്രഹമായിരുന്നു വർമ്മസാറി നേയും (എന്റെ അച്ഛൻ) ഞങ്ങൾക്ക് എത്രയോ ദിവസങ്ങൾ ഇലയിട്ട് ചോറുവിളമ്പിതന്ന അമ്മയേയും കാണണമെന്ന്! സാധിച്ചില്ല. പക്ഷേ ഒരു കാര്യം ഞാൻ മറന്നില്ല. ഏതു സ്റ്റേജിൽ പാടുമ്പോഴും വർമ്മസാ റിന് ഏറ്റവും പ്രിയപ്പെട്ട 'കൃപയാപാ ലയ ശൗരേ', 'ക്ഷീര സാഗരശയനാ' ഇതു രണ്ടും ഞാൻ പാടും. എന്റെ ഹരിശങ്കറും അതുതന്നെ ചെയ്യുന്നു. ആ മഹാത്മാവിന്റെ വാത്സല്യവും കാരുണ്യവുമാണ് ഞങ്ങളുടെ ജീവി തത്തിലെ മഹാഭാഗ്യം." കഥ അവ സാനിച്ചു. അവർ വിടപറയുകയാണ്. ഒരു നിമിഷം . ടീച്ചർ കൈയ്യിലിരുന്ന ബാഗ് തുറന്ന് നവരത്നങ്ങൾ പതിച്ച ഗുരുവായൂരപ്പന്റെ ഒരു തങ്കലോക്കറ്റ് ഹരിശങ്കറിന്റെ കൈയ്യിൽ കൊടു ത്തിട്ട് പറഞ്ഞു 'പാപ്പാ. മാമിക്ക് കൊടുത്ത് നമസ്ക്കരിക്കൂ." പിന്നെ എന്നോടായി തുടർന്നു. 'വർമ്മസാ റിന്റെ സ്മരണക്കു മുന്നിൽ കൂപ്പു കൈയ്യോടെ എന്റെ ഒരു ഉപഹാരം'

ഞാൻ നിശ്ശബ്ദയായി നിന്നു. ജീവിതത്തിൽ സ്നേഹവും നന്ദിയും – ഈശ്വരകടാക്ഷത്തിന്റെ രണ്ടു പര്യായങ്ങൾ. അതാണ് എന്റെ അച്ഛനും എന്റെ പാട്ടുടീച്ചറും. വീണ്ടും കാണാമെന്നുള്ള ആഗ്രഹ ത്തോടെ ഗുരുവായൂരപ്പന്റെ സന്നിധി യിൽ വച്ച് ഞങ്ങൾ വിട പറഞ്ഞു. ●

Travelogue

# ANGKOR WAT AND THE SURYAVARMANS OF CAMBODIA - Dr. Lakshmi Raghunandan

History reveals that the ancient Indian Culture, especially idol worship, agriculture, trade etc. were very much in vogue in many Asian countries. Susprising similarities between Angkor wat and Travancore give scope for further research in this area. National Geographic published an article several years ago claiming that the Travancore had Royal Family was a branch of the 'Suryavarman' dynasty. Dr. Lakshmi Raghunandan, grand daughter of the late Maharani Sethu Lakshmi Bayi (Regent) tells us some interesting stories after her recent visit to Combodia, Vietnam and Hongkong. We are publishing this Travelogue in two issues of Kshatra Sandesam.

Angkor Wat had always held a fascination for me, so when an opportunity came to visit Cambodia, Viet Nam and Hong Kong, last month, I jumped at the chance. We arrived at Siem Reap on a cloudy day. The previous week had witnessed a cyclone that had flooded and devastated many areas, so the gathering clouds threatening heavy rain, was a source of some anxiety. However, by the time we reached Angkor Wat by car, the clouds had rolled away and a glorious rainbow spread itself right over the five gopuras of the temple, seemingly inviting us in.

The temple itself sprawled across a vast area, and was surrounded by a wide moat. As we walked across the causeway that spanned the moat, I noticed that two, huge, many headed serpents or Ananthas, topped the balustrade flanking both sides. Our guide told us, that this signified that the temple was that of Vishnu. It had originally been the temple of Sree Ananthapadmanabha, but subsequently it became a Theravada Buddhist monastery,



and the statue had been destroyed. As a Buddhist mona stery it also had stupas where the chief monk was buried, thus accounting for the discovery of a skeleton, when excavations were made later. Once across the moat, there were several steps we had to climb, cutting across long pillared corridors on either side. One wall of the corridor had the world's largest bas relief showing the Mahabharatha war, carved in intricate detail. More steps towered above us in a steep incline. At the top was the inner courtyard surrounding the main gopura. This gopura also had many steps rising almost vertically to the top, where lay the inner sanctum sanctorum, but these steps were closed to the public, as restoration work was in progress. Apparently, these steep steps symbolized the ascent of Mount Meru, the abode of the Gods. The temple itself was built of enormous laterite bricks and slabs of stone transported all the way from a range of hills that lie




far away. Originally, there were four smaller gopuras at the four corners of the outer courtyard, and three gopuras inside, all covered with gold. Carvings of Apsaras on the walls, and intricate patterns on the lintels, showed close similarity to many temples in South India. Vandalism and ruin had left many a stone carving, or piece of lintel, scattered over the courtyard, sometimes pre cariously perched one on top of the other, making it difficult to walk around. But the glory that was once Angkor could not be hidden.

Who were the kings who ruled this country and built temples like Angkor Wat, Bayon, Preah Khan, Ta Prohm, Bantei Srei and many more, which are still being discovered? Why were there curious similarities to South Indian temples, beliefs and practices? Evidences of contact with South India are obvious in the stone statuary, and Sanskrit inscriptions on stone slabs, on display at the Museum in Phnom Penh. Stone slabs with old Khmer inscription on them show a similarity of lettering to all four South Indian languages. But my interest was on the Kings of this great dynasty, who bore names similar to ours, and who built the temple of Anantha padmanabha. What was left of the Anantha padmanabha statue, namely the head, part of the upper torso, and two right hands of the idol, one apparently supporting the head, and the other, intended to hold the Sree Chakra, is exhibited on a dais. As is evident, the reclining figure itself was not flat with the face upturned, as it is in the Sri Anantha Padmanabha Swamy temple in Trivandrum, but lying on one side with the face towards the devotees. There's nothing more to identify the statue, except the nameplate beneath. On the wall next to this exhibit is a frieze taken from inside the temple, showing the entire posture of the reclining Maha Vishnu, but again, the face has been destroyed by vandals. However, we can assume that this represents the original form, as it was, many hundreds of years ago, and the posture is as mentioned above, namely, the deity lying on one side, on Anantha, while Mahalakshmi sits at the feet. Similar friezes are on display at the Cham Museum in Vietnam, so evidently at one time the Chams, or Hindus who lived there, worshipped this form of Maha Vishnu.

*(Cont....Next Issue)*


## സ്മരണാഞ്ജലി

**വേർപാടിന്റെ ഒന്നാംവർഷം**

**25 - 11 - 2009**



**എസ്. രവിവർമ്മ**

**ശ്രീ മൂകാംബിക**
**റ്റി.സി. 36/1701 (2)**
**വള്ളക്കടവ് പി.ഒ**
**തിരുവനന്തപുരം**

നിലയ്ക്കാത്ത ഓർമകളോടെ
സ്നേഹനിധിയായ ആത്മാവിന്
നിത്യശാന്തി നേർന്നുകൊണ്ട്

ഭാര്യ, മക്കൾ, മരുമക്കൾ, പേരമക്കൾ

# ആഞ്ജനേയസ്തോത്രം



**ചെന്നിത്തല രാജരാജവർമ്മ**

ആഞ്ജനേയ പ്രഭോ വായുതനയനെ
ഞങ്ങൾക്കു, കൂട്ടായി വന്നിടുമോ?
ത്രേതായുഗത്തിലെ ശ്രീരാമനു തുണയേകി
സീതയെത്തേടി, നീ പോയതല്ലേ
തന്നുടെ സാമീപ്യം മെല്ലെയറിയിച്ച-
ങ്ങുദ്യാനമൊക്കെ തകർത്തതില്ലേ
വാലിന്മേൽ തുണി ചുറ്റി തൈലവും പൂശി
അഗ്നിഭഗവാനെ കൊളുത്തിയില്ലേ?
അഗ്നിഭഗവാന്റെ കാരുണ്യത്താലെ നീ
ലങ്കാദഹനം നടത്തിയില്ലേ?
ശുചീന്ദ്രമാം ക്ഷേത്രത്തിൽ നിന്റെ തിരുവുടൽ
കണ്ടു വണങ്ങാൻ എത്തുന്നു ഭക്തന്മാർ
ഏണിയിൽ കയറിയിട്ട് മെല്ലെ പൂജാരിയും
കലശമാടുന്നു നിന്റെ മേനിയാകെ
തിരുമാന്ധാംകുന്നിലും തൃക്കവിയൂരിലും
തൃക്കരയം വെട്ടത്തും വാഴുന്നു നീ
ശ്രീരാമദേവന്റെ നാമസങ്കീർത്തനം
ആഞ്ജനേയ! നിന്റെ കാതിന്നമൃതല്ലേ
നൂറ്റൊന്നുവെറ്റില പറഞ്ഞിടാം നിൻ മുന്നിൽ
നൂറ്റൊന്നു വടയുടെ മാലയും ചാർത്തിടാം
ആഞ്ജനേയപ്രഭോ ജിഷ്ണുവിൻ ധ്വജാഗ്രേ
നിലകൊണ്ട് യുദ്ധം ജയിച്ചവനേ
ശ്രീരാമദേവന്റെ നാമപ്രണാമങ്ങൾ
നിത്യവും ഉരുവിടാം ഞങ്ങളെല്ലാം
നിന്നുടെ നാമങ്ങൾ സ്വാപകാലത്തും
നിദ്രക്കു മുമ്പെയും ചെയ്യുക കാരണം
സർവഭയങ്ങളിൽ നിന്നു രക്ഷിക്ക നീ
സർവ വിജയവും വന്നു ഭവിക്കണേ!
ആഞ്ജനേയ പ്രഭോ ഞങ്ങൾക്കഭയമായ്
നിൽക്കുവാൻ കാരുണ്യം കാട്ടിടേണേ!
ഞങ്ങൾക്കു നേർവഴി കാട്ടിടണേ ദേവ!
ആഞ്ജനാസൂനുവാം ശ്രീഹനുമൽ പ്രഭോ!
കണ്ടകശ്ശനിയുടെ ദുഃഖങ്ങളേശാതെ
ഭീമസേനാഗ്രജ രക്ഷിക്ക ഞങ്ങളെ
സ്വച്ഛന്ദ മൃത്യു എനിക്കേകിടേണമേ!
വായുതനയാ നിൻപാദം നമിപ്പൂ ഞാൻ. ●

# ശ്രീധർമ്മശാസ്താ അക്ഷരമാലാസ്തോത്രം

**പി.സി. കുമാരി തമ്പുരാട്ടി**



അഖിലാണ്ഡേശ്വരാ ആനന്ദദായകാ
ശ്രീധർമ്മശാസ്താവേ കൈതൊഴുന്നേൻ
ആധിയും വ്യാധിയും നീക്കീടുവാനെന്നും
തുണയേകണേ നീ സർവ്വേശ്വരാ
ഇന്നോളം ഞാൻ ചെയ്ത പാപങ്ങളെല്ലാം നീ
ഭസ്മമാക്കേണമേ ശബരിഗിരീശ്വരാ
ഈരേഴുലകും നിറഞ്ഞുനില്ക്കുന്നൊരാ-
ചേതോഹര രൂപം കാണേണമേ
ഉള്ളിലുറങ്ങുന്ന സങ്കടങ്ങളെല്ലാം
ഭഗവാനോടെന്നും ഞാൻ ചൊല്ലിടുന്നു
ഊഴിയിൽ വന്നു പിറന്നൊരു ബാലകാ
സത്യസ്വരൂപാ ഞാൻ കൈതൊഴുന്നേൻ
എൻ നാവിലെപ്പോഴും തിരുനാമമുദിക്കുവാൻ
കലിയുഗവരദാ നീ കനിയേണമേ
ഏകാഗ്രതയോടെ ഏറെനൊളായി ഞാൻ
ത്വദ്പാദയുഗ്മം ഭജിച്ചീടുന്നു.
ഐശ്വര്യദീപമായ് മാമലയിൽ വാഴും
മോഹിനീ സുതനേ ഞാൻ കൈതൊഴുന്നേൻ
ഒരു ദിനമെങ്കിലും ഇരുമുടിക്കെട്ടുമായ്
മലയേറിവന്നിടാനനുഗ്രഹിക്കേണമേ
ഓമൽ തിരുമുഖ ദർശനമെന്നിൽ
ജന്മസാഫല്യമായ് തീർന്നിടുന്നു.
ഔത്സുക്യത്തോടെ ഞാനാനിമിഷത്തിനായ്
കൈകൂപ്പി നിൻ മുന്നിൽ നിന്നീടുന്നു
അമ്മയുമച്ഛനുമെല്ലാമെനിക്കിന്നു
ഹരിഹരസുതനാമയ്യനല്ലോ
അഖിലാണ്ഡേശ്വരാ ആനന്ദദായകാ
ശ്രീധർമ്മശാസ്താവേ കൈതൊഴുന്നേൻ ●

# സ്മരണാഞ്ജലി

**ഡോ. വി.എസ്. ശർമ**

**പ്രൊഫ. മാവേലിക്കര ആർ. പ്രഭാകരവർമ്മയെപ്പറ്റി ഒരു മധുരസ്മൃതി**

സമകാലീന കേരളീയ ശാസ്ത്രീയ സംഗീതനഭസ്സിൽ ഒരു മാതൃകാ ആചാര്യനായും പ്രയോക്താവായും ശോഭിച്ചുനിന്ന പ്രൊഫ. മാവേലിക്കര പ്രഭാകരവർമയുടെ ദേഹവിയോഗത്തിനുശേഷം ഒരു വർഷം കടന്നുപോയി. ആ വേർപാട് ഉളവാക്കിയ വിടവ് പരിഹരിക്കുക സുഗമമല്ല. ക്ഷത്രിയ സമുദായത്തിലെ സംഗീതജ്ഞരുടെ പരമ്പരയിൽ ശ്രദ്ധേയനായിരുന്നു അദ്ദേഹം. ശ്രീ സ്വാതിതിരുനാൾ മഹാരാജാവ് തിരുമനസ്സ്, അവിടുത്തെ സഹോദരി രുഗ്മിണിബായി തിരുമനസ്സ്, കേരള വർമ്മ വലിയ കോയിത്തമ്പുരാൻ, അദ്ദേഹത്തിന്റെ സഹധർമിണി ലക്ഷ്മിറാണി, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, അദ്ദേഹത്തിന്റെ സഹധർമിണി കോട്ടയ്ക്കൽ കോവിലകത്തെ തമ്പുരാട്ടി, തൃപ്പൂണിത്തുറ കോവിലകത്തെ മങ്കുത്തമ്പുരാൻ, കവടിയാർ കൊട്ടാരത്തിലെ രാമവർമ്മ തിരുമനസ്സ്, പുതുക്കോട് കൃഷ്ണമൂർത്തിയുടെ ശിഷ്യയായ തൃപ്പൂണിത്തുറ കോവിലകത്തെ സുധാവർമ്മ, നിലമ്പൂർ കോവിലകത്തെ രാഘവവർമ്മ, അനന്തപുരത്തെ അഹല്യ തമ്പുരാട്ടി, അവരുടെ പുത്രി മായാവർമ്മ തുടങ്ങി എത്രയോ പേരെ ഇവിടെ അനുസ്മരിക്കാനുണ്ട്. അക്കൂട്ടത്തിൽ മികച്ച ആലാപകൻ, ആചാര്യൻ, ഭരണകർത്താവ്, വാഗ്ഗേയകാരൻ, സുഹൃത്ത് എന്നിങ്ങനെ പല നിലകളിലും സ്മരണീയനായ ഒരു വ്യക്തിയാണ് മാവേലിക്കര ആർ. പ്രഭാകരവർമ്മ.

കേരളപാണിനി എന്ന അപരനാമത്താൽ പ്രശസ്തനായ പ്രൊഫ. ഏ.ആർ. രാജരാജവർമ്മയുടെ പുത്രി മാവേലിക്കര കൊട്ടാരത്തിലെ ചന്ദ്രപ്രഭാതമ്പുരാട്ടിയുടെയും കിളിമാനൂർ കൊട്ടാരത്തിലെ കെ. രാമവർമ്മ തമ്പുരാന്റെയും ദ്വിതീയ പുത്രനായി പ്രഭാകരവർമ്മ 1929 നവംബറിൽ ജനിച്ചു. 2008 നവംബർ 2–ാം തീയതി ഇഹലോകവാസം വെടിഞ്ഞു. മാവേലിക്കര സ്ക്കൂളിലെ വിദ്യാഭ്യാസം കഴിഞ്ഞ് തിരുവനന്തപുരം ശ്രീസ്വാതിതിരുനാൾ സംഗീതകോളേജിൽ ചേർന്ന് ഗാനഭൂഷണം പാസ്സായി.

1940 മുതൽ വിദ്യാർത്ഥിയായും 1957 മുതൽ അധ്യാപകനായും ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിന്റെ ചരിത്രത്തെ ധന്യമാക്കിയ അദ്ദേഹം തൃപ്പൂണിത്തുറ ആർ.



എൽ. വി. കലാശാലയിൽ നിന്ന് 1984–ൽ പ്രിൻസിപ്പൽ പദവിയിൽ വിരമിച്ചു. ഇതിനിടെ സംസ്കൃതത്തിൽ ബി.എ. പരീക്ഷയും സംഗീതത്തിൽ എം.എ. പരീക്ഷയും പാസ്സായി. കേന്ദ്ര ഗവൺമെന്റിന്റെ സീനിയർ ഫെല്ലോഷിപ്പ് നേടി രണ്ടുവർഷം ഗവേഷണവും നടത്തുകയുണ്ടായി. പതിനഞ്ചാം വയസ്സിൽ ചെങ്ങന്നൂർ ക്ഷേത്രത്തിൽ ആദ്യമായി കച്ചേരി നടത്തി ശ്ലാഘ നേടിയ വർമ്മ പിറ്റ്സ്ബർഗ് ശ്രീ വെങ്കിടേശ്വര യൂണിവേഴ്സിറ്റിയിൽ ആസ്ഥാന വിദ്വാനായും അലക്സാൻഡ്രിയ ലൂസിയാന കോളേജിൽ വിസിറ്റിങ് പ്രൊഫസറായും കുറച്ചുകാലം സേവനം അനുഷ്ഠിക്കുകയുണ്ടായി.

ആകാശവാണിയുടെ പ്രാരംഭകാലം മുതൽ പരിപാടി നടത്തിയിട്ടുള്ള വർമ്മ ടോപ് ആർട്ടിസ്റ്റായിട്ടാണ് റേഡിയോയിലും ടി.വി.യിലും അംഗീകരക്കപ്പെട്ടിരുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 'സംഗീത കലാവിശാരദൻ, പൂർണത്രയീശ സംഗീതസഭയുടെ 'സംഗീത സമ്പൂർണ' ജി.എൻ. സ്വാമി ട്രസ്റ്റിന്റെ 'സംഗീത സാർവഭൗമ, ആലുവ കലാദർപ്പണയുടെ 'സംഗീതവിദ്വാൻ' തൃശൂർ ശ്രുതിലയയുടെ 'സംഗീതരത്ന' എന്നീ ബഹുമതികൾക്കു പുറമേ 2006ൽ കേരള ഗവൺമെന്റിന്റെ 'സ്വാതി പുരസ്കാര'വും ലഭിച്ചു. മൂവാറ്റുപുഴ രാമമംഗലം ഷട്കാല ഗോവിന്ദമാരാർ സ്മാരകസമിതിയുടെ അധ്യക്ഷനായി സേവനം അനുഷ്ഠിച്ചിരുന്ന അദ്ദേഹത്തിന്റെ ശാസ്ത്രാവബോധം പരമാവധി പ്രയോജനപ്പെടുത്തിയതിനു നല്കപ്പെട്ട തുളസീവനപുരസ്കാരവും തുളസീവനകവിതകൾ ചിട്ടപ്പെടുത്തി കൊടുത്ത സംഗതിയും തുളസീവന കൃതികൾ പലേടത്തും പലപ്പോഴും പാടി പ്രചരിപ്പിച്ച സംഗതിയും മറന്നുകൂടാ.

തിരുവനന്തപുരത്തും തൃപ്പൂണിത്തുറയിലുമായി നിരവധി ശിഷ്യർക്ക് വിദഗ്ദ്ധമായ സംഗീതശിക്ഷണം നല്കിപ്പോന്ന വർമ്മയുടെ നിര്യാണാനന്തരം മാതൃഭൂമിയിൽ വന്ന ഒരു കുറിപ്പിന് ശീർഷകം നല്കിയത് കർണാടക സംഗീതപഠനത്തിലെ ഒരു 'പാഠപുസ്തക'മാണെന്നും 'വെണ്ണിലാവെ'ന്നും മറ്റുമായിരുന്നു. അദ്ദേഹത്തിന്റെ അധ്യാപനത്തിലെ നിഷ്കൃഷ്ടതയെപ്പറ്റി എല്ലാ ശിഷ്യരും ശ്ലാഘിച്ചു പറയാറുമുണ്ട്. ശ്രീ സ്വാതിതിരുനാൾ കോളേജ്, ശ്രീസ്വാതി തിരുനാൾ സംഗീതസഭ,

എറണാകുളം ഫൈൻ ആർട്സ് സൊസൈറ്റി, തൃപ്പൂണിത്തുറ ആർ. എൽ.വി. അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളിലും സ്വഗൃഹത്തിലും സംഗീതശിക്ഷണം നല്കിയിരുന്ന അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പ്രമുഖരാണ് മാവേലിക്കര പി. സുബ്രഹ്മണ്യം, പൊൻകുന്നം ദാമോദരൻ, പാല സി.കെ. രാമചന്ദ്രൻ, കുമാര കേരളവർമ്മ, താമരക്കാട് ഗോവിന്ദൻനമ്പൂതിരി, എം.ജി. രാധാകൃഷ്ണൻ, ശങ്കരൻനമ്പൂരിതിരി തുടങ്ങിയവർ. അദ്ദേഹത്തിന്റെ ശിഷ്യനാകാൻ ഭാഗ്യം ലഭിച്ചയാളാണ് ഈ വിനീതലേഖകൻ എന്നുകൂടി ആനുഷംഗികമായി സൂചിപ്പിക്കട്ടെ. അദ്ദേഹത്തിന്റെ സന്തതമിത്രമായ തംബുരു ശിഷ്യരിൽ ഒരു പ്രമുഖ വ്യക്തിക്കു ദാനം ചെയ്കയും അത് അനുക്രമം മറ്റു ശിഷ്യന് യഥാകാലം നല്കപ്പെടണമെന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു എന്നാണറിവ്. സംസ്കൃത സർവകലാശാലയിൽ നിന്ന് ഡീൻഷിപ്പും മലബാർ സുകുമാരൻ ഭാഗവതർ അവാർഡ്, കൊട്ടാരത്തിൽ ശങ്കുണ്ണിനായർ സ്മാരക അവാർഡ് മാവേലിക്കര വീരമണി ഭാഗവതർ അവാർഡ് തുടങ്ങിയ ബഹുമതികളും നല്കപ്പെട്ട അദ്ദേഹത്തെ തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീതസഭ 'ഗായകരത്നം' ബഹുമതി നല്കപ്പെടാതിരുന്നത് കഷ്ടമായിപ്പോയി. അദ്ദേഹവും പി.ആർ. കുമാരകേരളവർമ്മയും ചേർന്ന് ഏതാനും വർഷം മുൻപ് നവരാത്രി മണ്ഡപത്തിൽ കച്ചേരി നടത്തി എന്നതും പ്രസ്താവ്യമാണ്. കേരളത്തിലും പുറമേയും നിരവധി സംഗീതകച്ചേരികൾ നടത്തി സഹൃദയശ്ലാഘ നേടിയ വർമ്മയ്ക്ക് വിപുലമായ ഒരു ആരാധകവൃന്ദം ഉണ്ടായിരുന്നു. ശിഷ്യരും ആരാധകരുമാണല്ലോ ഒരു ഗായകനും ആചാര്യനും സമ്പത്തും അദ്ദേഹം ഏതാനും സംഗീതകൃതികൾ രചിച്ച് ചിട്ടപ്പെടുത്തി ആലപിക്കുകയുണ്ടായിട്ടുണ്ട്.

1. വാഗീശ്വരി വരദേ - ഭൂഷാവലി
2. അമ്മേ വരദായിനി - ധന്യാസി
3. ധർമവതി കൃപാവതി - ധർമവതി

പ്രഭാകരവർമ്മയുടെ സംഗീതസാധനയേ സംബന്ധിച്ച്പറയേണ്ടുന്ന ചില വസ്തുതകൾ കൂടി സൂചിപ്പിക്കട്ടെ

1. അരിയക്കുടിരാമാനുജ അയ്യങ്കാർ, മുസിരി സുബ്രഹ്മണ്യയ്യർ, ഡി.കെ. പട്ടാമ്മാൾ, കെ.വി. നാരായണസ്വാമി, രാമനാട് കൃഷ്ണൻ തുടങ്ങിയവരുടെ സംഗീതാലാപന ശൈലി അദ്ദേഹത്തിനു വലിയ പ്രിയമായിരുന്നു.

2. ഏതു രാഗവും നന്നായി പഠിച്ച് പാടാനും പഠിപ്പിക്കാനും അദ്ദേഹം സമർത്ഥനായിരുന്നുവെങ്കിലും കാംബോജി അദ്ദേഹത്തിന്റെ ഒരു ഇഷ്ടരാഗമായിരുന്നു.

3. കച്ചേരികൾ കേട്ടും ഉൾക്കൊള്ളാനും കച്ചേരി സംബന്ധിച്ച പാഠങ്ങൾ ശിഷ്യർക്ക് ഉപദേശിക്കാനും അദ്ദേഹം തല്പരനായിരുന്നു. നല്ല ആസ്വാദകനായിരുന്നു.

4. അയത്നലളിതമായ ഒരു ആലാപനശൈലി അദ്ദേഹത്തിനുണ്ടായിരുന്നു.

5. കർണാടക സംഗീതാലാപനം കേവലം ഒരു entertainment നുള്ളതല്ല എന്നും ശാസ്ത്രീയ നിഷ്കർഷ പാലിക്കണമെന്നും അദ്ദേഹം വിശ്വസിച്ചു.

6. ദീക്ഷിതരുടെ കൃതികൾ ഗഹനങ്ങളാണ്. എന്നാൽ ആ ഗഹനത ആസ്വാദനത്തിനു തടസ്സമാകാത്ത വിധം ലളിതമായി ആവിഷ്ക്കരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു.

7. സംഗീതത്തിലെ Finer Sentiments കൈമോശം വരാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു.

8. സോപാന സംഗീതത്തിനോട് പ്രിയം ഉണ്ടായിരുന്നു.

9. കേരള വാഗ്ഗേയകാരന്മാരുടെ പല കൃതികളും പാടി പ്രചരിപ്പിക്കാൻ അദ്ദേഹത്തിനു താല്പര്യം ഉണ്ടായിരുന്നു.

10. സംഗീതത്തിൽ ആവശ്യം വേണ്ട 'ഗുരുത്വം' അദ്ദേഹത്തിനുണ്ടായിരുന്നു.

11. മാതൃഭൂമി 2008 നവംബർ 3-ാം തീയതി ഇങ്ങനെ എഴുതിയിരുന്നു. 'ലാളിത്യവും മാധുര്യവും വ്യക്തതയും ഭാവസ്ഫുടതയും സമന്വയിപ്പിച്ച ആലാപനശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. സങ്കീർണമായ രാഗങ്ങൾ അയത്നലളിതമായി പാടാൻ അദ്ദേഹത്തിനു കഴിയുമായിരുന്നു.'

ഇങ്ങനെയെല്ലാം എടുത്തുപറയത്തക്ക സവിശേഷതകൾക്കുടമയായിരുന്ന പ്രഭാകരവർമയുടെ ദേഹവിയോഗത്തിൽ വ്യക്തിപരമായി എനിക്കുണ്ടായ നഷ്ടം അളവറ്റതാണ്. അദ്ദേഹം തിരുവനന്തപുരത്തു താമസിക്കുമ്പോൾ ഞങ്ങൾ കാണുകയോ ബന്ധപ്പെടുകയോ ചെയ്യാത്ത ദിവസമില്ലായിരുന്നു. എന്റെ കുഞ്ചൻ നമ്പ്യാർ ഗവേഷണ പ്രബന്ധത്തിൽ തുള്ളൽപ്പാട്ടുകൾ ഏതാനുമെണ്ണം സ്വരപ്പെടുത്തി ചേർത്തിട്ടുണ്ട്. 'ഗാനസഞ്ചയത്രയം' എന്ന എന്റെ പുസ്തകത്തിന് അദ്ദേഹം സമുചിതമായ ഒരു അവതാരിക എഴുതി എന്നെ അനുഗ്രഹിച്ചിട്ടുമുണ്ട്. അദ്ദേഹത്തിന്റെ ഉത്സാഹത്തിൽ ഡോ. കെ. ഗോദവർമ്മ സാറിന്റെ (അദ്ദേഹത്തിന്റെ വല്യച്ഛൻ) പുസ്തകശേഖരത്തിന്റെ ഒരു ഭാഗം ഞാൻ അധ്യക്ഷനായിരുന്ന കേരള സർവകലാശാല മലയാള വിഭാഗത്തിന് ശ്രീ. രവീന്ദ്രവർമ്മയെക്കൊണ്ട് സംഭാവന ചെയ്ത സംഗതി പ്രത്യേകം ഓർമ്മിക്കുന്നു. ആ ഗ്രന്ഥശേഖരം ഒരു പ്രത്യേക വിഭാഗമായി അവിടെ സൂക്ഷിക്കുകയും ചെയ്തു. ആ കൂട്ടത്തിൽ ഡോ. ഗോദവർമ്മയുടെ അപ്രകാശിതമായ ധ്വന്യാലോകം ഇംഗ്ലീഷ് പരിഭാഷ എന്റെ ഒരു മുഖക്കുറിപ്പോടുകൂടി 1996 ൽ കേരളസർവകലാശാല പ്രസിദ്ധീകരിച്ചു എന്നതും ചാരിതാർത്ഥ്യത്തോടെ ഞാൻ രേഖപ്പെടുത്തട്ടെ.

അദ്ദേഹത്തിന്റെ 'ഗോസായി' ശാപ്പാടിൽ ഞാൻ പങ്കുചേർന്ന സന്ദർഭങ്ങൾ, എന്റെ ഗൃഹത്തിൽ വരികയും ഈയിടെ മാത്രം വേർപിരിഞ്ഞ എന്റെ പ്രിയപ്പെട്ട അമ്മയുമായി കുശലം പറഞ്ഞിരുന്നതും പാട്ടു പാടിയതും വർമ്മ സാറിന്റെ അമ്മയും സഹോദരിമാരും എന്നോട് പ്രദർശിപ്പിച്ചിട്ടുള്ള സ്നേഹവുമെല്ലാം മധുരസ്മൃതികളായി ഞാൻ ഹൃദയത്തിൽ സൂക്ഷിക്കുന്നു. ആ ആർദ്രതയുടെ മുൻപിൽ പ്രണമിക്കുന്നു. നമോനമ.

കഥ

# ജ്വരം

മനോജ് വർമ്മ

എറുമ്പയ്യന് കൈകൾ വിറയ്ക്കുന്നപോലെ തോന്നി. കനിമൊഴി പാതി മയക്കത്തിലാണ്. ഓരോ പാതി ഉണർച്ചയിലും അവൾ ഞരങ്ങുന്നുണ്ടായിരുന്നു.

'അപ്പാ, ഒടമ്പുവലി"

"എനക്കു ജ്വരമാ അപ്പാ?"

എണ്ണമയം തീരെയില്ലാത്ത ഇരുണ്ട തവിട്ടു നിറത്തിലുള്ള മുടികൾ കോതി അയാൾ കനിമൊഴിയുടെ നെറ്റിയിൽ കൈ ചേർത്തു. മിന്നൽപോലെ മനസ്സ് പിടഞ്ഞു. "മീനാക്ഷിയമ്മാ..." രണ്ടു കൈകളും നെഞ്ചിൽ ചേർത്ത് അയാൾ വിളിച്ചു. കണ്ണോളം തിരയടിച്ചു ഹൃദയക്കടൽ.

അയാൾ പ്രാർത്ഥനയോടെ ആകാശത്തേക്കു നോക്കി. ആശയില്ലാ മനസ്സുപോലെ വാനിന് ചാരനിറം. ഒറ്റ നക്ഷത്രവുമില്ല.

ഭൂമിയിൽ തങ്ങൾ രണ്ടുപേർ മാത്രമേയുള്ളു എന്നു തോന്നി എറുമ്പയ്യന്. കർപ്പകം ആകാശത്തുണ്ടാവുമോ?

അമ്മൻകോവിൽ കിഴക്കേ മുറ്റത്തുനിന്ന് പണ്ട് അവൾ ഏതോ പച്ചിലകൾ പറിച്ചുകൊണ്ടുവന്ന് തിരുമ്മി നീരാക്കി കനിമൊഴിയുടെ മൂർദ്ധാവിൽ പുരട്ടുന്നത് ഓർത്തുപോയി.

ഇവിടെ മലയാളക്കരയിൽ കനിമൊഴിയും താനും ഒറ്റക്കാവുന്നത് കർപ്പകം അറിയുന്നുണ്ടാവുമോ?

മുമ്പിൽ ആലിലകൾ പനിച്ചു വിറക്കുന്നുണ്ട്. വല്ലപ്പോഴും ആൽത്തറയിൽ തങ്ങാൻ വരുന്ന കാവി വസ്ത്രക്കാരൻ ഭിക്ഷുവിനേയും ഈയിടെ കാണുന്നില്ല. ഊരുതെണ്ടി പോയതായിരിക്കും.

തുന്നൽക്കടക്ക് മുന്നിൽ ചാരി വെച്ചിരുന്ന ഫ്ളെക്സി ബോർഡ് കാറ്റത്ത് വീണത് വീണ്ടുമെടുത്ത് ഒരു ചുമരുപോലെ അയാൾ ചേർത്ത് വെച്ചു, കനിമൊഴിക്ക് കാറ്റടിക്കാതിരിക്കാൻ. വീട്ടിലെ ഒരു മുറിപോലെ അല്പമെങ്കിലും ഒരു സ്വകാര്യത ലഭിക്കാൻ. സന്ധ്യക്ക് കടയടക്കാൻ നേരം തുന്നൽക്കാരൻ പറഞ്ഞിരുന്നു, ഈ സ്ഥലം അധികനാൾ ഉണ്ടാകില്ല എന്ന്. പുറകിലുള്ള സ്ഥലം മുഴുവൻ ഫ്ളാറ്റ് നിർമാതാക്കൾ വാങ്ങിച്ചു കഴിഞ്ഞു. അല്പനാൾക്കകം കൂറ്റൻനിലകൾ ഉയരും. അപ്പോൾ അതിനുമുമ്പിൽ ഒരു അരിമ്പാറ പോലെ ഈ പീടിക മുറിക്കു പിടിച്ചു നിൽക്കാനാകുമോ?

വളവു തിരിഞ്ഞ് മെയിൻ റോഡിലെത്തുമ്പോൾ ഉള്ള തീയറ്ററിൽ സെക്കൻഡ് ഷോ തുടങ്ങിക്കഴിഞ്ഞു. സിനിമ തീരുന്നതിനുമുമ്പായി തിരുച്ചി തീവണ്ടി പൂക്കളുമായി വരും. പിറ്റേന്ന് അതിരാവിലെ പൂക്കളുമായി എറുമ്പയ്യൻ നഗരഹൃദയത്തിലെ അമ്പലനടയിൽ എത്തും. ചാരെ കനിമൊഴിയും. ഇന്ന് അവളെയും കൂട്ടി റെയിൽവേ സ്റ്റേഷനിൽ പോകാൻ കഴിയുമോ? വാടിയ മല്ലികപ്പൂ പോലെ അവൾ തളർന്നിട്ടുണ്ട്. നടക്കാൻ നന്നെ ബുദ്ധിമുട്ടാകും. അയാൾ മകളെ എടുത്ത് തോളത്തിടാൻ ശ്രമിച്ചു. അവളുടെ കാല്പാദങ്ങൾ അയാളുടെ മുട്ടോളമെത്തുന്നുണ്ട്. ഇന്നവൾ തീരെ കൊച്ചുകുഞ്ഞല്ല.

തേനിയിലെ വയലുകളിലൂടെ അവളേയും തോളത്തിട്ട് രാമരാവണയുദ്ധം കഥ പറയുന്ന പാവക്കൂത്തു കാണാൻ പോയത് അയാളുടെ മനസ്സിലെത്തി. പുറകെ കർപ്പകം ഉണ്ടായിരുന്നു. ഒരു പൂമ്പാറ്റയെപ്പോലെ അന്ന് അവൾ തന്റെ തോളിൽ ചേർന്ന് കിടന്നിരുന്നു.

ഈയിടെയായി കനിമൊഴി അമ്മയെക്കുറിച്ച് ഒന്നും പറയുന്നില്ല. അതോ പുറത്തു കാണിക്കാത്തതാകുമോ?

പതുക്കെ അയാൾ കനിമൊഴിയുടെ തലയിൽ തടവിക്കൊടുത്തു. രണ്ടായിപ്പകുത്ത് തലമുടി താൻ പിന്നിയിട്ട് കൊടുത്തത് മൂന്ന് നാൾ മുമ്പാണ്.

കണ്ണുതുറന്ന് കനിമൊഴി ഞരങ്ങി. 'ഒടമ്പു സരിയല്ല, അപ്പാ" അയാൾ അവളെ താഴെ തന്നെ കിടത്തി. ഫ്ളക്സി ബോർഡ് ഒന്നു കൂടി ഉറപ്പിച്ചു നിർത്തി.

ഒരു നീലജീപ്പ് മുരണ്ടുകൊണ്ട് കടന്നുപോയി. അല്പം ദൂരെ ഓവർ ബ്രിഡ്ജിനടുത്ത് തട്ടുകടയിൽ ആളുകൾ കൂടി വരുന്നുണ്ട്.

അയാൾക്ക് നാട്ടിലേക്കു തന്നെ തിരിച്ചു പോകണമെന്ന് തോന്നാറുണ്ട്. പുകയിലപ്പാടങ്ങളും കർപ്പകം അപ്പളം പരത്തിയിടാറുള്ള പാറക്കൂട്ടങ്ങളും കനിമൊഴി മൂന്നാം ക്ലാസ്സുവരെ പഠിച്ച പനമ്പട്ട മേഞ്ഞ സ്ക്കൂളും, മേല്ക്കൂരയില്ലാത്ത അമ്മൻകാവും അയാൾ ഇടയ്ക്കിടെ ഓർക്കാറുണ്ട്.

പക്ഷെ തീവണ്ടിയിൽ കയറി വരുന്ന പൂക്കുടകൾ മലയാളത്തുകാർ മുന്നിൽ തുറന്ന് വെച്ചാലാണ് കനിമൊഴിക്ക് വേണ്ടി അയാൾക്ക് കരുതിവെയ്ക്കാനാവുക.

കല്യാണമണ്ഡപത്തിനു പുറകിലെ വിശാലമായ ചിറയിൽ ആരോ രാത്രിയിൽ കുളിക്കാനിറങ്ങിയ ശബ്ദം കേട്ടു.

കനിമൊഴി കൺചിമ്മിത്തുടങ്ങി. പണ്ട് കണ്ണകിയുടെയും കോവിലന്റെയും കഥ ഒരു പാട്ടായി കർപ്പകം പാടുന്നതുകേട്ട് എറുമ്പയ്യനും മയക്കത്തിൽ വീഴാറുണ്ട്.

രണ്ടു കിലോമീറ്റർ അകലെ ലോക്കൽ തീവണ്ടി വന്നു നിൽക്കുന്ന ശബ്ദം അയാൾ കേട്ടു. അടുത്തത് അയാളുടെ വണ്ടിയാണ്. പൂക്കളുമായി വരുന്ന വണ്ടി. കനിമൊഴിയെ തനിച്ചുകിടത്തി എങ്ങനെ പോകും. സെക്കന്റ് ഷോ കഴിഞ്ഞ് ആളുകൾ ഇതുവഴിയെ പോകും മുമ്പ് തിരിച്ചെത്തണം. അയാൾക്കു പരിഭ്രമമായി.

*തുടർച്ച പേജ് 28-ൽ*

നൊസ്റ്റാൾജിയ

## എന്റെ ഗ്രാമം -7

# ഗോപുവൈദ്യർ

**കെ. ഹരികൃഷ്ണ വർമ്മ**

എസ്. കെ. പൊറ്റെക്കാടിന്റെ ഒരു ദേശത്തിന്റെ കഥയും ഒരു തെരുവിന്റെ കഥയും മറ്റും വായിക്കുമ്പോൾ ആ നോവലിലെ പല കഥാപാത്രങ്ങളും നമ്മുടെ നാട്ടിലുമുണ്ടല്ലോ എന്നു തോന്നും. അത്തരം കഥാപാത്രങ്ങൾ എല്ലാ ഗ്രാമങ്ങളിലും, പട്ടണങ്ങളിലും ഉണ്ട്. അവരിലെ കാൽപ്പനികതയും സൗന്ദര്യബോധവും ഹാസ്യവും അചിരേണ നശിച്ച് അവർ കാലക്ഷേപത്തെപ്പറ്റി മാത്രം ചിന്തിക്കുന്ന, നഷ്ടങ്ങളുടെ പട്ടികക്കുമന്നിൽ കൂപ്പുകുത്തുന്ന തിര്യക്കുകൾക്കു സമമായിത്തീരുന്നു. ഗ്രാമങ്ങളിലെ വഴിയരികിലും പണിസ്ഥലങ്ങളിലും പീടികത്തിണ്ണയിലും അമ്പലപ്പറമ്പിലും കാണുന്ന പലരും നമ്മിൽ സാന്ത്വനവും സന്തോഷവും പൊട്ടിച്ചിരികളും മറ്റും ഉളവാക്കുന്നവരാകാം. അവയെ ഉൾക്കൊള്ളാൻ നമുക്കു മനസ്സും സമയവും ഉണ്ടായാൽ മാത്രം മതി. നമ്മുടെ ഗർവ്വും സമൂഹത്തിലെ സ്ഥാനങ്ങളെ കുറിച്ചുള്ള പൊള്ളയായ ധാരണകളും തൽക്കാലം മാറ്റിവയ്ക്കണമെന്നുമാത്രം.

തിരുവിഴയിൽ ജനിച്ചു ജീവിച്ചു മരിച്ച അനവധിയാളുകളിൽ ഒരാളാണു ഗോപുവൈദ്യർ എന്നത് പൂജകബഹുവചനമാണ്. അമ്പലത്തിലെ പതിവടിയന്തിരങ്ങളിൽ അവകാശമുള്ള ആളായിരുന്നെങ്കിലും ചികിത്സയിലായിരുന്നു ഗോപുവൈദ്യർക്കു കമ്പം. ചികിത്സയെന്നാൽ മജ്ജയും മാംസവും ഊർജ്ജവും പ്രജ്ഞയുമുള്ള സാക്ഷാൽ മനുഷ്യനത്തെന്നെ. ഇംഗ്ലീഷും ഹോമിയോയും ഒരുപോലെ അനായാസമായി കൈകാര്യം ചെയ്യുന്ന സവ്യസാചി! പത്താംക്ലാസ്സിൽ തോറ്റിട്ടു പുറപ്പെട്ടു പോയി ഏകദേശം ഒരു വർഷം കഴിഞ്ഞു തിരിച്ചെത്തിയതാണ് ഭിഷഗ്വരവൃത്തിക്കുള്ള അദ്ദേഹത്തിന്റെ വിദ്യാഭ്യാസയോഗ്യത. ചികിത്സയെല്ലാം വീട്ടിൽ വെച്ചുതന്നെയാണു ചെയ്തിരുന്നത്. മരുന്നുകളും എല്ലാം അവിടെത്തന്നെ ഉണ്ടാകും. സാധാരണക്കാരായ കർഷകതൊഴിലാളികളാണു സ്ഥിരമായി എത്തുന്ന രോഗികൾ. രോഗികൾ കുട്ടികളാണെങ്കിൽ അമ്മമാരും കൂടെയുണ്ടാകും. വൈദ്യരുടെ വീടിന്റെ മുൻവശത്തെ വരാന്തയിൽ മരത്തിന്റെ തട്ടികൾ തൂക്കി അടച്ചിട്ടുണ്ട്. കിഴക്കോട്ടു ഒത്ത നടുക്കായി രണ്ടു പടികളും ഉണ്ട്. രോഗി വന്നു വിളിക്കുമ്പോൾ വൈദ്യർ പടിയിൽ വന്നിരിക്കും. നാട്ടിൻപുറത്തെ ഒരു രീതി അനുസരിച്ചു രോഗിയോ കൂടെ വന്ന ആളോ രോഗവിവരം മുഴുവൻ പറയും. രോഗവും അവർ തന്നെ കണ്ടെത്തിയിട്ടുണ്ടായിരിക്കും. അതും വൈദ്യർക്കു ഓതിക്കൊടുക്കും. അപ്പോൾ വൈദ്യർ പിറകോട്ടു തിരിഞ്ഞു 'ഭാഗ്യം, ഭാഗ്യം' എന്നു വിളിക്കും. പരിചയമില്ലാത്തവർ നിനയ്ക്കും രോഗി വന്നതിലുള്ള സന്തോഷം കൊണ്ടാണു വൈദ്യർ ഭാഗ്യം ഭാഗ്യം എന്നു പറയുന്നത് എന്ന്. ഭാഗ്യം അദ്ദേഹത്തിന്റെ ഭാര്യയാണ്. വിളിക്കുന്നതു കേൾക്കുമ്പോൾ നമ്മൾ വിചാരിക്കും രോഗവിവരം പറഞ്ഞു മരുന്നെടുക്കാൻ ഭാര്യക്കു നിർദ്ദേശം കൊടുക്കാനാണെന്ന്. വെറുതെ വിളിച്ചു കുറച്ചു കഴിഞ്ഞു വൈദ്യർ തന്നെ അകത്തേക്കു പോകും. മരുന്നുമായി വരാൻ കുറച്ചു സമയമെടുക്കും. പെട്ടെന്നു വന്നാൽ ചികിത്സയുടെ ഗൗരവും നഷ്ടപ്പെടുമെന്നാണു വൈദ്യരുടെയും രോഗിയുടെയും വിശ്വാസം. അതും തെറ്റിക്കരുതല്ലോ. ഒരു കുപ്പിയിൽ ചവർപ്പുള്ള കുറച്ചു വെള്ളവും കുറച്ചു ഗുളികകളുമാണ് പൊതുവേ കൊടുക്കുന്നത്. പ്രത്യേക സാഹചര്യങ്ങളിൽ അദ്ദേഹം സൂചിയും പ്രയോഗിക്കാറുണ്ട്. ഈ മരുന്നുകൾ കൊണ്ടു രോഗം മാറാത്തപക്ഷം വീണ്ടും തന്റെ അടുത്തേക്കു വരേണ്ടെന്നും ആശുപത്രിയിൽ പോയാൽ മതിയെന്നും നിർദ്ദേശിക്കാനുള്ള വകതിരിവ് എപ്പോഴും അദ്ദേഹം കാണിക്കാറുണ്ടായിരുന്നു. മരുന്നു വീട്ടിൽ ചെന്നിട്ടു കഴിച്ചാൽ മതിയെന്നു വൈദ്യർ പ്രത്യേക നിർദ്ദേശം കൊടുക്കാറുണ്ടെന്നു ചില ദോഷൈകദൃക്കുകൾ പറഞ്ഞുപരത്തിയിരുന്നു. മരുന്നുകൊണ്ട് രോഗിയുടെ നില ഗുരുതരമായാലോ എന്ന ഉൾഭയമാണത്രെ കാരണം. അതിന്റെ സത്യാവസ്ഥ ഞങ്ങളാരും പരിശോധിച്ചിട്ടില്ല. മരുന്നുകൾക്കു പ്രത്യേകിച്ചു പേരുകളോ ലേബലുകളോ ഒന്നും ഉണ്ടായിരിക്കുകയില്ല. കൊടുത്ത ഔഷധം ഏതെന്നു വൈദ്യർക്കും തിരുവിഴേശനും മാത്രമറിയാവുന്ന ഒരവസ്ഥ.

ഞങ്ങളുടെ കോവിലകത്തിനു ചുറ്റും വിശാലമായ പറമ്പും തെങ്ങിൻതോപ്പുമാണ്. അതുകൊണ്ടു തന്നെ വേലിയോ മതിലോ ഒന്നും ഉണ്ടായിരുന്നില്ല ഒരിക്കലും. തെക്കുഭാഗത്തുള്ള ആൾക്കാർ അമ്പലത്തിലും പീടികയിലും ഒക്കെ പോകാറുള്ളത് കോവിലകത്തെ മുറ്റത്തു കൂടിയാണ്. ഞങ്ങളാരും തടസ്സം പറയാറില്ലായിരുന്നു. അങ്ങനെയിരിക്കെ ഞാൻ ഒരു നായയെ കൊണ്ടുവന്നു. അവന് ഹോംസ് എന്നു പേരുമിട്ടു. സാക്ഷാൽ ഷെർലക് ഹോംസ് തന്നെ. ആ പേരിട്ടതിൽ ഒരുപാടു പരിഹാസങ്ങൾ പിന്നീട് ഏറ്റുവാങ്ങേണ്ടി വന്നത് മറ്റൊരു കഥ. നായ വലുതാവുകയും കടിക്കുന്ന പ്രകൃതം കാണി

ക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ പ്രശ്നങ്ങളും ആരംഭിച്ചു. നായ പല രേയും കടിച്ചു. ദീനരോദനം കേട്ടു ഞങ്ങളാരെങ്കിലും പുറത്തുവന്നു നല്ല വാക്കുകൾ പറഞ്ഞു മൂപ്പനേയും കൂട്ടി ഗോപുവൈദ്യരുടെ അടു ത്തേക്കു വിടും. അദ്ദേഹം മുറിവു കഴുകുകയും മരുന്നുവെച്ചു കെട്ടു കയും സൂചി ഉപയോഗിക്കുകയും ചെയ്യുന്നതിനിടയിൽ നല്ല സാന്ത്വ നവും കൊടുക്കും. നായയെ കുത്തി വെച്ചിട്ടുണ്ടോന്നും മറ്റുമുള്ള വിശദാം ശങ്ങൾ കൊടുക്കുന്നതും അദ്ദേഹം തന്നെയാണ്. ഹോംസിന്റെ ദംശന ങ്ങൾ കൂടിയപ്പോൾ ഞങ്ങൾ തമ്മി ലുള്ള ദംശനബന്ധവും അധികരിച്ചു. പ്രതിഫലം പലപ്പോഴും ആഴ്ചക്കണ ക്കിലാണു തീർത്തിരുന്നത്. ഹോംസിനു വധശിക്ഷ പ്രഖ്യാപിക്കു ന്നതുവരെ ഈ ബന്ധം തുടർന്നു. വൈദ്യർ വീട്ടിൽ വലിയ കർക്കശക്കാ രനും സ്വാർത്ഥനും മറ്റും ആയിരുന്നു എന്നാണു പൊതുവെ കേൾവി. ഒരു ദിവസം ഭാര്യയെ വൈദ്യർ കയ്യേറ്റം ചെയ്യാൻ ശ്രമിച്ചതിനു കാരണം നാട്ടുകാർ പറയുന്നതാണു തമാശ. ഭാര്യയുടെ ബന്ധുവിനു ഊണു കഴി ക്കുമ്പോൾ ചക്ക അവിയൽ കൂടു തൽ വിളമ്പിയത്രെ. വീട്ടിൽ എന്തോ വഴക്കുണ്ടായതിന്റെ പേരിൽ വൈദ്യർ ഒരുനാൾ പുറപ്പെട്ടുപോയി. ഒരുപാടന്വേഷിച്ചിട്ടും ഒരു തുമ്പും കിട്ടിയില്ല. നാട്ടിലെ വാർത്താവിതര ണസംവിധാനം അതിനും പല കഥ കൾ ഉണ്ടാക്കി. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഒരു വെളുപ്പാൻ കാലത്തു ആൾ പതുങ്ങി പതുങ്ങി വീട്ടിലെത്തി. സംശയക്കാരുടെ സംശയനിവർത്തി വരുത്തിയിട്ടേ ഭാര്യ ആ അഷ്ടവൈദ്യനു ഗൃഹപ്ര വേശനം അനുവദിച്ചുള്ളു. ഞങ്ങൾക്കു ഓർമ്മ വെച്ച നാൾ മുതൽ ഗോപുവൈദ്യർ കാഴ്ചക്ക് ഒരുപോലെയാണ്. മാറ്റമില്ലാത്ത ശരീ ഘടനയും അനുനാസികമായ ശബ്ദവും സാരമായ വിക്കും എല്ലാ മായി തിരുവിഴയുടെ ഒരു ഭാഗമായി കഴിഞ്ഞ ഗോപുവൈദ്യരും അനന്ത തയിലേക്കു നടന്നു നടന്നു മറഞ്ഞു. ●

# മഹാറാണി സേതുലക്ഷ്മീഭായിയുടെ 114-ാം ജന്മവാർഷികം

തിരുവിതാംകൂർ സീനിയർ മഹാറാണി (റീജന്റ്) സേതുലക്ഷ്മീഭാ യിയുടെ 114–ാം ജന്മവാർഷികം നവംബർ 22ന് തിരുവനന്തപുരത്ത് സമു ചിതമായി ആഘോഷിച്ചു. ശ്രീ സ്വാതി തിരുനാൾ സംഗീതകോളേജ് ആഡി റ്റോറിയത്തിൽ ശ്രീപദ്മനാഭ ദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് ഭദ്രദീപം കൊളുത്തി ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു. സഭാപ്രസിഡന്റ് എം. രവിവർമ്മരാജ ആദ്ധ്യക്ഷം വഹിച്ച സമ്മേ ളനത്തിൽ മണിപ്പാൽ യൂണിവേഴ്സിറ്റിയിലെ നാഷണൽ റിസർച്ച് പ്രൊഫ സ്സർ ഡോ. എം.എസ്. വല്യത്താൻ റീജന്റ് റാണി സ്മാരക പ്രഭാഷണം നടത്തി. 'Healthy Life - A Holistic Approach' (ആരോഗ്യകരമായ ജീവിതം–ഒരു സമഗ്ര സമീപനം) എന്ന വിഷയത്തിൽ ഡോ. വല്യത്താൻ നടത്തിയ പ്രഭാഷണം വൈദ്യശാസ്ത്ര മേഖലയിലെ പുരാതനവും ആധു നികവുമായ ചികിത്സാസമ്പ്രദായങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ളവയായി രുന്നു. സംസ്ഥാന നിയമ–പാർലമെന്ററികാര്യ വകുപ്പ്മന്ത്രി എം. വിജയകു മാർ അദ്ദേഹത്തിന്റെ ആശംസാപ്രസംഗത്തിൽ മഹാറാണിയ്ക്ക് തലസ്ഥാന നഗരിയിൽ സ്മാരകമില്ലാതെ പോയതിന്റെ അനൗചിത്യത്തെ എടുത്തുപറ ഞ്ഞു. റവന്യൂവരുമാനത്തിൻരെ നാൽപ്പതു ശതമാനം വിദ്യാഭ്യാസത്തിനു വേണ്ടി മാറ്റിവച്ച മഹാറാണിയുടെ ദീർഘവീക്ഷണത്തെയും നാടിന്റെ വിക സനപ്രവർത്തനങ്ങളിൽ അവർ കാണിച്ച താൽപ്പര്യങ്ങളെയും ശ്ലാഘിച്ചു. മഹാറാണിയുടെ ചെറുമകൻ ശ്രീകുമാർ വർമ്മയുടെ ആശംസാപ്രസംഗ ത്തിനുശേഷം റീജന്റ് റാണി മാധ്യമ അവാർഡും വിദ്യാഭ്യാസ അവാർഡു കളും വിതരണം ചെയ്തു. ദീപിക ദിനപത്രത്തിന്റെ കോട്ടയം ബ്യൂറോ യിലെ ജോൺസൺ പൂവന്തുരുത്ത് എഴുതിയ 'കുരുന്നുകൾക്ക് കുടൊരുക്കാം' എന്ന ലേഖനപരമ്പരക്കാണ് ഈ വർഷത്തെ മാധ്യമ അവാർഡ് ലഭിച്ചത്. തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭയുടെ പ്രസിഡന്റും റിട്ട. പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ ഡയറക്ടറുമായ കെ.എൽ. ശ്രീകൃഷ്ണദാസ് ചെയർമാനും ആകാശവാണി വാർത്താവിഭാഗം മുൻ ഡയ റക്ടർ വി. രാമചന്ദ്രൻപിള്ള, ക്ഷാത്രസന്ദേശം മുഖ്യപത്രാധിപർ എം. രവി വർമ്മരാജ എന്നിവർ അംഗങ്ങളുമായ സമിതിയാണ് വിജയിയെ തിരഞ്ഞെ ടുത്തത്. 15001 രൂപയും പ്രശസ്തി പത്രവും ഫലകവും മന്ത്രി വിജയകുമാ റിൽ നിന്നും ജോൺസൺ പൂവന്തരുത്ത് ഏറ്റുവാങ്ങി. റീജന്റ് റാണി വിദ്യാ ഭ്യാസ സ്കോളർഷിപ്പ് താഴെപ്പറയുന്ന നാലുപേർക്ക് മുഖ്യാതിഥി ഡോ. വല്യത്താൻ വിതരണം ചെയ്തു.

1. CBSE - കുമാരി നീതു വർമ്മ, D/o എസ്. പരമേശ്വരവർമ്മ, കരിവെള്ളൂർ
2. SSLC - മാസ്റ്റർ വിഷ്ണു ആർ. വർമ്മ, S/o കെ. രാഘവവർമ്മ, അനന്തപുരം
3. DO - മാസ്റ്റർ വിവേക് കെ, S/o എസ്. രാജ്മോഹൻ മതിരക്കോട്, കരിവെള്ളൂർ
4. ICSE - മാസ്റ്റർ ദീപക് വർമ്മ, S/o ഇന്ദുകുമാർ വർമ്മ, തിരുവനന്തപുരം.

മഹാറാണി സേതുപാർവ്വതീഭായി സ്മാരക വിദ്യാഭ്യാസ അവാർഡു കൾ താഴെപ്പറയുന്നവർക്ക് ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് നൽകി.

1. Engg - കുമാരി രാജശ്രീവർമ്മ പി.സി., D/o മുരളീധരവർമ്മ പി.കെ, ചാലക്കുടി
2. DO - മാസ്റ്റർ ശ്രീജേഷ്‌വർമ്മ NVM., S/o സി.കെ. രാജൻ, കരിവെള്ളൂർ
3. Degree-BSc. Chemisty - കുമാരി തേജശ്രീവർമ്മ, D/o ശ്രീലത എൻ.കെ, D0.
4. Fine Arts - മാസ്റ്റർ രാം കാശ്യപ്‌വർമ്മ, S/o ജയദേവവർമ്മ, പന്തളം.

തുടർന്ന് ശ്രീ കുടമാളൂർ ജനാർദ്ദനനും സംഘവും അവതരിപ്പിച്ച പുല്ലാ ങ്കുഴൽ കച്ചേരി സദസ്യരെ ഒന്നടങ്കം ആനന്ദലഹരിയിൽ ആറാടിച്ചു.

## സമസ്യാപൂരണം

മങ്കമാരുടെ വിവാഹമൊന്നു കഴിയേണ
മെങ്കിലതിനെത്രയോ
തങ്കമാണു തരമാക്കിടേണ്ടതതു
സ്ത്രീധനത്തിനുടെ ഭാഗമായ്
ശങ്ക വേണ്ടിതൊരു ശാപമാണു ശരിയായി
നാം വിലയിരുത്തുകിൽ
തങ്കമേ സകല കന്മഷം പെരുകു
മുർവിയിൽ കദന കാരണം

**ടി. എൻ. ആദിത്യവർമ്മ**

## അവതാരകന്റെ പൂരകം

ചങ്കിനുള്ളിലൊരു സങ്കടം കനകമൂല്യ
മെട്ടുപടി താണ്ടവേ
മങ്കമാർക്കു കനകംവിനാമനസി മോദ
മേറുവതസംഭവം
തങ്കലാഭമതു സംഭവിപ്പതിനു മാർഗ്ഗ-
മൊന്നതിഹ മോഷണം
തങ്കമേ സകലകന്മഷം പെരുകു
മുർവ്വിയിൽ കദന കാരണം

**രാഘവവർമ്മ.കെ. അനന്തപുരം**

ജ്വരം തുടർച്ച .......

"കനിമൊഴീ..." "എനക്ക് ആകാത്, അപ്പാ"

പിഞ്ഞിയ കരിമ്പടം കൊണ്ട് അയാൾ മകളെ പുതപ്പിച്ചു. ഫ്ളക്സിബോർഡിന് അപ്പുറവും ഇപ്പുറവും ഓരോ കരിങ്കല്ലു കൂടി വെച്ചു.

ഉറങ്ങിത്തുടങ്ങിയ കനിമൊഴിയുടെ നെറ്റിയിൽ കൈ ചേർത്ത് മാനത്തേക്കു നോക്കി കർപ്പകത്തെ വിളിച്ചു. കാറ്റുപോലെ അയാൾ തീവണ്ടി ആപ്പീസിലേക്ക് പാഞ്ഞു.

ദൂരെ വെളിച്ചക്കണ്ണുകൾ വേഗം ഓടിയെത്തണേ എന്നു പ്രാർത്ഥിച്ചു. പൂക്കൾ വണ്ടി അരമണിക്കൂർ വൈകിയിരുന്നു. ഓരോ നിശ്വാസവും കൊടുങ്കാറ്റുപോലെ തോന്നി അയാൾക്ക്. നെഞ്ചിലൂടെ കാലം മുളവടി കുത്തി നടന്നുപോകുന്ന 'ടക് ടക്' ശബ്ദം ഉയർന്നു കേട്ടു. തിരിച്ചോടുമ്പോൾ അയാൾ ഭീതിയോടെ ഓർത്തു സെക്കൻഡ് ഷോ വിട്ടുകാണുമോ?

ഒരു കരകാട്ടക്കാരനെപ്പോലെ അയാൾ പൂക്കൂട തലയിൽ വെച്ച് ഇരുമ്പുവേലി ചാടി. കാലുകൾ ചക്രങ്ങൾ പോലെയായി. ശ്വാസം മുഴുവനെടുത്ത് അയാൾ കനിമൊഴിയുടെ അരികിലേക്ക് ഓടിക്കൊണ്ടിരുന്നു. വഴി നീണ്ടുനീണ്ടു പോകുന്ന പോലെ.

സെക്കൻഡ് ഷോ വിട്ടുകാണുമോ? ●

# സമ്പൂർണ്ണവൈദ്യം

**ഡോ. എം.എസ്. വല്യത്താൻ**

റീജന്റ് മഹാറാണി സേതുലക്ഷ്മീഭായിയുടെ നൂറ്റിപ്പതിനാലാം ജന്മവാർഷികദിനത്തിൽ 'Healthy Life - A holistic Approach' എന്ന വിഷയത്തിൽ മണിപ്പാൽ യൂണിവേഴ്സിറ്റിയിലെ നാഷനൽ റിസർച്ച് പ്രൊഫസ്സർ ഡോ.എം.എസ്. വല്യത്താൻ ചെയ്ത 'റീജന്റ്' റാണി സ്മാരകപ്രഭാഷണത്തിന്റെ പ്രസക്ത ഭാഗങ്ങൾ.

ഈ നൂറ്റാണ്ടിലെ പല വൈദ്യശാസ്ത്ര പ്രതിസന്ധികളെയും തരണം ചെയ്യാൻ ആധുനിക വൈദ്യശാസ്ത്രത്തിന്റെ കണ്ടുപിടുത്തങ്ങൾ വളരെയേറെ സഹായകമായിട്ടുണ്ട്. അന്റിബയോട്ടിക്സിന്റെ കണ്ടുപിടുത്തം അവയിലൊന്നാണ്. അതുവഴി പനിപോലെയുള്ള രോഗങ്ങൾ വഴിയുണ്ടാകുന്ന മരണങ്ങളെ വലിയൊരളവിൽ തടയാൻ കഴിഞ്ഞു. എന്നാൽ ക്രമേണ, ദീർഘായുസ്സിനൊപ്പം രോഗാതുരതയും ഉള്ള ഒരു സമൂഹം ഉണ്ടായിവന്നു. സാമൂഹികാരോഗ്യത്തിന് (Community medicine) ഊന്നൽ നൽകി പ്രവർത്തിയ്ക്കാൻ പല ചികിത്സകരും മടി കാണിയ്ക്കുകയും ചെയ്തു. വളരെ ഗൗരവതരമായി ഈ സാമൂഹികാവസ്ഥയെ തടയാൻ നമ്മുടെ ആരോഗ്യസമീപനത്തിൽത്തന്നെ മാറ്റങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ആയുർവേദം പോലെ ഭാവാത്മകമായി ആരോഗ്യത്തെ സമീപിയ്ക്കുന്ന ചികിത്സാശാസ്ത്രങ്ങളുടെ പ്രാധാന്യം തിരിച്ചറിയേണ്ടതാണ്. രോഗത്തിന്റെ ചികിത്സയോ തടയലോ അല്ല, ആരോഗ്യം എന്നത് പല ശാരീരിക/മാനസിക/സാമൂഹികഘടകങ്ങളുടെയും സാകല്യാവസ്ഥയാണെന്ന് ആയുർവേദം അഭിപ്രായപ്പെടുന്നു. ആയുർവ്വേദ ഗ്രന്ഥങ്ങളിലെ ഒരു പ്രധാന വിഭാഗമായ 'സ്വസ്ഥവൃത്തം' ഈ ആരോഗ്യ സമീപനത്തെക്കുറിയ്ക്കുന്നു. ചരകനും സുശ്രുതനും വാഗ്ഭടനും പോലുള്ള മഹാമതികൾ എഴുതിവെച്ച ശാസ്ത്രതത്ത്വങ്ങളിലെ, സമ്പൂർണ്ണ വൈദ്യത്തിൽ ഊന്നിയുള്ള രോഗ/ആരോഗ്യസമീപനം ഇന്ന് ഏറെ പ്രസക്തമാണ്.

തയ്യാറാക്കിയത്: കെ. മുത്തുലക്ഷ്മി
(D/o. വൈദ്യഭൂഷണം
രാഘവൻ തിരുമുൽപ്പാട്)



# ബാലവേദി



## പല്ല്

**ടി.എൻ. ആദിത്യവർമ**

ജനിച്ച നേരത്തു ജനിച്ചില്ലെങ്കിലും
ജനിച്ചതിൻശേഷം ജനിച്ചുവന്നു ഞാൻ

വെളുത്തതാണെന്റെ നിറമെന്നാകിലും
കുളിപ്പിച്ചീടണം ദിവസവുമെന്നെ

അടുത്തെത്തും വസ്തു പൊടിച്ചു നന്നാക്കി
ക്കൊടുക്കുന്നൂ വെള്ളം കലർത്തി വേഗത്തിൽ

വെളുത്ത പുഞ്ചിരി തൊടുത്തു സന്തോഷം
കൊടുക്കാനീയുള്ളോൻ തുണയ്ക്കും നിങ്ങളെ

എനിക്കു കേടുണ്ടെന്നിരിക്കിലോ, പരി-
ഹരിക്കുവാൻ വൈദ്യന്റടുത്തു ചെല്ലണം.

ദിവസവുമെന്നെപ്പരിചരിക്കുകിൽ
അനാരോഗ്യം വരാതിരിക്കുവാൻ നന്ന്

എനിക്കു നിങ്ങളും പകരം നിങ്ങളെ
ത്തുണയ്ക്കുവാൻ ഞാനും ശ്രമം നടത്തിടാം.

## ആവനാഴിയിലെ അമ്പെത്ര

**കുട്ടി അനിയൻരാജ**



അമ്പിൽ പാതി തൊടുത്തു
കർണ്ണശര സംഹാരം തടഞ്ഞു
അർജ്ജുനൻ മൂലത്തിൽ നാലിരട്ടി
കൊണ്ട് രഥാംഗങ്ങളെ കൊന്നു വീഴ്ത്തി
ശല്യർക്കാറമ്പ്, കുട കൊടി ചാപല്ല്യങ്ങൾ
ഖണ്ഡിയ്ക്കാൻ മൂന്നു ബാക്കി
ശിഷ്ടം വരുത്തൊരു ബാണം കൊണ്ട്
രവിസുതനെ വധിച്ചെങ്കിൽ
അർജ്ജുനന്റെ ആവനാഴിയിൽ
എത്ര അമ്പുണ്ടായിരുന്നു?

*(ഉത്തരം അടുത്ത ലക്കത്തിൽ)*

## കണക്ക്



കണക്കേ, നിന്നെ കണക്കാക്കി ഇരുന്നാൽ
കണക്കനും കണക്കില്ലാതാകും
അല്ല, കണക്കില്ലാത്തോനും കണക്കനാകും
കണക്കായി മാത്രകാര്യങ്ങൾ ചെയ്യാവൂ
കണക്കില്ലാതെ ചെയ്താലോ?
കണക്കും പോകും കുണുക്കിൽപ്പെടുകയും ചെയ്യും.

## മരം

**അശ്വതി ലക്ഷ്മി വർമ, ക്ലാസ് 3**



മലയിൻ മുകളിൽ മരമുണ്ട്,
അതിലൊരു പക്ഷിക്കൂടുണ്ട്,
വൃക്ഷം നിറയെ പൂവുണ്ട്,
പൂവു കൊഴിഞ്ഞു കായായി,
കായകൾ തിന്നാൻ കിളി വന്നു,
വയറു നിറച്ചും കായ് തിന്നു
മരത്തിനപ്പോൾ സന്തോഷം
കിളിക്കുമപ്പോൾ സന്തോഷം
മരങ്ങൾ എല്ലാം തണലു തരും
വിശപ്പു മാറ്റാൻ പഴം തരും
കിളിക്കു പാർക്കാൻ ചില്ല തരും
മരമേ നീ ഒരു വരമല്ലേ.

## വളരുന്ന പ്രതിഭകൾ

**കുമാരി പല്ലവി എം വർമ്മ**



ചേർത്തലയിൽ വച്ചുനടന്ന അഖിലകേരള CBSE യൂത്ത് ഫെസ്റ്റിവൽ 2009-ൽ (വേണാട് സഹോദയാ) ലളിത സംഗീതം, മാപ്പിള പ്പാട്ട് എന്നിവയിൽ ഒന്നാംസ്ഥാനവും CBSE ദക്ഷിണ മേഖലയൂത്ത് ഫെസ്റ്റിവൽ 2009 -ൽ ക്ലാസിക്കൽ സംഗീതത്തിൽ 'A' ഗ്രേഡും നാടോടി നൃത്തത്തിൽ രണ്ടാം സ്ഥാനവും ലഭിച്ച കുമാരി പല്ലവി എം. വർമ്മ. അഡ്വ. മോഹനചന്ദ്രൻ പണ്ടാരത്തിലിന്റെയും പ്രിയാവർമ്മയുടെയും മൂത്തമകളായ പല്ലവി തിരുവനന്തപുരം പൂജപ്പുര സെന്റ് മേരീസ് സ്കൂളിലെ +2 വിദ്യാർത്ഥിനിയാണ്.

## ശക്താനാം ഭൂഷണം ക്ഷമാ

അശ്വത്ഥാമാവിനെ അർജ്ജുനൻ വധിച്ചിരുന്നു എങ്കിൽ മനുഷ്യക്കുരുതിയുടെ ഒരു നീണ്ട പരമ്പരയ്ക്ക് അത് വഴിവച്ചേനെ. എന്നാൽ ദ്രുപദ പുത്രിയായ പാഞ്ചാലിയുടെ ക്ഷമാഹസ്തങ്ങൾ അതിന് വിരാമമിട്ടു. കൊല്ലും കൊലയും തുടർക്കഥയാവുന്ന വർത്തമാനകാലത്തിൽ അഭിനവ ദ്രൗപദിമാർ അവതരിക്കുമോ? പ്രൊഫ. ചന്ദ്രാവലി തമ്പുരാൻ എഴുതുന്ന പ്രസക്തവും ചിന്തോദ്ദീപകവുമായ ലേഖനം അടുത്തലക്കത്തിൽ വായിക്കുക.



# പുസ്തകജാലകം

കെ. എൽ. ശ്രീകൃഷ്ണദാസ്

**മഴത്തുള്ളികൾ (കവിതകൾ)**

**ശ്രീ. എൻ.എം. കെ. ഉണ്ണിത്തിരി – കവിതാസമാഹാരം – തുളുനാട് പബ്ലിക്കേഷൻസ് – പേജ് 42. വില–40 രൂപ**

അരനൂറ്റാണ്ട് കാലമായി കവിതകളും കഥകളും ലേഖനങ്ങളും എഴുതിക്കൊണ്ടിരിക്കുന്ന റിട്ട. പ്രധാന അധ്യാപകനായ ശ്രീ.എൻ.എം.കെ. ഉണ്ണിത്തിരിയുടെ പുതിയ കവിതാസമാഹാരമാണ് 'മഴത്തുള്ളികൾ'. സംഗീതാത്മകമായ ഭാവനയുടെയും താളബോധത്തിന്റെയും മധുസൗഗന്ധികം കവിതയിലാവാഹിച്ച കവിയാണ് എൻ.എം.കെ. ഉണ്ണിത്തിരി. കുറുകവിതകളും, നെടുങ്കവിതകളും ഉണ്ണിത്തിരിയുടെ തൂലികയിൽ നിന്ന് അടർന്ന് വീഴുമ്പോൾ അന്തര്യാമിയായ ജീവിതബോധത്തിൽ നിന്നൂറിവരുന്ന നർമ്മചാരുതയുടെ അടരേടുകൾ സമാന ഹൃദയർക്ക് കാണാവുന്നതേയുള്ളു. ബഹുഭാഷാപണ്ഡിതനായ ഉണ്ണിത്തിരി മാസ്റ്ററുടെ കവിതകൾ സഹർഷം സ്വീകരിക്കുമെന്നതിന് സംശയമില്ല.

## കേരളപാണിനി എൻഡോവ്മെന്റ് അവാർഡ് എൻട്രികൾ ക്ഷണിക്കുന്നു

കേളപാണിനി ഏ.ആർ. രാജരാജവർമ്മയുടെ കുടുംബാംഗങ്ങൾ മാവേലിക്കര ആസ്ഥാനമാക്കി രൂപീകരിച്ച ശാരദാമന്ദിരം ട്രസ്റ്റ് എം.എ. മലയാളത്തിന് ഏറ്റവും ഉയർന്ന മാർക്ക് വാങ്ങുന്ന വിദ്യാർത്ഥിക്ക് വർഷംതോറും കേരളപാണിനി എൻഡോവ്മെന്റ് അവാർഡ് നല്കാൻ തീരുമാനിച്ചു. 10001 രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. കേരള, മഹാത്മാഗാന്ധി, ശ്രീശങ്കരാചാര്യ, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിൽ വച്ച് 2009-ൽ മലയാളം എം.എ.യ്ക്ക് ഏറ്റവും ഉയർന്ന മാർക്ക്/ഗ്രേഡ് പോയിന്റ് നേടിയവർക്ക് അവാർഡിന് അപേക്ഷിക്കാവുന്നതാണ്. സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയ മാർക്ക്‌ലിസ്റ്റിന്റെ (എം.എ. മലയാളം) പകർപ്പും ബയോഡാറ്റയും സഹിതം സെക്രട്ടറി, ശാരദാമന്ദിരം ട്രസ്റ്റ്, ജി.4 ഗംഗാ അപ്പാർട്ടുമെന്റ്സ്, പൂത്തോൾ-പി.ഒ. തൃശൂർ 680004 എന്ന വിലാസത്തിൽ 2010 ജനുവരി 20നകം അയച്ചുതരേണ്ടതാണ്. ഫെബ്രുവരിയിൽ കേരളപാണിനിയുടെ ജന്മദിനത്തോടനുബന്ധിച്ച് മാവേലിക്കരയിൽ നടക്കുന്ന ചടങ്ങിൽ വച്ചായിരിക്കും പുരസ്കാര സമർപ്പണം. കൂടുതൽ വിവരങ്ങൾക്ക് 9495739956, 9895640374 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## ഹരികൃഷ്ണവർമ്മയ്ക്ക് സുവർണ്ണ മെഡൽ

മെരിറ്റിയൽസ് റിസർച്ച് സൊസൈറ്റി ഓഫ് ഇന്ത്യ (MRSI)യുടെ 2010ലെ സുവർണ്ണ മെഡലിന് തിരുവനന്തപുരത്തെ ശ്രീചിത്തിര തിരുനാൾ മെഡിക്കൽ സെന്റർ ബയോ മെഡിക്കൽ ടെക്നോളജി വിഭാഗം സയന്റിസ്റ്റ് ഡോ. പി. ആർ. ഹരികൃഷ്ണവർമ്മ അർഹനായി. ഈ പുരസ്കാരം 2010 ഫെബ്രുവരിയിൽ ഗുജറാത്തിലെ സർദാർ വല്ലഭായി പട്ടേൽ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ചടങ്ങിൽ നൽകും. വെള്ളാരപ്പള്ളി അയ്‌രൂർ കോവിലകത്ത് കെ. രാമവർമ്മ തിരുമുൽപ്പാടിന്റെയും ചേർത്തല പരിമണത്ത് കോവിലകത്ത് നളിനി രാമവർമ്മയുടെയും പുത്രനാണ് ഡോ. ഹരികൃഷ്ണവർമ്മ. ഭാര്യ ഡോ. പ്രഭാവർമ്മ നിലമ്പൂർ കോവിലകാംഗമാണ്.

*വളരുന്ന പ്രതിഭ...തുടർച്ച*

## ഭാവൻസ് കലോത്സവം

തൃശൂർ പൂച്ചട്ടിയിൽ വച്ചുനടന്ന സംസ്ഥാന ഭാരതീയ വിദ്യാഭവൻ സ്കൂൾ കലോത്സവത്തിൽ നീരജ കെ. വർമ്മ പങ്കെടുത്ത ടീമിന് സമൂഹഗാനത്തിൽ 'എ' ഗ്രേഡും പ്രസംഗ മത്സരത്തിൽ സർട്ടിഫിക്കറ്റും ലഭിച്ചു. തിരുവനന്തപുരം മൺവിള ഭാവൻസിലെ നാലാം ക്ലാസ് വിദ്യാർത്ഥിനിയായ നീരജ, കിഷോർ–ഗംഗാവർമ്മ ദമ്പതികളുടെ പുത്രിയാണ്.

## പ്രശസ്ത വിജയം

കേരള യൂണിവേഴ്സിറ്റിയുടെ 2007–09 ലെ M.Sc. Statistics പരീക്ഷയിൽ കുമാരി ടി.ആർ. വിദ്യ ഒന്നാം റാങ്ക് കരസ്ഥമാക്കി. തിരു. ക്ഷത്രിയ സഭാംഗമായ ശ്രീ.ടി.എൻ. രാജരാജവർമ്മ (ചെന്നിത്തല)യുടെയും ശ്രീമതി എസ്. ലതാബായി (കൃഷ്ണപുരം)യുടെയും മകളാണ്. *കുമാരി വിദ്യക്ക് ക്ഷത്രിയക്ഷേമസഭയുടെ അഭിനന്ദനങ്ങൾ.*

ആർദ്ര



കഴിഞ്ഞ വർഷം നടന്ന 76–ാമത് ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് സംസ്ഥാനതല സബ് ജൂനിയർ മലയാള പദ്യാലാപനത്തിൽ ഒന്നാം സമ്മാനം നേടിയ ആർദ്ര രാജ. കോട്ടയ്ക്കൽ കിഴക്കേ കോവിലകത്ത് പ്രകാശ് രാജയുടേയും ചിറക്കൽ കോവിലകത്ത് മഞ്ജുള രാജയുടെയും മകളാണ് ആർദ്ര. ഈ വർഷം കണ്ണൂരിൽ നടന്ന 77–ാമത് ശിവഗിരി തീർത്ഥാടന മഹോത്സവസാഹിത്യമത്സരത്തിൽ ജില്ലാതല സ്ഥാനവും ഈ കുട്ടിയ്ക്കാണ്.

ദീപക് വർമ്മ



മഹാറാണി സേതുലക്ഷ്മീഭായി സ്മാരക വിദ്യാഭ്യാസ അവാർഡ് 2009–ൽ ICSE വിഭാഗത്തിൽ ഒന്നാം സ്ഥാനത്തിനർഹനായ മാസ്റ്റർ ദീപക് വർമ്മ

# വാർത്തകൾ - വിശേഷങ്ങൾ

## കരിവെള്ളൂർ യൂണിറ്റ്

### ഓണാഘോഷം 2009

ക്ഷത്രിയ ക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് ഓണാഘോഷപരിപാടിയും കുടുംബഡയറക്ടറിയുടെ പ്രകാശനവും 6.9.2009 ഞായറാഴ്ച വി.എം. ബാലകൃഷ്ണന്റെ ഭവനത്തിൽ നടന്നു. കുമാരി രേവതിയുടെ ഈശ്വര പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. യൂണിറ്റ് സെക്രട്ടറി ടി.എം. ശ്രീകുമാർ സ്വാഗതം പറഞ്ഞു. യോഗത്തിൽ പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. ഓണാഘോഷപരിപാടിയുടെ ഔപചാരികമായ ഉൽഘാടനം ശ്രീ.എൻ.എം. കൃഷ്ണൻ ഉണിത്തിരി നിർവഹിച്ചു. കുടുംബാംഗങ്ങളുടെ കൂട്ടായ്മയും സഹകരണവുമാണ് ഇത്തരം പരിപാടികളിലൂടെ നടപ്പാകുന്നതെന്ന് ഉൽഘാടകൻ സൂചിപ്പിച്ചു. തുടർന്ന് കുടുംബ ഡയറക്ടറിയുടെ പ്രകാശനകർമ്മം കെ. നന്ദകുമാര വർമ്മ, ആദ്യപ്രതി വി.എം.നാരായണൻ ഉണിത്തിരിക്ക് നൽകി നിർവ്വഹിച്ചു. സി. മാധവൻ, ശശിധരവർമ്മ, ഡോ.പി.എം. മധു, അഡ്വ. വി.എം. കൃഷ്ണകുമാർ എന്നിവർ ആശംസാ പ്രസംഗം നടത്തി. തുടർന്ന് നടന്ന ഓണാഘോഷപരിപാടികളിൽ ലളിത ഗാനാലാപനം, ബിസ്ക്കറ്റ് ഈറ്റിംഗ്, കാൻഡിൽ ലൈറ്റിംഗ് എന്നിവയും സമുദായാംഗങ്ങൾ പങ്കെടുത്ത മറ്റ് വിവിധ കലാപരിപാടികളും അരങ്ങേറി. വിഭവസമൃദ്ധമായ ഓണസദ്യയ്ക്കു ശേഷം സമ്മാനദാനം നടന്നു. എൻ.കെ. നാരു ഉണിത്തിരി (രക്ഷാധികാരി) പരിപാടിയിൽ പങ്കെടുത്ത മുഴുവൻ കുട്ടികൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ദീപേഷ് വർമ്മയുടെ നേതൃത്വത്തിൽ കുട്ടികളും സ്ത്രീകളും ചേർന്ന് ഒരുക്കിയ പൂക്കളം നയനാന്ദകരവും പ്രൗഢ ഗംഭീരവുമായിരുന്നു. വരുംവർഷങ്ങളിൽ കൂടുതൽ ഭംഗിയായും ഗംഭീരമായും ഓണാഘോഷപരിപാടികൾ നടത്താൻ കഴിയുമെന്ന പ്രത്യാശ സെക്രട്ടറി യോഗത്തിൽ അറിയിച്ചു. കേന്ദ്രസഭയുടെ ക്യാഷ് അവാർഡിന് അർഹരായ വരുൺ വർമ്മ, കീർത്തന വർമ്മ എന്നിവർക്കും ക്യാഷ് അവാർഡ് നൽകി. ശ്രീ.എൻ.പി. ബാലകൃഷ്ണന്റെ നന്ദിപ്രകടനത്തോടെ യോഗം 3 മണിക്ക് അവസാനിച്ചു.

### പ്രവർത്തനറിപ്പോർട്ട്

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് പ്രവർത്തകസമിതിയോഗം 11.10.2009 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് വങ്ങാട് മഠത്തിൽ നടന്നു. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് വായിച്ചു. പുതിയ വർഷത്തെ വരിസംഖ്യയും ക്ഷാത്രസന്ദേശം മാസികയുടെ വരിസംഖ്യയും പിരിച്ചെടുക്കുന്നതിനും തീരുമാനിച്ചു. ഡയറക്ടറി എല്ലാ ക്ഷത്രിയകുടുംബത്തിലും എത്തിക്കുന്നതിന് സ്ക്വാഡ് പ്രവർത്തനം നടത്താൻ തീരുമാനിച്ചു. കേന്ദ്രസഭയുടെ അറിയിപ്പുകളും, നിർദ്ദേശങ്ങളും സെക്രട്ടറി യോഗത്തിൽ വായിച്ചു. ജോ. സെക്രട്ടറി സി.കെ. രാഘവവർമ്മയുടെ നന്ദിപ്രകടനത്തോടെ യോഗം $5^1/_2$ മണിക്ക് അവസാനിച്ചു.

## തൃശൂർ ക്ഷത്രിയക്ഷേമസഭ

### ഓണാഘോഷം 2009

തൃശൂർ ക്ഷത്രിയക്ഷേമസഭയുടെ ഓണാഘോഷം 2009, ഒക്ടോബർ 4ന് തൃശൂർ തെക്കേമഠം ലക്ഷ്മീ മണ്ഡപത്തിൽ വെച്ചു നടന്നു. സംസ്ഥാന പ്രസിഡന്റ് ശ്രീ മാനവർമ്മ രാജ മുഖ്യാതിഥിയായിരുന്നു. കക്കാട് കാരണവപ്പാട് മണക്കുളം കുഞ്ഞുണ്ണി രാജ അനുഗ്രഹപ്രഭാഷണം നടത്തി. കഴിഞ്ഞ ഒരു വർഷക്കാലത്ത് സഭയെ വിട്ടുപിരിഞ്ഞവരെ സ്മരിക്കുന്ന പിതൃപൂജ ആദ്യം നടന്നു. സഭയുടെ മുതിർന്ന അംഗങ്ങളെ ആദരിക്കുന്ന ചടങ്ങ് 'ഗുരുപൂജ' പിന്നീട് നടന്നു. താഴെ പറയുന്നവരെ സഭ ആദരിച്ചു.

1. കക്കാട് കാരണവപ്പാട് മണക്കുളം കുഞ്ഞുണ്ണിരാജ
2. മണക്കുളം മല്ലികതമ്പുരാട്ടി
3. എ.ആർ. വർമ്മ, അഞ്ചേരിമഠം, പുഷ്കരിണി.
4. കനകം നമ്പിഷ്ടാതിരി, പടിഞ്ഞാറെ ചങ്കരമ്പാട്
5. സരസ്വതി തമ്പുരാട്ടി, എഴുമറ്റൂർ

തുടർന്ന് സഭയുടെ വിദ്യാഭ്യാസ അവാർഡുകൾ വിതരണം ചെയ്തു. രക്ഷാധികാരി എ.കെ. രാജരാജവർമ്മ ജേതാക്കളെ പരിചയപ്പെടുത്തി. സഭാംഗങ്ങളുടേയും കുട്ടികളുടേയും വിവിധ കലാപരിപാടികൾ, രസകരമായ ചോദ്യോത്തരങ്ങൾ എന്നിവ ഉണ്ടായി. ഓണസദ്യയും ഉണ്ടായി. ആഘോഷപരിപാടികൾക്ക് പി.സി. സനത്കുമാർ, ശങ്കർവർമ്മ, പി.വി. രവിവർമ്മ, രാജീവ് ഡി. രാജ എന്നിവർ നേതൃത്വം നൽകി. രാവിലെ 10 മണിക്ക് ആരംഭിച്ച പരിപാടികൾ വൈകീട്ട് 5 മണിക്കു കഴിഞ്ഞു.

## പന്തളം വലിയ തമ്പുരാൻ രേവതിനാൾ പി. രാമവർമ്മരാജയുടെ നവതിയാഘോഷം

പന്തളം വലിയ തമ്പുരാൻ, രേവതിനാൾ പി. രാമവർമ്മരാജയുടെ നവതിയാഘോഷം ഒക്ടോബർ 5ന് അനന്തപുരം കൊട്ടാരത്തിൽ ആഘോഷിച്ചു. തദവസരത്തിൽ, കൊട്ടാരത്തിലെ 'ലക്ഷ്മീമൂലേശ്വരം' ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ, ട്രസ്റ്റിലെ ഒരംഗവും ആദ്യ ഖജാൻജിയുമായ പി. രാമവർമ്മയെ ആദരിക്കുകയുണ്ടായി.

4.10.2009 ഞായറാഴ്ച ഉച്ച തിരിഞ്ഞ് തമ്പുരാന്റെ വസതിയായ തെക്കേ കൊട്ടാരത്തിൽ വെച്ച്, തമ്പുരാന്റെ അടുത്ത ബന്ധുക്കൾക്കും, കുട്ടികൾക്കും നവതി ആലേഖനം ചെയ്ത വെള്ളിനാണയം സമ്മാനിച്ചു.

5.10.2009 തിങ്കളാഴ്ച വെളുപ്പിന് തമ്പുരാന്റെ വാസസ്ഥലത്തുവെച്ച്, ഗണപതി ഹോമവും വിഷ്ണുപൂജയും നടന്നു. എ.ആർ. രാമവർമ്മ മൂത്തകോയിത്തമ്പുരാനും ഭാര്യ രത്നം രാമവർമ്മയും വലിയ തമ്പു

രാനേയും പത്നി രുഗ്മിണിതമ്പു രാട്ടിയേയും പുഷ്പഹാരമണിയിച്ചു.

പ്രത്യേകം അലങ്കരിച്ച പീഠത്തിലിരുത്തിയ തമ്പുരാനെ ട്രസ്റ്റിന്റെ പ്രതിനിധി കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ പൂമാലയണിയിച്ചു. തുടർന്ന് എല്ലാവരും ചേർന്ന്, അവരുടെ മുമ്പിൽ അയ്യപ്പഭക്തിഗാനങ്ങളും കുത്തിയോട്ടപാട്ടും ആവശേത്തോടെ പാടി.

തമ്പുരാനേയും തമ്പുരാട്ടിയേയും മുത്തുകുടകളുമായി. വഞ്ചിപ്പാട്ടിന്റെ അകമ്പടിയോടെ, കൊട്ടാരത്തിലെ ഗണപതിയുടെ തിരുമുറ്റത്തേക്കാനയിച്ചു. ഗണപതിയെ വണങ്ങിയശേഷം ദമ്പതിമാരെ ഘോഷയാത്രയായി പാട്ടും പാടി കൊട്ടാരത്തിലെ നടപ്പുരയിലേക്കാനയിച്ചു, പ്രത്യേകം സജ്ജമാക്കിയ പീഠത്തിലാസനസ്ഥരാക്കി. രാമവർമ്മ മൂത്ത കോയിതമ്പുരാൻ, വലിയ തമ്പുരാനെ പൊന്നാടയണിയിച്ചു. വലിയ തമ്പുരാന്റെ സഹോദരി, അംബതമ്പുരാട്ടി (അമ്മു തമ്പുരാട്ടി)യും രത്നം രാമവർമ്മയും തമ്പുരാനും പത്നിക്കും ബൊക്കെ നൽകി. തുടർന്ന് വത്സലാ രവിവർമ്മ, വി.കെ. കേരളവർമ്മ (അപ്പുക്കുട്ടൻ) എന്നിവർ ഓരോ മംഗളപത്രം സമർപ്പിച്ചു.

തുടർന്ന് വലിയ തമ്പുരാൻ പി. രാമവർമ്മ രചിച്ച 'ശിഥില ചിന്തകൾ' എന്ന പുസ്തകത്തിന്റെ പ്രകാശനം നടന്നു. പുസ്തകത്തിന്റെ ഒരു പ്രതി, എ.ആർ. രാമവർമ്മ മൂത്ത കോയിത്തമ്പുരാൻ കൊടുങ്ങല്ലൂർ കുഞ്ഞുണ്ണി രാജയ്ക്ക് കൈമാറിക്കൊണ്ട് പ്രകാശനകർമ്മം നിർവ്വഹിച്ചു. ശിഥിലചിന്തകളിലെ 'സരസ്വതീസ്തുതി' എന്ന പദ്യം ക്ഷാത്രസന്ദേശം പത്രാധിപർ സദസ്യരെ ചൊല്ലി കേൾപ്പിച്ചു.

ചെമ്പ്രോൽ കൊട്ടാരത്തിൽ രാമഭദ്രൻ തമ്പുരാൻ വലിയ തമ്പുരാനെ പൊന്നാടയണിയിച്ചു. പി.ജി. ശശികുമാർ വർമ്മ, ഡോ. ആർ.പി. രാജ എന്നിവർ ഉപഹാരങ്ങൾ നല്കി വലിയ തമ്പുരാന്റെ അനുഗ്രഹം ഏറ്റുവാങ്ങി. നവതിയിൽ പങ്കെടുക്കാനെത്തിയവരും തമ്പുരാന്റെ അനുഗ്രഹം തേടിക്കൊണ്ടിരുന്നു. വിഭവസമൃദ്ധമായ സദ്യയോടെ നവതിയാഘോഷം സമംഗളം സമാപിച്ചു.

റിപ്പോർട്ട്: കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ

## തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭ

2009 ഒക്ടോബർ 4 ഞായറാഴ്ച പ്രിയദർശിനി ഓഡിറ്റോറിയത്തിൽ രാവിലെ 10 മണിക്ക് സഭാപ്രസിഡന്റ് ഡോ. അജയകുമാർ വർമ്മയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സഭാസെക്രട്ടറി സുഭാഷ് വർമ്മ റിപ്പോർട്ട് സമർപ്പിക്കുകയും ട്രഷറർ വി. മോഹൻകുമാർ വരവു ചെലവു കണക്കുകൾ അവതരിപ്പിക്കുകയും ചെയ്തു. തുടർന്ന് ഭാവി പ്രവർത്തന ചർച്ചകൾ നടത്തിയ ശേഷം 2009–2011 ലേക്കുള്ള ഭരണസമിതിയെ തിരഞ്ഞെടുത്തു.

### 2009–11ലെ പുതിയ ഭരണസമിതി

എം. രവിവർമ്മരാജ (പ്രസിഡന്റ്) എസ്. അജയകുമാർ വർമ്മ (വൈ. പ്രസിഡന്റ്), കെ. പ്രസാദ് വർമ്മ തമ്പുരാൻ (സെക്രട്ടറി) കെ. വിജിത് വർമ്മ (ജോ. സെക്രട്ടറി) നരേന്ദ്രവർമ്മ (ട്രഷറർ) രമേഷ് വർമ്മ (കലാസാംസ്കാരിക കൺവീനർ) എന്നിവർ ഔദ്യോഗിക ഭാരവാഹികളായുള്ള മുപ്പത്തിയൊന്നംഗ ഭരണസമിതിയെയും കേന്ദ്രകമ്മിറ്റിയിലേക്ക് വൈസ് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ കൂടാതെ കെ.എൽ. ശ്രീകൃഷ്ണദാസിനേയും യോഗം തിരഞ്ഞെടുത്തു.

### ഓണാഘോഷം – 2009

തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ 2009–ലെ ഓണാഘോഷം ഒക്ടോബർ 4 ഞായറാഴ്ച വാർഷിക പൊതുയോഗത്തിനു ശേഷം രാവിലെ 11ന് പ്രസിഡന്റ് ശ്രീ. രവിവർമ്മരാജായുടെ അദ്ധ്യക്ഷതയിൽ കൂടി. പ്രശസ്ത സംഗീതജ്ഞനും കവിയും ചലച്ചിത്ര ഗാനരചയിതാവുമായ കൈതപ്രം ദാമോദരൻ നമ്പൂതിരി ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു. തുടർന്ന് പ്രൊഫ. ആർ. എസ്. വർമ്മജി മുഖ്യപ്രഭാഷണവും ശ്രീ. ഹരിസേന വർമ്മ ഐ.പി.എസ്. ആശംസാ പ്രസംഗവും നടത്തി. കലാസാംസ്കാരിക മത്സരങ്ങളിൽ വിജയിച്ചവർക്ക് മുഖ്യാതിഥി സമ്മാനദാനം നിർവ്വഹിച്ചു. ജോ. സെക്രട്ടറി വിജിത് വർമ്മ നന്ദി രേഖപ്പെടുത്തി. തുടർന്ന് സഭാംഗങ്ങൾ കാഴ്ചവെച്ച വിവിധ കലാപരിപാടികളും ഓണസദ്യയും ഉണ്ടായിരുന്നു.

### പ്രൊഫ. മാവേലിക്കര പ്രഭാകര വർമ്മയുടെ ഒന്നാം വാർഷിക അനുസ്മരണം

പ്രശസ്ത കർണ്ണാടക സംഗീതജ്ഞനും തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭയുടെ മുൻ പ്രസിഡന്റുമായ പ്രൊഫ. മാവേലിക്കര പ്രഭാകരവർമ്മയുടെ (പെപ്പയണ്ണൻ)ഒന്നാം ചരമ വാർഷികം സുന്ദരവിലാസം കൊട്ടാരത്തിൽ നവംബർ 8–ാം തീയതി ഞായറാഴ്ച 4 മണിക്ക് ആചരിച്ചു. പ്രസിഡന്റ് എം. രവിവർമ്മ രാജാ അദ്ധ്യക്ഷത വഹിച്ചു. കലാസാംസ്കാരിക കൺവീനർ രമേശ് വർമ്മ സ്വാഗതം ആശംസിച്ചു.

ഡോ. വി.എസ്. ശർമ മുഖ്യ അനുസ്മരണ പ്രഭാഷണം നടത്തി. സുഭാഷ്കുമാർ വർമ്മ, പി.ജി. ശശികുമാർ വർമ്മ, മേജർ ആർ.ആർ. വർമ്മ എന്നിവർ പ്രഭാകരവർമ്മയെ അനുസ്മരിച്ച് സംസാരിച്ചു.

സഭാ സെക്രട്ടറി കെ. പ്രസാദ വർമ്മ തമ്പുരാൻ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് സഭാംഗങ്ങൾ ചേർന്ന് നടത്തിയ സംഗീതാർച്ചനയും ഉണ്ടായിരുന്നു.

# സാംസ്കാരികം

## ഇരയിമ്മൻ തമ്പിയുടെ 227–ാം ജന്മദിനാഘോഷം

പ്രശസ്ത ആട്ടക്കഥാകൃത്തും കവിയും സംഗീതജ്ഞനുമായ ഇരയിമ്മൻ തമ്പിയുടെ 227–ാം ജന്മദിനാഘോഷപരിപാടികൾ ഒക്ടോബർ 18ന് ചേർത്തല ഗവ. ഗേൾസ് ഹൈസ്ക്കൂളിൽ അരങ്ങേറി. രാവിലെ 9.30ന് പുഷ്പാർച്ചനയോടെ ആരംഭിച്ച ആഘോഷപരിപാടിയിൽ ഇരയിമ്മൻ കൃതികളുടെ സംഗീതാവിഷ്കാരം, കഥകളി, സംഗീതം, തമ്പിയുടെ ആട്ടക്കഥകളെക്കുറിച്ച് പ്രശ്നോത്തരി, എന്നിവ മുഖ്യ ഇനങ്ങളായിരുന്നു. വൈകുന്നേരം 4.30ന് ട്രസ്റ്റ് ചെയർമാൻ സുരേന്ദ്രനാഥ് വർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സാംസ്കാരിക സമ്മേളനത്തിൽ

പ്രൊഫ. സുകുമാർ അഴീക്കോട് മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിച്ചു. കേരള കലാമണ്ഡലം മുൻ സെക്രട്ടറി ഇയ്യങ്കോട് ശ്രീധരൻ മുഖ്യ പ്രഭാഷണം നടത്തി. ആലപ്പുഴ ജില്ലാകളക്ടർ പി. വേണുഗോപാൽ സമ്മാനദാനം നിർവ്വഹിച്ചു. കെ.സി. വേണുഗോപാൽ എം.പി, ചേർത്തല എം.എൽ.എ, പി. തിലോത്തമൻ, ആകാശവാണി ഡയറക്ടർ കെ.എ. മുരളീധരൻ തുടങ്ങിയവർ ആശംസകൾ നേർന്നു. പ്രോഗ്രാം കമ്മറ്റി കൺവീനർ നാസർ പി.ടി. സ്വാഗതവും സെക്രട്ടറി രുഗ്മിണിഭായി തമ്പുരാട്ടി കൃതജ്ഞതയും പറഞ്ഞു. തുടർന്ന് കലാനിലയം രാജശേഖരനും സംഘവും അവതരിപ്പിച്ച നളചരിതം കഥകളിയും ഉണ്ടായിരുന്നു.

## അമ്പലപ്പുഴ രാമവർമ്മ ശതാഭിഷിക്തനായി

പ്രൊഫ. അമ്പലപ്പുഴ രാമവർമ്മയുടെ ശതാഭിഷേകം നവംബർ 24ന് വിപുലമായ പരിപാടികളോടെ ആഘോഷിച്ചു. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിനു സമീപം വൃന്ദാവൻ ടൂറിസ്റ്റ് ഹോം ആഡിറ്റോറിയത്തിൽ രാവിലെ 10ന് ബ്രഹ്മശ്രീ പുതുമന ശ്രീധരൻ നമ്പൂതിരി ഭദ്രദീപം തെളിയിച്ചതോടെ ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചു. നൂറുകണക്കിന് ശിഷ്യഗണങ്ങളും ബന്ധുക്കളും സുഹൃത്തുക്കളും സന്നിഹിതരായിരുന്ന സദസ്സിൽ സംസ്ഥാന സഹകരണവകുപ്പു മന്ത്രി ജി. സുധാകരൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ലാ ജഡ്ജി ടി. എസ്.പി. മൂസ്സത്, ജില്ലാകളക്ടർ പി. വേണുഗോപാൽ, കവി ചെമ്മനം ചാക്കോ, ആർ.എസ്. വർമ്മജി, കെ. എൽ. മോഹനവർമ്മ, കെ.എൻ. ജഗന്നാഥവർമ്മ, ചുനക്കര ജനാർദ്ദനൻനായർ, എം.ജി. ശശിഭൂഷൺ, പി. അരുൺകുമാർ, നെടുമുടി ഹരികുമാർ, ക്ഷാത്രസന്ദേശം മുഖ്യപത്രാധിപർ എം. രവിവർമ്മരാജ, കെ.എൽ. ശ്രീകൃഷ്ണദാസ്, ചെമ്പകവല്ലി തമ്പുരാട്ടി തുടങ്ങി മുപ്പതോളം പേർ ജന്മദിനാശംസകൾ അർപ്പിച്ചു. അമ്പലപ്പുഴ ഗോപകുമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെ.എൻ. സുരേന്ദ്രനാഥ്വർമ്മ സ്വാഗതവും രാജാശ്രീകുമാർ വർമ്മ നന്ദിയും പറഞ്ഞു. പ്രൊഫ. അമ്പലപ്പുഴ രാമവർമ്മയുടെ 'പ്രതിസ്പന്ദന' ത്തിൽ ആശംസകളർപ്പിച്ചവരോടും പിറന്നാളാഘോഷത്തിൽ പങ്കെടുക്കാൻ എത്തിയവരോടും അദ്ദേഹത്തിനുള്ള നന്ദിയും സന്തോഷവും പങ്കുവച്ചു. നേരത്തേ അമ്പലപ്പുഴ വിജയകുമാറും സംഘവും അവതരിപ്പിച്ച സോപാന സംഗീതം സദസ്യരെ ഭക്തിലഹരിയിൽ ആറാടിച്ചു. വിഭവസമൃദ്ധമായി പിറന്നാൾ സദ്യയോടെ പരിപാടികൾ സമാപിച്ചു.

## പുസ്തകപ്രകാശനവും ജന്മദിനാഘോഷവും

പ്രൊഫ. അമ്പലപ്പുഴ രാമവർമ്മയുടെ 84–ാം ജന്മദിനാഘോഷങ്ങളുടെ ഭാഗമായി കോട്ടയം പബ്ലിക് ലൈബ്രറിയും റീഡേഴ്സ് ഫോറവും സംയുക്തമായി സംഘടിപ്പിച്ച യോഗം ഡിസംബർ 10ന് ജസ്റ്റിസ് കെ.ടി. തോമസ് ഉദ്ഘാടനം ചെയ്തു. എബ്രഹാം ഇട്ടിച്ചെറിയ ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ വി.എൻ. വാസവൻ എം.എൽ.എ. മുഖ്യപ്രഭാഷണം നടത്തി. അമ്പലപ്പുഴ രാമവർമ്മ രചിച്ച 'ശ്ലോകമാധുരി' എന്ന പുസ്തകം പ്രശസ്ത കവി വിഷ്ണു നാരായണൻ നമ്പൂതിരി സി.ജി. രാജഗോപാലിന് നൽകി പ്രകാശനകർമ്മവും മാത്യു ഉലകംതറ പുസ്തകപരിചയകർമ്മവും നിർവഹിച്ചു. നാദസ്വരവിദ്വാൻ തിരുവിഴ ജയശങ്കർ ഗുരുവന്ദനവും, ഡോ. എഴുമറ്റൂർ രാജരാജവർമ്മ, കിളിരൂർ രാധാകൃഷ്ണൻ, ഡോ.വി.പി. വിശ്വനാഥൻ നമ്പൂതിരി, ചേരാവള്ളി ശശി, മാടവന ബാലകൃഷ്ണപിള്ള തുടങ്ങിയവർ ആശംസകളും അർപ്പിച്ചു.

# കുടുംബവിശേഷങ്ങൾ

ചിറക്കൽ കോവിലകം (കണ്ണൂർ) കുടുംബസംഗമം സെപ്റ്റംബർ 5–ാം തീയതി ശനിയാഴ്ച കടലായി ശ്രീകൃഷ്ണ ക്ഷേത്രത്തിന്നടുത്തുള്ള ശാരദാ കല്യാണമണ്ഡപത്തിൽ വെച്ചുനടന്നു. കുടുംബാംഗങ്ങളും, ബന്ധുക്കളും അടങ്ങിയ ഒരു നല്ല സദസ്സ് ഇതിന് സാക്ഷ്യം വഹിച്ചു.

## വിവാഹം

ചിറക്കൽ പടിഞ്ഞാറെ കോവിലകത്ത് 'ലക്ഷ്മീവിലാസ'ത്തിൽ ലതാവർമ്മയുടേയും, കൈപ്പട്ടൂർ വാക്കയിൽ കോയിക്കൽ ഡോ. അജയ്കുമാർ വർമ്മയുടേയും മകൾ പാർവ്വതീവർമ്മയും, നീലേശ്വരം തെക്കെ കോവിലകത്ത് ഉൽപലാക്ഷി തമ്പുരാട്ടിയുടെയും, കടന്നമണ്ണ കോവിലകത്ത് ഡോ. കെ.സി. കെ. രാജയുടെയും മകൻ ഡോ. വിജയകൃഷ്ണനും തമ്മിലുള്ള വിവാഹം 2009 സെപ്റ്റംബർ 6–ാം തീയതി ചിറക്കൽ കടലായി ശ്രീകൃഷ്ണ ക്ഷേത്രത്തിന് സമീപം ശാരദാകല്യാണമണ്ഡപത്തിൽ വച്ചു നടന്നു.

## ചരമം

### ജി. രാജരാജവർമ്മ



കിളിമാനൂർ കൊട്ടാരത്തിൽ ജി. രാജരാജവർമ്മ (85) 17/8/09 ന് ചിറക്കലിൽ നിര്യാതനായി. ചിറക്കൽ കിഴക്കേ കോവിലകത്തെ കമലം തമ്പുരാട്ടിയാണ് ഭാര്യ. ചിറക്കൽ രാജാസ് ഹൈസ്ക്കൂളിലെ റിട്ട. അദ്ധ്യാപകനാണ്.

മക്കൾ: കൃഷ്ണകുമാർ വർമ്മ (പോസ്റ്റ് മാസ്റ്റർ, ചെറുകുന്ന്) ദിവാകരവർമ്മ (സീനിയർ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്, കണ്ണൂർ), പ്രീതാവർമ്മ

മരുമക്കൾ: സുശീലാവർമ്മ (തിരുവല്ല പാലിയേക്കര കൊട്ടാരം) ലതാവർമ്മ (തിരുവണ്ണൂർ കോവിലകം) രമേഷ്കുമാർ (നെയ്തല്ലൂർ കോയിക്കൽ പന്തളം, സീനിയർ മാനേജർ, ന്യൂസ് ഇൻഫ്രാ, ഹൈദരാബാദ്)

### സി.കെ. ഭാനുവർമ്മ



ചിറക്കൽ കോവിലകത്ത് പുതിയ കൊട്ടാരത്തിൽ ഭാനുവർമ(69) കോഴിക്കോട്ട് അന്തരിച്ചു. സിൻഡിക്കേറ്റ് ബാങ്ക് ഉദ്യോഗസ്ഥനായിരു

ന്നു. ചിറക്കൽ കോവിലകത്ത് പരേതയായ മുത്തു തമ്പുരാട്ടിയുടെയും തിരുവല്ല പാലിയേക്കര കൊട്ടാരത്തിൽ പരേതനായ പി.ജി. കേരളവർമയുടെയും മകനാണ്. ഭാര്യ: രാധ തമ്പുരാട്ടി (തിരുവണ്ണൂർ കോവിലകം) മക്കൾ: ബീനാവർമ (സാമൂതിരി രാജാസ് ഹയർ സെക്കൻഡറി സ്കൂൾ കോഴിക്കോട്) രാഹുൽദേവ് വർമ (ടാറ്റ-എ.ഐ.ജി. കോഴിക്കോട്) മരുമകൻ: രാജീവ് (സാമൂതിരി രാജാസ് സെൻട്രൽ ദേവസ്വം കോഴിക്കോട്) സഹോദരങ്ങൾ: സി.കെ. ചന്ദ്രമതി തമ്പുരാട്ടി, സി.കെ. രവിവർമ.

**കടത്തനാട് കൃഷ്ണവർമരാജ**



വടകര: കവിയും പ്രഭാഷകനും പുറമേരി കടത്തനാട്ട് രാജാസ് ഹൈസ്ക്കൂൾ മാനേജരുമായ കടത്തനാട്ട് കൃഷ്ണവർമരാജ (71) ഇരിങ്ങണ്ണൂരിൽ അന്തരിച്ചു. ക്ഷത്രിയക്ഷേമസഭ കടത്തനാട് യൂണിറ്റ് സെക്രട്ടറി ആയിരുന്നു. പട്ടാമ്പി അക്കൂരത്ത് മനയിൽ നീലകണ്ഠൻ നമ്പൂതിരിയുടെയും കടത്തനാട്ട് പോർളാതിരി സ്വരൂപത്തിലെ ഇടവലത്ത് കോവിലകത്ത് മാധവി തമ്പുരാട്ടിയുടെയും മകനാണ്. കടത്തനാട്ട് രാജാസ് ഹൈസ്കൂൾ അധ്യാപകൻ, ഇരിങ്ങണ്ണൂർ മഹാ ശിവ ക്ഷേത്രക്കമ്മിറ്റി പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഭാര്യ: പാമ്പാളി സാവിത്രി കെട്ടിലമ്മ. മക്കൾ: സുധാവർമ്മ, സുപ്രിയാവർമ (രണ്ടുപേരും കടത്തനാട്ട് രാജാസ് ഹൈസ്കൂൾ അധ്യാപികമാർ) മരുമക്കൾ: പി. രാജേഷ് (എസ്.ബി.ഐ. തലശ്ശേരി) ജെ.എൻ. സത്യജിത്ത് (റാസൽ ഖൈമ), സഹോദരൻ: പരേതനായ ഇ.കെ. രവിവർമരാജ.

**രാജമ്മത്തമ്പാട്ടി**

തിരു: വെണ്ണിക്കുളം താഴത്തുകോവിലകത്തു പരേതനായ ടി.എൻ. രാജരാജവർമയുടെ ഭാര്യ ചേപ്പാട് ചെറുവേലിൽ കോവിലകത്ത് എ. രാജമ്മത്തമ്പാട്ടി (83) തിരുവനന്തപുരത്തു നിര്യാത യായി. മക്കൾ: ജ്യോ



തിർമയി ദേവി (നാഷണനൽ കോളേജ്, മുംബൈ), പ്രൊഫ. സുധർമയി ദേവി (കാർഷികകോളേജ്, വെള്ളായണി), ലഫ്. കേണൽ സതീഷ്ചന്ദ്ര വർമ. മരുമക്കൾ: കമാൻഡർ എൻ. പി.വി. തമ്പാൻ, ആർ. രാജരാജ വർമ (ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്) മായാവർമ (കേന്ദ്രീയ വിദ്യാലയം, കൊൽക്കത്ത).

**പന്തളം രാജകുടുംബാംഗം രാജലക്ഷ്മി തമ്പുരാട്ടി**



തിരു:പന്തളം രാജകുടുംബാംഗം രാജലക്ഷ്മി തമ്പുരാട്ടി (83) തിരുവനന്തപുരം മണക്കാട് സാകേതത്തിൽ അന്തരിച്ചു. ഭർത്താവ് ഹരിപ്പാട് അനന്തപുരം കൊട്ടാരത്തിൽ പരേതനായ രാജരാജവർമ്മ (റിട്ട. ഇൻകംടാക്സ്) മക്കൾ: രുഗ്മിണിവർമ, സ്നേഹലതാവർമ്മ, പ്രദീപ് വർമ്മ (മിൽമ) സുഷമവർമ. മരുമക്കൾ: പരേതനായ ഡോ. എ.ആർ. ഗോദവർമ്മ, ഡോ. സുകുമാരവർമ്മ (റിട്ട. അസോസിയേറ്റ് ഡീൻ, കാർഷിക സർവകലാശാല, തൃശ്ശൂർ), ലളിതാവർമ (എസ്.ബി.ടി. തിരുമൂലപുരം) മോഹനൻ തമ്പുരാൻ (തൃപ്പൂണിത്തുറ). സഹോദരങ്ങൾ: പരേതനായ സി. രാമവർമ, കഥകളി നടൻ കലാമണ്ഡലം കേരളവർമ, പി. ആർ. രാജരാജവർമ്മ, മംഗലത്തമ്പുരാട്ടി.

**വിജയവർമ**

വൈക്കം വഴുതനക്കാട്ടുകോയിക്കൽ (വടക്കുംകൂർ) വിജയവർമ നവംബർ 14ന് നിര്യാതനായി. ഭാര്യ തൃപ്പൂണിത്തുറ മംഗളമഠത്തിൽ ചന്ദികതമ്പുരാട്ടി. മക്കൾ: വിദ്യ, രമ്യ.

**ജയദേവിതമ്പുരാട്ടി**

തൃപ്പൂണിത്തുറ: പാലസ് നമ്പർ 4-ൽ ജയദേവി തമ്പുരാട്ടി (64) നവംബർ 12ന് നിര്യാതയായി. ഭർത്താവ് എറണ്ണൂർ മനയിൽ കൃഷ്ണൻ നമ്പൂതിരി. മക്കൾ: ശിവപ്രസാദ്, ഹരിപ്രസാദ്, രവി പ്രസാദ്.

**കൊച്ചനിയൻ തിരുമുൽപ്പാട്**

വൈക്കത്ത് അംബികാനിവാസിൽ കൊച്ചനിയൻ തിരുമുൽപ്പാട് (92) നിര്യാതനായി. ഭാര്യ: വൈക്കത്ത് അറവാതുക്കൽ കോവിലകത്ത് അംബികക്കുട്ടി തമ്പുരാട്ടി.

**ഉണ്ണിക്കൃഷ്ണൻ തിരുമുൽപ്പാട്**

എടവണ്ണപ്പാറ (മലപ്പുറം) ഉണ്ണിക്കൃഷ്ണൻ തിരുമുൽപ്പാട് (64 റിട്ട. ഇൻഡ്യൻ ആർമി) നിര്യാതനായി. മക്കൾ: സുനിൽകുമാർ, റാണി ലക്ഷ്മിബായി.

**സത്യഭാമക്കുഞ്ഞമ്മ**

പാലിയത്ത് സത്യഭാമക്കുഞ്ഞമ്മ (76) നിര്യാതയായി. ഭർത്താവ്: തൃപ്പൂണിത്തുറ കോവിലകത്ത് രാമവർമ്മ കൊച്ചുണ്ണിതമ്പുരാൻ. മക്കൾ: വാണി, വിദ്യ, വരദ.

**മള്ളുക്കുട്ടി കോവിലമ്മ**

മള്ളുക്കുട്ടി കോവിലമ്മ (85) കോഴിക്കോട്ട് നിര്യാതയായി. ഭർത്താവ് മാങ്കാവ് കോവിലകത്ത് പി. സി.വി. രാജ. മക്കൾ: ഡോ. ബാലചന്ദ്രൻ, വേണുഗോപാൽ ഉണ്ണി, ആശാലത, ഉണ്ണിക്കൃഷ്ണൻ.

**നന്ദിനി തമ്പുരാട്ടി**

കൊച്ചി രാജകുടുംബാംഗം നന്ദിനി തമ്പുരാട്ടി (92) നിര്യാതയായി. ഭർത്താവ്: പരേതനായ കാണിപ്പയ്യൂർ പരമേശ്വരൻ നമ്പൂതിരിപ്പാട്. മക്കൾ: രാമവർമ്മ അപ്പൻ തമ്പുരാൻ, കേരളവർമ്മ തിലകൻ തമ്പുരാൻ, ഡോ. ഇന്ദിര തമ്പുരാൻ, രവിവർമ്മ രവീന്ദ്രൻ തമ്പുരാൻ, അഡ്വ. രാമവർമ്മ രഘുനന്ദൻ തമ്പുരാൻ.

**എം.കെ. ഉദയവർമ്മ**

ചെങ്ങന്നൂർ മംഗലപ്പള്ളിൽ എം. കെ. ഉദയവർമ്മ (81) നിര്യാതനായി. ഭാര്യ: ഗ്രാമത്തിൽ കൊട്ടാരത്തിൽ ശ്രീകുമാരി തമ്പുരാട്ടി. മക്കൾ: ശ്രീദേവി വിജയൻ (ബാംഗ്ലൂർ), ശ്രീകാന്ത് (രവിവർമ്മ)



# വൈവാഹികം



താഴെ കൊടുത്തിരിക്കുന്ന ബോക്സ് നമ്പരുകളിലേക്ക് ക്ഷത്രിയ യുവതി/യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നും ജാതകക്കുറിപ്പ് സഹിതം വിവാഹാലോചനകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ വിശദമായ ബയോഡേറ്റയും ജാതകക്കുറിപ്പും സഹിതം **പത്രാധിപർ, 'ക്ഷാത്രസന്ദേശം' സുന്ദരവിലാസം പാലസ്സ്, കോട്ടയ്ക്കകം, തിരുവനന്തപുരം-695023 (ഫോൺ - 2467845)** എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഒന്നിൽ കൂടുതൽ ബോക്സ് നമ്പരുകളിലേക്ക് കത്തയക്കുന്നവർ ബയോഡേറ്റയുടെയും ജാതകക്കുറിപ്പിന്റെയും ആവശ്യമുള്ളത്ര കോപ്പികൾ അയച്ചിരിക്കണം.

## വരനെ ആവശ്യമുണ്ട്

### BOX No. 403

സാമന്ത ക്ഷത്രിയ യുവതി 24 വയസ്സ്. 2-5-1985 (1160 മേടം19) ഉത്രം നക്ഷത്രം. MSc. B.Ed. Physics. രണ്ട് സഹോദരിമാർ (വിവാഹിതർ) അനുയോജ്യരായ ക്ഷത്രിയ/സാമന്ത യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നും ജാതകക്കുറിപ്പ് സഹിതം ആലോചനകൾ ക്ഷണിക്കുന്നു. ബോക്സ് നം. 403. ഫോൺ: 04602-258191.

| | | | |
|---|---|---|---|
| ബു ശു | ര സ | ല കു | മാ |
| ഗു | ഗ്രഹനില | | - |
| - | | | - |
| - | മ | ശി | ച |

### BOX No. 404

ക്ഷത്രിയ യുവതി, എം.എസ്.സി. 22 വയസ്സ്. 157 സെ.മീ മകയിരം നക്ഷത്രം.

| | | | |
|---|---|---|---|
| സ | ഗു | ച ശു | ര കു ബു |
| - | ഗ്രഹനില | | - |
| - | | | ല മാ |
| - | മ | - | ശി |

| | | | |
|---|---|---|---|
| - | ല ബു ഗു | ശി | കു മാ |
| - | നവാംശകം | | - |
| മ | | | ശു |
| ര | സ | - | ച |

ശിഷ്ടദശ 4വർഷം 7മാസം 20 ദിവസം കുജ ദശ

### BOX No. 405

ക്ഷത്രിയ യുവതി, MSc. (ഫലം കാത്തിരിക്കുന്നു) 23 വയസ്സ്. 158 സെ.മീ വിശാഖം നക്ഷത്രം.

| | | | |
|---|---|---|---|
| ര മാ | സ ശു | - | ല |
| ബു ഗു | ഗ്രഹനില | | - |
| - | | | - |
| കു | മ | ച ശി | - |

ശിഷ്ടദശ 6 വർഷം 5 മാസം 26 ദിവസം വരെ വ്യാഴ ദശ

### BOX No. 407

ക്ഷത്രിയ യുവതി 23 വയസ്സ് (18-03-1986) മകയിരം നക്ഷത്രം.165 സെ.മീ., എൻജിനീയറിംഗ് ഡിഗ്രി, സോഫ്റ്റ്വെയർ എൻജിനീയർ. അനുയോജ്യമായ വിവാഹാലോചന ക്ഷണിച്ചുകൊള്ളുന്നു.

| | | | |
|---|---|---|---|
| ശു ര ബു | ല സ | ച | മാ |
| ഗു | ഗ്രഹനില | | - |
| - | | | - |
| കു | മ | ശി | - |

ഗർഭശിഷ്ടം 4 വയസ്സ് 10 മാസം, 15 ദിവസം, ചൊവ്വായുടെ ദശാകാലം

### BOX No. 408

Kshatriya girl 23 Yrs. (1-3-1986) Visakhom Nakshathram 160 cm. White Complexion MBBS final year. Prefer MBBS Doctors or well-employed professionals. Please respond to Box. No. 408

| | | | |
|---|---|---|---|
| ബു | സ | - | - |
| ര ഗു ശു | ഗ്രഹനില | | - |
| - | | | - |
| - | കു മ മാ | ല ച ശി | - |

| | | | |
|---|---|---|---|
| ര | ല | ച | ശു സ |
| - | അംശകം | | - |
| കു | | | ബു |
| ഗു ശി | മ | മാ | - |

ഗർഭശിഷ്ടദശ 11 വർഷം 7 മാസം 27 ദിവസം ഗുരോഃ ശിഷ്ടദശ

### BOX No. 411

Kshatriya girl 25 Yrs. (21-10-1984 - 1160 Thulam5) Pooram Nakshathram. M. Arch (Masters degree in Architecture) please respond to Box. No. 411with biodata & horoscope

| | | | |
|---|---|---|---|
| ല മാ | - | സ | - |
| - | ഗ്രഹനില | | - |
| - | | | ച |
| കു ഗു | ശു ശി | ര ബു മ | - |

| | | | |
|---|---|---|---|
| മ | - | - | - |
| സ | അംശകം | | - |
| ബു | | | ല ഗു ശി |
| - | ര | ച | കു ശു |

7 വയസ്സും 9 മാസവും 24 ദിവസവും നക്ഷത്രപക്ഷ ഗർഭശിഷ്ട ശുക്രദശ

## BOX No. 412

ക്ഷത്രിയ യുവതി 23 വയസ്സ്. (16-10-1986 1162, കന്നി 30) ഉത്തൃട്ടാതി നക്ഷത്രം 154cm. 50 Kg. Wt. M.Sc. Bio-Technology. ഒരു സഹോദരി പഠിക്കുന്നു. അനുയോജ്യരായ ക്ഷത്രിയ യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നു ജാതകക്കുറിപ്പ് സഹിതം ആലോചനകൾ ക്ഷണിക്കുന്നു.

| | | | | | |
|---|---|---|---|---|---|
| | | കുബുഗു | | ശു | |
| സ | ച<br>സ | - | - | - | |
| മാ | ല<br>ഗു | ഗ്രഹനില | | - | |
| | കു | | | | |
| | - | മ<br>മാ | ബു<br>ശു | ര ശി | ര<br>ശി |
| | | | ല ച മ | | |

## BOX No. 413

Kshatriya girl 23Yrs. (18.1.1987) Makom Nakshathram 155cm. B.Sc. Physics Officer in a reputed financial institution. Proposals alongwith biodata and horoscope invited from parents of suitable Kshatriya Boys. Box No. 413

| | | | |
|---|---|---|---|
| കു<br>സ | ല | - | - |
| ഗു മാ | ഗ്രഹനില | | - |
| ര ബു | | | ച |
| - | മ ശു | - | ശി |

| | | | |
|---|---|---|---|
| ബു | - | ല | ച ഗു |
| ര മ | അംശകം | | ശി |
| സ | | | - |
| ശു | - | കു<br>മാ | - |

ഗർഭശിഷ്ട കേതു ദശ 2 വർഷം 7 മാസം 18 ദിവസം 9 നാഴിക

## BOX No. 414

Kshatriya girl (27-12-1987) Uthrattathi Star, 158 cm, B. Tech, working in a leading software company. Proposals invited from parents of eligible kshathriya/samantha boys. Box No. 414. Phone. 0495-2331539, Mob. 9447904846.

| | | | |
|---|---|---|---|
| ച<br>ഗുസ | - | - | - |
| - | ഗ്രഹനില | | - |
| ശു | | | - |
| ര<br>ബു മ | - | ല കു | ശി മാ |

| | | | |
|---|---|---|---|
| - | ശു മ | - | കു |
| ഗു<br>ശി മാ | അംശകം | | ര<br>ബു |
| - | | | ച<br>സ |
| - | ല | - | - |

ശിഷ്ടദശ 18 വർഷം 5 മാസം 12 ദിവസം ശനി ദശ

## BOX No. 415

ക്ഷത്രിയ യുവതി 23 വയസ്സ്. മൂലം നക്ഷത്രം. 159സെ. മീ. ഫിസിയോതെറാപ്പിസ്റ്റ്, അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചന ക്ഷണിയ്ക്കുന്നു. ബോക്സ് നം. 415 ഫോൺ : 9495974506

| | | | |
|---|---|---|---|
| - | സ | - | - |
| - | ഗ്രഹനില | | - |
| ഗു | | | - |
| ച | ബു മ | ര ശു<br>ശി ല | കു<br>മാ |

| | | | |
|---|---|---|---|
| മാ | ച ല | ഗു | ര കു |
| ശി | അംശകം | | - |
| ബു<br>ശു | | | മ സ |
| - | - | - | - |

ജന്മ ശിഷ്ടദശ = ശിഖി 5 വർഷം, 5 മാസം, 18 ദിവസം

# വധുവിനെ ആവശ്യമുണ്ട്

## BOX No. 400

ക്ഷത്രിയ യുവാവ് 31 വയസ്സ് 4-8-1978 (1153 കർക്കിടകം 19) ആയില്യം നക്ഷത്രം. B.Com + Computer 165 c.m. ഉയരം. സ്വകാര്യ സ്ഥാപനത്തിൽ ആഫീസ് അസിസ്റ്റന്റ് ആയി ജോലി. അനുയോജ്യരായ ക്ഷത്രിയ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.ബോക്സ് നം. 400

| | | | |
|---|---|---|---|
| ശി | - | - | ഗു<br>മാ |
| - | ഗ്രഹനില | | ല ര<br>ച |
| - | | | ബു<br>മ |
| - | - | - | ശു കു<br>സ |

ജന്മ ശിഷ്ടം = ബുധദശ 16 വർഷം

## BOX No. 401

ക്ഷത്രിയ യുവാവ് 30 വയസ്സ് (27-8-1979) ചിത്തിര നക്ഷത്രം 2-ാം പാദം. 165 സെ.മീ. മാർക്കറ്റിംഗ് മാനേജർ (മെഡിക്കൽ) ബി. കോം, ബന്ധപ്പെടുക. 9495314006, 9633501282

| | | | |
|---|---|---|---|
| - | - | - | കു |
| ശി | ഗ്രഹനില | | ബു<br>ഗു |
| - | | | ര സ<br>ശു മ |
| മാ | ല | - | ച |

| | | | |
|---|---|---|---|
| കു<br>ഗു | - | - | ര |
| ബു<br>ശി | ഗ്രഹനില | | ശു |
| - | | | ല<br>സ |
| - | - | മ | ച<br>മാ |

ശിഷ്ടദശ 3 വർഷം 8 മാസം 20 ദിവസം

## BOX No. 402

സാമന്ത ക്ഷത്രിയ യുവാവ് 32 വയസ്സ് (24-9-1977) അവിട്ടം നക്ഷത്രം. BSC. B.Ed. (Maths) കണ്ണൂരിൽ എയ്ഡഡ് സ്കൂളിൽ അദ്ധ്യാപകൻ. ഇടത്തരം കുടുംബം. ഒരു സഹോദരൻ, ഒരു സഹോദരി (വിവാഹിത). അനുയോജ്യരായ ക്ഷത്രിയ/സാമന്ത ക്ഷത്രിയ യുവതികളുടെ രക്ഷകർത്താക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ബോക്സ് നം. 402.

| | | | |
|---|---|---|---|
| ല ശി | - | - | കു ഗു മാ |
| ച | ഗ്രഹനില | | - |
| - | | | ബു ശു ശ |
| - | - | - | ര സ |

| | | | |
|---|---|---|---|
| ര | കു ശ | - | ശു |
| - | അംശകം | | സ |
| ല ഗു ശി | | | - |
| മാ | ച | ബു | - |

നക്ഷത്ര ദശ ജനനം മുതൽ 6 മാസം 20 ദിവസം വരെ കുജദശ

## BOX No. 406

ക്ഷത്രിയ യുവാവ് 27 വയസ്സ് (പൂയം) 11-10-1982. എൻജനീയറിംഗ് ഡിഗ്രി സേഫ്റ്റി എൻജിനീയർ വിദേശം അനുയോജ്യമായ വിവാഹാലോചന ക്ഷണിച്ചുക്ഷണിക്കുന്നു.ബോക്സ് നം. 406.

| | | | |
|---|---|---|---|
| - | - | മാ | സ |
| - | ഗ്രഹനില | | ല ച |
| - | | | - |
| ശി | കു | ഗു മ | ര ബു ശു |

ജനനാൽപ്പരം 16 വയസ്സും 3 മാസവും 1 ദിവസവും വരെ ശനിയുടെ ദശാകാലം ആകുന്നു.

## BOX No. 409

Kshatriya Youth 27 Yrs. (29-5-1982) Makom Star. 169 cm. M.Tech. (Computer science - I.I.T. Kanpur) Software Engineer. Working in Hyderabad monthly salary Rs. 1,00,000/- Prefer employed professionals/ Technically qualified from reputed institution. Box. No. 409.

| | | | |
|---|---|---|---|
| - | ശു | ര ബു മാ | സ |
| - | ഗ്രഹനില | | - |
| - | | | ല ച |
| ശി | - | ഗു | കു മ |

| | | | |
|---|---|---|---|
| കു | സ | ര ശു | ല ബു ച |
| - | അംശകം | | മ |
| - | | | മാ |
| ഗു | - | ശി | - |

3 വർഷം 04 മാസം 22 ദിവസം കേതു ദശ

## BOX No. 410

Kshatriya Youth 29 Yrs. (1-11-1980 -1156 തുലാം 26) Moolam Star 168 cm. B.com, doing MBA. Asst. Sales Manager in a reputed Insurance Company only one sister (married) Requirements: Fair good looking Kshatriya girl, Minimom degree, between 21-25 Yrs. Please respond to Box. No. 410.

| | | | |
|---|---|---|---|
| - | - | മാ | ല ഗ്നം |
| - | ഗ്രഹനില | | സ |
| ശി | | | - |
| ച | കു | ര ബു | ഗു ശു മ |

| | | | |
|---|---|---|---|
| കു ഗു മാ | മ | ര | ച |
| - | അംശകം | | ശു ശി |
| ലഗ്നം ബുസ | | | - |
| - | - | - | - |

ശിഷ്ട ദശ: 2 വർഷം 2 മാസം 17 ദിവസം തികയുന്ന 1983 ജനുവരി 28 വരെ ഗർഭശിഷ്ട കേതു ദശയാകുന്നു.

## BOX No. 416

ക്ഷത്രിയ യുവാവ് (സാമന്ത) 40 വയസ്സ് (11-3-1970- 1145 കുംഭം 27) അശ്വതി നക്ഷത്രം. 165 സെ.മീ ആയുർവേദ കമ്പനിയിൽ മെഡിക്കൽ റെപ്രസന്റേറീവ് മലപ്പുറം ജില്ല. ബോക്സ് നം. 416.

| | | | | | |
|---|---|---|---|---|---|
| | സ | | | | |
| | ശു | ല ച കു മ | മാ | - | ര കു |
| ബു | ര ബു സ | ഗ്രഹനില | | - | ച മ |
| ഗു | - | | | ശി | |
| ല | - | - | ഗു | - | ശു ശി മാ |

ഗർഭശിഷ്ടദശ 2 മാസം 18 ദി 45 നാഴിക

## BOX No. 417

ക്ഷത്രിയ യുവാവ് 30 വയസ്സ്. (20-11-1979) അനിഴം നക്ഷത്രം.179 സെ.മീ. B.Com, C.A. Inter. ചെന്നൈയിൽ ബഹുരാഷ്ട്രകമ്പനിയിൽ സീനിയർ ഫൈനാൻഷ്യൽ അനലിസ്റ്റ്. അനുയോജ്യരായ ക്ഷത്രിയ യുവതികളുടെ രക്ഷകർത്താക്കൾ ബന്ധപ്പെടുക ബോക്സ് നം. 417. ഫോ: 04931-220742/9895043979.

| | | | |
|---|---|---|---|
| - | - | ല മാ | - |
| ശി | ഗ്രഹനില | | - |
| - | | | ഗു കു സ |
| - | ര ബു ശു ച | - | മ |

ജനനശിഷ്ടം ശനിദശ 3 വയസ്സ് 2 മാസം



Back Inner

# വിവാഹ മംഗളാശംസകൾ



ചേർത്തല തിരുവിഴയിൽ കാട്ടിൽകോവിലകത്ത് ഹരികൃഷ്ണവർമ്മയുടെയും തിരുനല്ലൂർ പരിമണത്തുകോവിലകത്ത് മായാദേവിയുടെയും പുത്രി **അപർണ്ണ എച്ച്. വർമ്മ**യും കടത്തനാട് പുറമേരി എടവലത്തുകോവിലകത്ത് ചന്ദ്രശേഖരൻ തമ്പുരാന്റെയും മേലാറ്റൂർ ആയിരനാഴികോവിലകത്ത് തങ്കമണി തമ്പുരാട്ടിയുടെയും പുത്രൻ **എ.സി. മഹേഷും** തമ്മിലുള്ള വിവാഹം 2009 ആഗസ്റ്റ് 30ന് വധൂഗൃഹമായ കാട്ടിൽകോവിലകത്തു വച്ചു നടന്നു.



പന്തളം മുണ്ടയ്ക്കൽ കൊട്ടാരത്തിൽ പി. രാഘവവർമ്മയുടെയും വെള്ളാരപ്പള്ളി കോയിക്കൽ മഠത്തിൽ അംബികയുടെയും മകൾ **ശ്രുതിവർമ്മ**യും കിളിമാനൂർ കൊട്ടാരത്തിൽ അന്തരിച്ച കെ. കേരള വർമ്മയുടെയും ചാഴൂർ കോവിലകത്ത് രാധാവർമ്മയുടെയും മകൻ **കേരളവർമ്മ** (അനിയൻ)യും തമ്മിലുള്ള വിവാഹം പന്തളത്ത് രാജസോമകല്യാണമണ്ഡപത്തിൽ വച്ച് 1-11-2009ന് സമംഗളം നടന്നു.

*വധൂവരന്മാർക്ക് ക്ഷത്രിയക്ഷേമസഭയുടെ മംഗളാശംസകൾ*